بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ      نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ      وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

വാല്യം 9

ലക്കം 23

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadr.in

2024 ജൂൺ 06/ ഹി.ശം 1403 ഇഹ്സാൻ 06/1445 ദുൽഖഅദ് 28


## അല്ലാഹുവിന്റെ വചനം

اِنَّ اللّٰہَ لَہٗ مُلۡکُ السَّمٰوٰتِ وَ الۡاَرۡضِ ؕ یُحۡیٖ وَ یُمِیۡتُ ؕ وَ مَا لَکُمۡ مِّنۡ دُوۡنِ اللّٰہِ مِنۡ وَّلِیٍّ وَّ لَا نَصِیۡرٍ ﴿۱۱۶﴾

തീർച്ചയായും ആകാശങ്ങളുടേയും ഭൂമിയുടേയും ആധിപത്യം അല്ലാഹുവിനുള്ളതാണ്. അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. അല്ലാഹുവല്ലാതെ നിങ്ങൾക്ക് ഒരു മിത്രമോ സഹായകനോ ഇല്ല.
(വിശുദ്ധ ഖുർആൻ 9:116)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്വ്‌രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽ മുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലുമുണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ.

## തിരുനബിയുടെ തിരുമൊഴികൾ

(2576)ഹദ്റത്ത് അനസ്(റ)നിവേദനം. ഒരിക്കൽ നബി(സ)തിരുമേനിയുടെ അടുത്തു കുറച്ചു മാംസം കൊണ്ടുവരപ്പെട്ടു. അതു ബരീറയ്ക്ക് ദാനമായി ലഭിച്ചതാണെന്ന് പറയപ്പെട്ടു. നബി(സ)തിരുമേനി പറഞ്ഞു:അവൾക്കത് ദാനമായി ലഭിച്ചതാണെങ്കിൽ നമുക്കിപ്പോൾ സമ്മാനമായി മാറിയിരിക്കുന്നു.(ബുഖാരി വാല്യം 4, കിതാബുൽഹിബ)

ഹദ്റത്ത് സയ്യിദ് സയ്നുൽആബ്ദീൻ വലിയുല്ലാഹ് ശാഹ് സാഹിബ്(റ)പറയുന്നു: സ്വഹാബാക്കളുടെ കർമങ്ങളിൽനിന്ന് പ്രകടമാകുന്നത് എല്ലാ ബന്ധങ്ങളും സാഹോദര്യത്തിന്റേയും സമഭാവനയുടേയും മാലയിൽ കൊരുക്കപ്പെട്ടിരിക്കുന്നതും പരസ്പരം കൃത്രിമത്വം ഇല്ലാത്തതുമായിരുന്നുവെന്നാണ്. വംശവും വർണവും കുലവും ദേശവും തൊഴിലും ദേശീയതയുടെ വ്യത്യാസവുമൊന്നും അവരുടെ ഇടയിൽ തടസ്സമായിരുന്നില്ല. ഉപര്യുക്ത ബാബിലുള്ള 6 ഹദീഥുകളിൽനിന്ന് ഇസ്‌ലാമിക സമഭാവനയുടെഅവസ്ഥ തികച്ചും വ്യക്തമാകുന്നുണ്ട്. ഇതിന്റെ ഒരു സ്വാധീനം ഇസ്‌ലാമിക സമൂഹത്തിൽ ഇപ്പോഴും ബാക്കിയായിട്ടുണ്ട്. ഇതുകൂടാതെ മുസ്‌ലിമീങ്ങളുടെ താമസം അന്യരാജ്യങ്ങളിലാവട്ടെ, അല്ലെങ്കിൽ അവരുടെ ജന്മനാട്ടിലാവട്ടെ കടന്നുപോയ കാലംമുതൽ പരിവർത്തരും അന്യജനതകളുടെ സംസ്കാരത്തിൽ ആകർഷിതരുമായിരുന്നിട്ടും ഇസ്‌ലാമികാധ്യാപനത്തിന്റേയും നബിതിരുമേനിയുടെ മാതൃകയുടേയും നല്ല സ്വാധീനം അവരിൽ ഏറ്റിറക്കത്തോടെ ഇന്നും കണ്ടുവരുന്നുണ്ട്.

**നാം സ്നേഹിക്കണമെന്നും നമ്മുടെ ദുആകൾ വിനയത്തോടും ജ്വലനത്തോടുംകൂടി ആകാശത്തിൽ പോകണമെന്നും ആരെങ്കിലും ആഗ്രഹിക്കുകയാണെങ്കിൽ, താൻ ദീനീ സേവകനാകാൻ കഴിവുള്ളവനാണെന്ന് അയാൾ നമുക്ക് ഉറപ്പുതരണം.**

# സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

### ഏകാന്ത വാസം.

ഹദ്റത്ത് മസീഹ് മൗഊദ്(അ)വളരെ ഏകാന്തത ഇഷ്ടപ്പെട്ടിരുന്നു. ഇതുസംബന്ധമായി പറഞ്ഞു:ഏകാന്തത, തുറന്നസ്ഥലം ഇവയിൽ ഇഷ്ടപ്പെടുന്നത് സ്വീകരിക്കാൻ അല്ലാഹു എനിക്ക് അധികാരം തരുമായിരുന്നെങ്കിൽ ഞാൻ ഏകാന്തത സ്വീകരിക്കുമായിരുന്നു. എന്നെ ബലാൽക്കാരമായി വലിച്ച് പ്രവർത്തനരംഗത്തു കൊണ്ടുവന്നത് അവനാണ്. ഏതൊരു ആനന്ദമാണോ എനിക്ക് ഏകാന്തതയിൽ കിട്ടുന്നത് അത് അല്ലാഹുവല്ലാതെ മറ്റാരാണ് അറിയുന്നത്. ഞാൻ ഏദേശം 25 വർഷംവരെ ഏകാന്തതയിലിരുന്നു. പ്രസിദ്ധിയുടെ സിംഹാസനത്തിൽ ഇരിക്കണമെന്ന് ഒരിക്കൽപോലും ഞാനാഗ്രഹിച്ചിട്ടില്ല. ആളുകളുമായി കൂടിച്ചേർന്നിരിക്കുന്നത് എനിക്ക് സ്വാഭാവികമായി വെറുപ്പാണ്. പക്ഷേ, കല്പിക്കുന്നവന്റെ കല്പനയാൽ നിർബന്ധിതനാകുന്നു. പറഞ്ഞു: ഞാൻ വെളിയിലിരിക്കുന്നു. അല്ലെങ്കിൽ സവാരിക്കു പോകുന്നു. ആളുകളുമായി സംസാരിക്കുന്നു. ഇതെല്ലാം അല്ലാഹുവിന്റെ കല്പന പാലിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ്.

### ദീനീസേവകൻതന്നെയാണ് നമ്മുടെ ദുആകൾക്ക് അർഹൻ

ദൈവിക സഹായത്തിൽ ആരെങ്കിലും തൂലികയെടുക്കുകയാണെങ്കിൽ അല്ലെങ്കിൽ പരിശ്രമിക്കുകയാണെങ്കിൽ ഹുദൂർ അതിനെ വളരെ വിലമതിക്കുമായിരുന്നു. ഇതുസംബന്ധമായി പറഞ്ഞു:

ദീനിനെ സഹായിക്കുന്നതിനുവേണ്ടി ആരെങ്കിലും ഒരു വാക്ക് എടുത്ത് നമുക്കുതരികയാണെങ്കിൽ നമുക്കത് മുത്തുകളുടേയും അശ്റഫികളുടേയും സഞ്ചിയെക്കാൾ കൂടുതൽ വിലമതിപ്പുള്ളതായി തോന്നുന്നു. നാം സ്നേഹിക്കണമെന്നും നമ്മുടെ ദുആകൾ വിനയത്തോടും ജ്വലനത്തോടുംകൂടി ആകാശത്തിൽ പോകണമെന്നും ആരെങ്കിലും ആഗ്രഹിക്കുകയാണെങ്കിൽ, താൻ ദീനീ സേവകനാകാൻ കഴിവുള്ളവനാണെന്ന് അയാൾ നമുക്ക് ഉറപ്പുതരണം. പലപ്പോഴും സത്യം ചെയ്ത് പറഞ്ഞിട്ടുള്ളതാണ് നാം ഓരോവസ്തുവിനേയും സ്നേഹിക്കുന്നത് അല്ലാഹുവിനുവേണ്ടി മാത്രമാണ്. ഭാര്യയോടാണെങ്കിലും കുട്ടികളോടാണെങ്കിലും സ്നേഹിതന്മാരോടാണെങ്കിലും എല്ലാവരോടും നമ്മുടെ ബന്ധം അല്ലാഹുവിനു വേണ്ടിയാണ്.

### സുഹൃത്ബന്ധത്തിന്റെ ഉടമ്പടിയുടെ പരിഗണന

ആരാണോ ഒരു തവണ ഞാനുമായി സുഹൃത്ബന്ധത്തിന്റെ ഉടമ്പടി ചെയ്യുന്നത് എനിക്ക് ആ ഉടമ്പടിയുടെ പരിഗണന എത്രമാത്രമാണെന്നാൽ അയാൾ എങ്ങനെയുള്ള ആളാണെങ്കിലും എനിക്ക് അയാളിൽനിന്ന് ബന്ധം വിച്ഛേദിക്കാൻ സാധിക്കുകയില്ലെന്നതാണ് എന്റെ മതം. ഇനി അയാൾ സ്വയം ബന്ധം വിച്ഛേദിക്കുകയാണെങ്കിൽ നാം നിർബന്ധിതനാണ്. ഇല്ലെങ്കിൽ നമ്മുടെ മതമെന്നു പറയുന്നത് നമ്മുടെ സ്നേഹിതന്മാരിൽ ആരെങ്കിലും മദ്യപിച്ച് ബാസാറിൽ കിടക്കുകയും ആളുകൾ ചുറ്റുംകൂടി നില്ക്കുകയുമാണെങ്കിൽ *ലൗമത്ത ലാഇം* ആക്ഷേപങ്ങളൊന്നും ഭയക്കാതെ അയാളെ എടുത്തുകൊണ്ടുവരുന്നതാണ്. പറഞ്ഞു:സ്നേഹപരമായ ഉടമ്പടി വളരെ വിലപിടിച്ച രത്നമാണ്. അതിനെ എളുപ്പത്തിൽ നഷ്ടപ്പെടുത്തിക്കളയാതിരിക്കേണ്ടതാണ്. സുഹൃത്തുക്കളിൽനിന്ന് ഇഷ്ടപ്പെടാത്ത എന്തുകാര്യമുണ്ടായാലും അതിനെ കണ്ണുചിമ്മിയും സഹിച്ചും അവസരോചിതം കൊണ്ടുവരേണ്ടതാണ്.(മൽഫൂദാത്ത് വാല്യം 1, പേജ് 423,

**അല്ലാഹുവിന്റെ നാമം പ്രകാശിപ്പിക്കുന്നതിന് തങ്ങളുടെ വികാരങ്ങളെ ത്യാഗം ചെയ്തവരായിരുന്നു സഹാബാക്കൾ. അങ്ങനെ അവരിലോരോരുത്തരും ജീവിക്കുന്ന ഇബ്റാഹീമുമാരായിത്തീർന്നു. നബി(സ)തിരുമേനിയുടെ പരിശുദ്ധ ശക്തികൊണ്ട് അവിടത്തെ ആത്മീയ സന്താനങ്ങളിൽ ആയിരക്കണക്കിന് ഇബ്റാഹീമുമാരാണ് ജനിച്ചത്. അവർ ലോകത്തിനു മുമ്പിൽ ഹദ്റത്ത് ഇബ്റാഹീം(അ)അവതരിപ്പിച്ച അതേ ദൃശ്യം അവതരിപ്പിച്ചു.**

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) സൂറ ഹജ്ജിലെ 27-ാമത്തെ വചനമായ വ ഇദ് ബവ്വഅ്നാ ലി ഇബ്റാഹീമ മകാനൽബയ്ത്തി അൻല്ലാതുശ്‌രിക് ബീ ശയ്അൻ വ്വത്വഹ്ഹിർ ബയ്ത്തിയ ലിത്ത്വാഇഫീന വൽഖാഇമീന വർറുക്കയിസ്സുജൂദ്(ഓർക്കുക, ഇബ്റാഹീമിനു നാം ആ പരിശുദ്ധ ഭവനത്തിന്റെ സ്ഥലം സൗകര്യപ്പെടുത്തിക്കൊടുത്ത സന്ദർഭം.(നാം അദ്ദേഹത്തോടു കല്പിച്ചു:) നീ എനിക്ക് ഒരുവസ്തുവിനേയും പങ്കാളിയാക്കിവെക്കരുത്. പ്രദക്ഷിണം ചെയ്യുന്നവർക്കും, നിന്നും കുനിഞ്ഞും കുമ്പിട്ടുകൊണ്ട് ആരാധനനടത്തുന്നവർക്കും വേണ്ടിഎന്റെ മന്ദിരത്തെ ശുദ്ധമാക്കിവെക്കുക)എന്നതിനു നല്കിയ വ്യാഖ്യാനത്തിൽ പറയുന്നു:അവരിൽ മോശമായ കാര്യങ്ങളുണ്ടായി എന്നതിൽ സംശയമില്ല. എന്നാൽ, നബി(സ)തിരുമേനി അതിൽ ശുദ്ധി വരുത്തിയപ്പോൾ അവരിൽ അബൂബക്ർ(റ), ഉമർ(റ), ഉഥ്മാൻ(റ), അ

(ശേഷം പേജ് 12 ൽ)

## ഈ ലക്കത്തിൽ


മൽഫൂദാത്ത്
ഹദ്റത്ത് മസീഹ് മൗഊദ്(അ)

ജുമുഅ ഖുത്വ്ബ 2023 മേയ് 3
(സമ്പൂർണ തർജമ)

ജർമൻപര്യടനം


പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

- നിങ്ങൾ എന്തു ചെയ്യാനുള്ള പുറപ്പാടിലാണ്? അല്ലാഹുവാണെ സത്യം! ഞാനിപ്പോൾ ഹംറാഉൽ അസദിൽ മുഹമ്മദ്(സ)ന്റെ സൈന്യത്തെ കണ്ടിട്ടാണ് വരുന്നത്. ഇത്രയും ഭീതിയുളവാക്കുന്ന സൈന്യത്തെ ഞാൻ ഇതിനുമുമ്പേ ഒരിക്കലും കണ്ടിട്ടില്ല. ഉഹുദിലുണ്ടായ പരാജയത്തിൽ അവർക്ക് എത്രമാത്രം ലജ്ജയുണ്ടെന്നാൽ, അവർ കാണുന്ന മാത്രയിൽത്തന്നെ നിങ്ങളെ ഭസ്മീകരിക്കുന്നതാണ്.
- വാസ്തവത്തിൽ അക്കാലത്തുണ്ടായിരുന്ന യുദ്ധനിയമങ്ങളും സമ്പ്രദായങ്ങളുമനുസരിച്ച് നോക്കുകയാണെങ്കിൽ മുസ്‌ലിമീങ്ങൾക്ക് ഉഹുദ് മൈതാനത്ത് പരാജയമുണ്ടായെന്ന് പറയാൻ കഴിയില്ല. കാരണം മുസ്‌ലിമീങ്ങൾക്ക് എന്ത് പരാജയവും കാഫിരീങ്ങൾക്ക് എന്ത് വിജയവുമാണ് കിട്ടിയത്? അബൂസുഫിയാൻ മുദ്രാവാക്യം വിളിയും കഴിഞ്ഞ് തന്റെ സൈന്യത്തെയുംകൂട്ടി മൈതാനത്തുനിന്ന് മക്കയിലേക്ക് പോകുന്ന സമയത്തും മുസ്‌ലിമീങ്ങൾ മൈതാനത്തുതന്നെ ഉണ്ടായിരുന്നു.
- ഇതുകൊണ്ട് ഉഹുദിൽ മുസ്‌ലിമീങ്ങൾക്ക് ഒരിക്കലും പരാജയമുണ്ടായിട്ടില്ല. ആദ്യഘട്ടത്തിൽ വ്യക്തമായ വിജയം കിട്ടിയശേഷം മുസ്‌ലിമീങ്ങൾക്ക് വമ്പിച്ച ജീവനഷ്ടം ഉണ്ടായെന്നതുശരിതന്നെ. പക്ഷേ, മുസ്‌ലിമീങ്ങൾ അവസാനംവരെ യുദ്ധമൈതാനത്തുതന്നെ ഉണ്ടായിരുന്നു. മക്കയിലെ കാഫിരീങ്ങൾക്ക് പൂർണവും വ്യക്തവുമായ വിജയം ലഭിക്കുന്നതിൽനിന്ന് ശക്തമായ അദൃശ്യകരങ്ങൾ അവരെ തടയുകയുണ്ടായി. താൽക്കാലികമായി വിജയം ലഭിച്ചെങ്കിലും മുസ്‌ലിമീങ്ങൾക്ക് കൂടുതൽ നഷ്ടം വരുത്താൻ അവർക്ക് കഴിഞ്ഞില്ല. അക്കാലത്തെ യുദ്ധ സമ്പ്രദായമനുസരിച്ച് നോക്കിയാൽ ഒന്നും നേടാനാകാതെ അവർക്ക് ഉഹുദ് മൈതാനം വിടേണ്ടി വന്നു.
- ഇസ്‌ലാമിക സമൂഹത്തിന്റെ കേന്ദ്രബിന്ദുവും ഖുറയ്ശികളുടെ ശത്രുതാപരമായ നീക്കങ്ങളുടെ യഥാർഥ കുറിമാനവുമായ നബി(സ)തിരുമേനി അല്ലാഹുവിന്റെ അനുഗ്രഹത്താൽ അപ്പോഴും ജീവനോടെ ഇരിക്കുന്നുണ്ടായിരുന്നു. കൂടാതെ ഉന്നത സ്വഹാബാക്കളിൽ ഒന്നുരണ്ടു പേരൊഴികെ എല്ലാവരും സുരക്ഷിതരുമായിരുന്നു.
- ഈ നഷ്ടവും ഒരു കണക്കിന് മുസ്‌ലിമീങ്ങൾക്ക് ഗുണപ്രദമായിരുന്നു. നബി(സ)തിരുമേനിയുടെ ഇച്ഛക്കും നിർദ്ദേശത്തിനും വിപരീതമായി ചുവടുവെക്കുന്നത് ഒരിക്കലും വിജയത്തിനും അഭിവൃദ്ധിക്കും കാരണമാകുന്നതല്ലെന്ന് പകൽ വെളിച്ചംപോലെ മുസ്‌ലിമീങ്ങൾക്ക് ബോദ്ധ്യപ്പെടുകയും ചെയ്തു.
- യുദ്ധ ചരിത്രങ്ങളിൽ ഒന്നുംതന്നെ ഒരു സൈന്യാധിപനും തന്റെ സൈന്യത്തിൽ ഇത്രമാത്രം പൂർണമായ വിശ്വാസം പ്രകടിപ്പിച്ചതായി കാണുകയില്ല. അതേസമയം അവർ അൽപം മുമ്പേ തനിച്ചാക്കി യുദ്ധമൈതാനത്തുനിന്ന് ഓടിപ്പോയവരായിരുന്നു. ജീവത്യാഗ സന്നദ്ധരായ ഏതാനും പേർ മാത്രമെ കൂടെ ഉണ്ടായിരുന്നുള്ളൂ.
- ഏതുയുദ്ധത്തിൽ നോക്കിയാലും നബി(സ)തിരുമേനിയുടെ ഏറ്റവും ഉന്നതവും അതുല്യവുമായ കഴിവുകളും പ്രകടമാകുന്നുണ്ട്. അത് ഒരു സൈന്യാധിപൻ എന്ന നിലയ്ക്ക് നബി(സ)തിരുമേനിയിൽ ഏറ്റവും പ്രകടമായ നിലയിൽ ഉണ്ടായിരുന്നു. എന്നാൽ, നബി(സ)തിരുമേനിയുടെ ആദ്യത്തേയും അവസാനത്തേയും സ്ഥാനം ഒരു യുദ്ധ നിപുണൻ എന്നുള്ളത് അല്ലായിരുന്നു. മറിച്ച് ധാർമികവും ആത്മീയവുമായ ഒരു നേതാവിന്റെതായിരുന്നു. ആ കൈകളിൽ ഉന്നത സ്വഭാവങ്ങളുടെ പതാക ഉണ്ടായിരുന്നു.

**ഖുത്ബ ജുമുഅ 2024 മേയ് 03/1403 ഹിജ്റത്ത് 03**
**മസ്ജിദ് മുബാറക്ക്, ഇസ്‌ലാമാബാദ്,യു.കെ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ഹംറാഉൽഅസദ് യുദ്ധത്തെ സംബന്ധിച്ചാണ് പറഞ്ഞു വന്നിരുന്നത്. ഇതു സംബന്ധിച്ച് അതായത് ഉഹുദുയുദ്ധത്തെ തുടർന്നുള്ള മദീനയിലെ അവസ്ഥയേയും ഹംറാഉൽഅസദിനേയും പറ്റി ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) വിവിധ ചരിത്രഗ്രന്ഥങ്ങളിൽനിന്ന് ക്രോഡീകരിച്ചെഴുതിയ കാര്യങ്ങൾ വിവരിക്കാം. അദ്ദേഹം എഴുതുന്നു:

‘ഈ രാത്രി അതായത് ഉഹുദുയുദ്ധത്തിൽനിന്ന് തിരിച്ചുവന്ന ശേഷമുള്ള രാത്രി വളരെ ഭയമുളവാക്കുന്നതായിരുന്നു. ഖുറയ്ശി സൈന്യം മക്കയിലേക്ക് തിരിച്ചെങ്കിലും അത് മുസ്‌ലിമീങ്ങളെ അശ്രദ്ധയിലാക്കാനുള്ള ലക്ഷ്യത്തോടെയാണോ എന്നും ഓർക്കാപ്പുറത്ത് മദീനയെ അവർ ആക്രമിക്കുമോ എന്നുമുള്ള ആശങ്കയുണ്ടായിരുന്നു. അതുകൊണ്ട് അന്ന് രാത്രി മദീനയിൽ കാവലിനുള്ള സംവിധാനം ചെയ്തിരുന്നു. നബി(സ)തിരുമേനിയുടെ വീടിന് രാത്രി സമയത്ത് സ്വഹാബാക്കൾ പ്രത്യേകമായും കാവൽ നിന്നിരുന്നു. രാവിലെയായപ്പോൾ ഈ ആശങ്ക അസ്ഥാനത്തല്ലെന്ന് മനസ്സിലായി. ഖുറയ്ശി സൈന്യം മദീനക്ക് ഏതാനും മൈൽ അകലെ തമ്പടിച്ചിട്ടുണ്ടെന്നും ഖുറയ്ശി മൂപ്പന്മാർക്കിടയിൽ ഈ വിജയത്തെ പ്രയോജനപ്പെടുത്തി എന്തുകൊണ്ടു മദീനയെ ആക്രമിക്കുന്നില്ലായെന്നുമുള്ള ചൂടുപിടിച്ച ചർച്ചകൾ നടക്കുന്നുണ്ടെന്നും ഫജ്ർ നമസ്കാരത്തിനു മുമ്പേതന്നെ നബി(സ)തിരുമേനിക്ക് അറിയിപ്പു കിട്ടുകയുണ്ടായി. ചില ഖുറയ്ശികൾ പരസ്പരം പരിഹസിച്ചുകൊണ്ട് നിങ്ങൾക്ക് മുഹമ്മദ്(സ)നെ വധിക്കാനോ മുസ്‌ലിം സ്ത്രീകളെ ബന്ദിയാക്കാനോ അവരുടെ സമ്പത്ത് സ്വന്തമാക്കാനോ കഴിഞ്ഞില്ലെന്നും നിങ്ങൾ അവരെ പരാജയപ്പെടുത്തിയ സ്ഥിതിക്ക് അവരെ പൂർണമായും നശിപ്പിക്കാമായിരുന്നുവെന്നും പക്ഷേ, നിങ്ങളവരെ വെറുതെ വിട്ടു തിരിച്ചുവന്നുവെന്നും അങ്ങനെ ഇനിയും അവർ ശക്തി സംഭരിക്കുമെന്നും അതുകൊണ്ട് തിരിച്ചുപോയി മദീനയെ ആക്രമിച്ചു മുസ്‌ലിമീങ്ങളെ വേരോടെ പിഴുതെറിയണമെന്നും പറഞ്ഞിരുന്നു. എന്നാൽ, മറ്റു ചിലർ പറഞ്ഞു: നിങ്ങൾക്ക് ഒരു വിജയം ലഭിച്ചു കഴിഞ്ഞിരിക്കുന്നു. അതിനെ വിലപ്പെട്ടതായി ഗണിച്ചുകൊണ്ട് തിരിച്ചു പോകുന്നതാണ് നല്ലത്, അല്ലെങ്കിൽ ഇപ്പോൾ കിട്ടിയ മേന്മയും നഷ്ടപ്പെടുന്നതാണ്. ഈ വിജയം പരാജയത്തിൽ കലാശിക്കുകയും ചെയ്യും. ഇനി നിങ്ങൾ തിരിച്ചുപോയി മദീനയെ ആക്രമിക്കുകയാണെങ്കിൽ തീർച്ചയായും മുസ്‌ലിമീങ്ങൾ ജീവന്മരണ പോരാട്ടം നടത്തും. ഉഹുദിൽ പങ്കെടുക്കാൻ പറ്റാതിരുന്നവരും രണാങ്കണത്തിൽ ഇറങ്ങും. ഏതായാലും ആവേശം കൂടിയവരുടെ അഭിപ്രായത്തിന് മുൻതൂക്കം കിട്ടുകയും ഖുറയ്ശികൾ മദീനയിലേക്ക് തിരിക്കാനുള്ള തയ്യാറെടുപ്പ് ആരംഭിക്കുകയും ചെയ്തു. ഈ സംഭവങ്ങളറിഞ്ഞപ്പോൾ നബി(സ)തിരുമേനി മുസ്‌ലിമീങ്ങളോടു തയ്യാറാകാനും ഉഹുദിൽ വരാത്തവർ ആരും വരേണ്ടെന്നും കൽപ്പന പുർപ്പെടുവിച്ചു. ഈ ചരിത്രം നേരത്തെയും ഞാൻ പറഞ്ഞതാണ്. പക്ഷേ, ചില അധിക കാര്യങ്ങളുള്ളതുകൊണ്ട് വീണ്ടും വിവരിക്കുകയാണ്. അങ്ങനെ ഉഹുദിലെ വീരയോദ്ധാക്കൾ അവരിൽ അധികംപേരും പരിക്കേറ്റവരായിരുന്നുവെങ്കിലും മുറിവുകൾ കെട്ടി തങ്ങളുടെ യജമാനന്റെ കൂടെ പുറപ്പെട്ടു.’

അദ്ദേഹം എഴുതുന്നു: ‘ആ സന്ദർഭത്തിൽ മുസ്‌ലിമീങ്ങൾ വിജയിച്ചസൈന്യം ശത്രുക്കളെ പിന്തുടരുന്നതുപോലെ സന്തോഷത്തിലും ആവേശത്തിലുമായിരുന്നു പുറപ്പെട്ടത്. അവർ എട്ടു മൈൽ ദൂരം പിന്നിട്ട്, ഹംറാഉൽ അസദിലെത്തിയപ്പോൾ അവിടെ മൈതാനത്ത് രണ്ടു മുസ്‌ലിമീങ്ങളുടെ മൃതദേഹങ്ങൾ കണ്ടു. അത് ഖുറയ്ശികളെ പിന്തുടരാൻ നബി(സ)തിരുമേനി നിയോഗിച്ച രണ്ടു ചാരന്മാരെ അവസരം കിട്ടിയപ്പോൾ ഖുറയ്ശികൾ വധിച്ചവരുടെ ജഡമായിരുന്നു. നബി(സ)തിരുമേനി, ഒരു ഖബ്ർ എടുപ്പിച്ച് അവർ രണ്ടുപേരെയും ഒന്നിച്ച് അതിൽ ഖബ്റടക്കി. സമയം വൈകുന്നേരമായിട്ടുണ്ടായിരുന്നു. അതുകൊണ്ട് നബി(സ) തിരുമേനി അവിടെത്തന്നെ തമ്പടിക്കാൻ കൽപ്പന നൽകിക്കൊണ്ട് പറഞ്ഞു: മൈതാനത്തിന്റെ വിവിധ സ്ഥലങ്ങളിൽ തീയിടുക. അങ്ങനെ കാണെക്കാണെ ഹംറാഉൽ അസദ് മൈതാനത്ത് 500 അഗ്നികുണ്ഡങ്ങൾ ഉയർന്നു. അത് ദൂരെനിന്ന് കാണുന്നവരുടെ ചങ്കിടിപ്പ് വർധിപ്പിക്കുന്നതായിരുന്നു. ഈ അവസത്തിലാണെന്നു തോന്നുന്നു, ഖുസാഅ ഗോത്രത്തിലെ മുശ്രിക്കായ മഅ്ബദ് എന്നു പേരുള്ള ഒരു നേതാവ് നബി(സ)തിരുമേനിയുടെ സവിധത്തിൽ ഹാജരായി ഉഹുദിൽ മരണപ്പെട്ടവരുടെ കാര്യത്തിൽ അനുശോചനം അറിയിച്ചുകൊണ്ട് കടന്നുപോയി. രണ്ടാമത്തെ ദിവസം അദ്ദേഹം റൗഹാഅ് എന്ന സ്ഥലത്തെത്തിയപ്പോൾ ഖുറയ്ശി സൈന്യം അവിടെ തമ്പടിച്ചിരിക്കുന്നതും അവർ മദീനയിലേക്ക് തിരിക്കാൻ തയ്യാറെടുക്കുന്നതുമാ

ണ് കണ്ടത്. മഅ്ബദ് ഉടൻതന്നെ അബൂസുഫിയാന്റെ അടുക്കലെത്തി പറഞ്ഞു: "നിങ്ങൾ എന്തു ചെയ്യാനുള്ള പുറപ്പാടിലാണ്? അല്ലാഹുവാണെ സത്യം! ഞാനിപ്പോൾ ഹംറാഉൽ അസദിൽ മുഹമ്മദ്(സ)ന്റെ സൈന്യത്തെ കണ്ടിട്ടാണ് വരുന്നത്. ഇത്രയും ഭീതിയുളവാക്കുന്ന സൈന്യത്തെ ഞാൻ ഇതിനുമുമ്പേ ഒരിക്കലും കണ്ടിട്ടില്ല. ഉഹുദിലുണ്ടായ പരാജയത്തിൽ അവർക്കെത്രമാത്രം ലജ്ജയുണ്ടെന്നാൽ അവർ കാണുന്ന മാത്രയിൽത്തന്നെ നിങ്ങളെ ഭസ്മീകരിക്കുന്നതായിരിക്കും. മഅ്ബദിന്റെ ഈ വർത്തമാനം അബൂസുഫിയാനെയും കൂട്ടരെയും ഭയപ്പെടുത്തി. അങ്ങനെ അവർ മദീനയെ ആക്രമിക്കാനുള്ള ഉദ്ദേശ്യം ഒഴിവാക്കി മക്കയിലേക്ക് പുറപ്പെട്ടു. ഖുറയ്ശികൾ ഇങ്ങനെ പിന്തിരിഞ്ഞോടി എന്നറിഞ്ഞപ്പോൾ നബി(സ) തിരുമേനി നന്ദി പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: കുഫ്ഫാറിന്റെ മനസ്സിനെ കീഴടക്കിയത് അല്ലാഹുവിന്റെ പ്രതാപമാണ്.

ഇതിന്റെ വിശദീകരണം ഞാൻ നേരത്തെയും പറഞ്ഞതാണ്. ഇതാണ് അതിന്റെ രത്നച്ചുരുക്കം.

അതിനു ശേഷം നബി(സ)തിരുമേനി രണ്ടുമൂന്നു ദിവസം ഹംറാഉൽ അസദിൽ തങ്ങുകയുണ്ടായി. അഞ്ചു ദിവസത്തെ അഭാവത്തിനുശേഷം മദീനയിൽ തിരിച്ചെത്തുകയുമുണ്ടായി. ഇതിൽ ഖുറയ്ശികളുടെരണ്ടു സൈനികർ, അതിലൊരാൾ കലാപകാരിയും രണ്ടാമത്തെയാൾ ചാരനുമായിരുന്നു, മുസ്‌ലിമീങ്ങളുടെ കൈകളാൽ ബന്ദിയാക്കപ്പെട്ടു. യുദ്ധ നിയമമനുസരിച്ച് അവർക്കു വധശിക്ഷയാണ് നൽകപ്പെടുക. അതുകൊണ്ട് നബി(സ)തിരുമേനി അവരെ കൊല്ലാൻ കൽപ്പന നൽകുകയുണ്ടായി. അവരിലൊരാൾ മക്കയിൽ അറിയപ്പെടുന്ന കവി അബൂ ഉസ്സയായിരുന്നു. അയാളെ ബദ്റിൽ മുസ്‌ലിമീങ്ങൾ ബന്ദിയാക്കിയിരുന്നു. പിന്നെ അയാൾ മാപ്പു ചോദിക്കുകയും മേലിൽ മുസ്‌ലിമീങ്ങൾക്കെതിരിൽ യുദ്ധത്തിന് വരുന്നതല്ലെന്ന് ശപഥം ചെയ്യുകയുമുണ്ടായി.

അങ്ങനെ നബി(സ)തിരുമേനി ഫിദ്‌യപോലും വാങ്ങാതെ അയാളെ വിട്ടയക്കുകയും ചെയ്തു. പക്ഷേ, അയാൾ വഞ്ചന കാണിച്ചുകൊണ്ട് വീണ്ടും മുസ്‌ലിമീങ്ങൾക്കെതിരിൽ യുദ്ധത്തിൽ പങ്കെടുത്തു. മാത്രമല്ല അയാൾ തന്റെ പ്രകോപനപരമായ കവിതകൾ മുഖേന മറ്റുള്ളവരെയും യുദ്ധത്തിന് പ്രേരിപ്പിക്കുകയുണ്ടായി. ഇത്തരം ആളുകളുടെ വഞ്ചന മുസ്‌ലിമീങ്ങൾക്ക് വലിയ നഷ്ടമുണ്ടാക്കുമായിരുന്നു. ഏതായാലും അയാൾ വീണ്ടും മുസ്‌ലിമീങ്ങളുടെ കൈയിൽ അകപ്പെട്ടപ്പോൾ നബി(സ)തിരുമേനി അയാളെ വധിക്കാൻ കൽപ്പന നൽകുകയുണ്ടായി. അബൂ ഉസ്സ ഇത്തവണയും മാപ്പു ചോദിച്ചു രക്ഷപ്പെടാൻ ആഗ്രഹിച്ചെങ്കിലും നബി(സ)തിരുമേനി ലാ യുൽദഗുൽ മുഅ്മിനു മിൻ ജുഹ്‌രിൻ വാഹിദിൻ മർറത്തയ്നി- അതായത് വിശ്വാസി ഒരു മാളത്തിൽ നിന്ന് രണ്ടു തവണ ദംശിക്കപ്പെടുകയില്ല- (ഇബ്നുഹിശാം) എന്ന് പറഞ്ഞുകൊണ്ട് അയാളുടെ മാപ്പപേക്ഷ നിരസിക്കുകയുണ്ടായി.

രണ്ടാമത്തെ ബന്ദി മുആവിയ ബിൻ മുഗീറ ആയിരുന്നു. ഇയാൾ ഹദ്റത്ത് ഉഥ്മാൻ ബിൻ അഫ്ഫാന്റെ ബന്ധുവും ഇസ്‌ലാമിന്റെ കഠിന വിരോധിയുമായിരുന്നു. ഉഹുദ് യുദ്ധത്തിനുശേഷം ഇയാൾ മദീനക്ക് ചുറ്റും പാത്തും പതുങ്ങിയും ചുറ്റിക്കൊണ്ടിരുന്നു. സ്വഹാബാക്കൾ അയാളെ കാണുകയും പിടിച്ച് നബി(സ)തിരുമേനിയുടെ സവിധത്തിൽ ഹാജരാക്കുകയും ചെയ്തു. അങ്ങനെ നബി(സ)തിരുമേനി ഹദ്റത്ത് ഉഥ്മാന്റെ ശിപാർശയിൽ, മൂന്ന് ദിവസത്തിനകം അവിടെനിന്ന് പോകുമെന്ന ശപഥം വാങ്ങുകയും അല്ലെങ്കിൽ ചാരപ്പണി നടത്തിയ ശിക്ഷയിൽ വധിക്കുന്നതാണെന്നും പറഞ്ഞു വിടുകയുമുണ്ടായി. മൂന്ന് ദിവസത്തിനകം പോകണമെന്ന് മുന്നറിയിപ്പ് നൽകിയിരുന്നു. അല്ലെങ്കിൽ ചാരപ്പണിക്കുള്ള വധശിക്ഷ ലഭിക്കുന്നതാണ്. പോകുകയാണെങ്കിൽ നല്ലത് അല്ലെങ്കിൽ പറ്റില്ല. മുആവിയ മൂന്ന് ദിവസത്തിനകം പോകാമെന്ന് വഗ്ദാനം ചെയ്തിരുന്നു. പക്ഷേ, ഈ സമയപരിധി കഴിഞ്ഞപ്പോൾ അയാൾ അവിടെ പാത്തും പതുങ്ങിയും നടക്കാൻ തുടങ്ങി. തുടർന്ന് അയാളെ വധിക്കുകയുണ്ടായി. ചരിത്രത്തിൽ അയാളുടെ ഉദ്ദേശ്യമെന്താണെന്ന് എഴുതിയിട്ടില്ല. പക്ഷേ, ഇങ്ങനെ മദീനയിൽ ഒളിഞ്ഞു കഴിയുന്നതും മുന്നറിയിപ്പു നൽകിയിട്ടും നിശ്ചിത കാല പരിധിക്കു ശേഷവും അവിടെത്തന്നെ തങ്ങിയതും അയാൾ വളരെ അപകടകരമായ ഉദ്ദേശ്യത്തോടെയാണ് അവിടെ നിന്നതെന്ന് വ്യക്തമാക്കുന്നു. അങ്ങനെ നബി(സ)തിരുമേനി ഉഹുദുൽനിന്ന് രക്ഷപ്പെട്ടതിൽ നബി(സ)തിരുമേനിക്കെതിരെ വല്ല ദുരുദ്ദേശ്യവും വെച്ചുകൊണ്ടോ വന്നാലും യഹൂദികളുടെയോ മുനാഫിഖീംകളുടെയോ തന്ത്രത്തിൽ വല്ല ഗൂഢാലോചനയും ചെയ്താലും അത്ഭുതപ്പെടാനില്ല. ഏതായാലും അല്ലാഹു സംരക്ഷിക്കുകയും അയാളുടെ പദ്ധതി പാളിപ്പോകുകയും ചെയ്തു.(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ(റ), പേജ് 504-506)

ഉഹുദ് യുദ്ധത്തിന്റെ പരിണിതിയെ പറ്റി നീണ്ട ചർച്ചകൾ നടന്നിട്ടുണ്ട്. ചില നബിചരിത്രകാരന്മാർ ഉഹുദുയുദ്ധത്തെ പരാജയമായി ഗണിക്കുന്നു. പലരും അത് മുസ്‌ലിമീങ്ങളുടെ വിജയമാണെന്നു പറയാൻ മടിക്കുന്നു. മറ്റു ചിലർ ഇതിനു രണ്ടിനുമിടയിൽ അഭിപ്രായമുള്ളവരാണ്. വേറെ ചിലർ ഒരു പരാജയത്തിനുശേഷമുള്ള പൊതുവിലുള്ള വിജയമായി വിലയിരുത്തുന്നു.

വാസ്തവത്തിൽ അക്കാലത്തുണ്ടായിരുന്ന യുദ്ധനിയമങ്ങളും സമ്പ്രദായങ്ങളുമനുസരിച്ച് നോക്കുകയാണെങ്കിൽ മുസ്‌ലിമീങ്ങൾക്ക് ഉഹുദ് മൈതാനത്ത് പരാജയമുണ്ടായെന്ന് പറയാൻ കഴിയില്ല. കാരണം മുസ്‌ലിമീങ്ങൾക്ക് എന്ത് പരാജയവും കാഫിരീങ്ങൾക്ക് എന്ത് വിജയവുമാണ് കിട്ടിയത്? അബൂസുഫിയാൻ മുദ്രാവാക്യം വിളിയും കഴിഞ്ഞ് തന്റെ സൈന്യത്തെയുംകൂട്ടി മൈതാനത്തുനിന്ന് മക്കയിലേക്ക് പോകുന്ന സമയത്തും മുസ്‌ലിമീങ്ങൾ മൈതാനത്തുതന്നെ ഉണ്ടായിരുന്നു. അയാൾ അവിടെ ഇത് ബദ്റിന് പകരമുള്ള വിജയമാണെന്ന പൊള്ളയായ മുദ്രാവാക്യവും മുഴക്കിയിരുന്നു. വാസ്തവത്തിൽ അത് അയാളുടെ വീരവാദം മാത്രമായിരുന്നു. ഇതെങ്ങനെയാണ് ബദ്റിന് പകരമാകുക? ബദ്റിൽ കാഫിരീങ്ങളുടെ സേനാധിപന്മാരടക്കം വലിയ വലിയ നേതാക്കന്മാർ കൊല്ലപ്പെടുകയും 70 പേർ ബന്ദികളാക്കപ്പെടുകയും വലിയൊരു സമരാർജിത സ്വത്ത് മുസ്‌ലിമീങ്ങൾക്ക് ലഭിക്കുകയും ചെയ്തിരുന്നു. വിജയികളായ മുസ്‌ലിമീങ്ങൾ നാട്ടുനടപ്പനുസരിച്ച് മൂന്നുദിവസം അവിടെ തങ്ങുകയുണ്ടായി. കാഫിരീങ്ങളുടെ സൈന്യം അവിടെനിന്ന് ഓടിപ്പോകുകയുമുണ്ടായി. അതേ സമയം ഉഹുദിൽ ഇതിലൊരു കാര്യംപോലും കാഫിരീങ്ങൾക്ക് ലഭ്യമായില്ല. എന്നിരിക്കെ ഇതെങ്ങനെയാണ് ബദ്റിന് പകരമാകുക?

ഇതുകൊണ്ട് ഉഹുദിൽ മുസ്‌ലിമീങ്ങൾക്ക് ഒരിക്കലും പരാജയമുണ്ടായിട്ടില്ല. ആദ്യഘട്ടത്തിൽ വ്യക്തമായ വിജയം കിട്ടിയശേഷം മുസ്‌ലിമീങ്ങൾക്ക് വമ്പിച്ച ജീവനഷ്ടം ഉണ്ടായെന്നതുശരിതന്നെ. പക്ഷേ, മുസ്‌ലിമീങ്ങൾ അവസാനംവരെ യുദ്ധമൈതാനത്തുതന്നെ ഉണ്ടായിരുന്നു. മക്കയിലെ കാഫിരീങ്ങൾക്ക് പൂർണവും വ്യക്തവുമായ വിജയം ലഭിക്കുന്നതിൽനിന്ന് ശക്തമായ അദൃശ്യകരങ്ങൾ അവരെ തടയുകയുണ്ടായി. താൽക്കാലികമായി വിജയം ലഭിച്ചെങ്കിലും മുസ്‌ലിമീങ്ങൾക്ക് കൂടുതൽ നഷ്ടം വരുത്താൻ അവർക്ക് കഴിഞ്ഞില്ല. അക്കാലത്തെ യുദ്ധ സമ്പ്രദായമനുസരിച്ച് നോക്കിയാൽ ഒന്നും നേടാനാകാതെ അവർക്ക് ഉഹുദ് മൈതാനം വിടേണ്ടി വന്നു.

ഇനി ഇതിന്റെ തൊട്ടടുത്ത ദിവസംതന്നെ ഹംറാഉൽ അസദിലേക്ക് മുസ്‌ലിമീങ്ങൾ പിന്തുടർന്നെത്തിയത് ചേർത്തു നോക്കിയാൽ ഉഹുദുയുദ്ധം വളരെ വ്യക്തമായ വിജയമായി കാണാൻ കഴിയുന്നതാണ്. ഉഹുദുയുദ്ധത്തിൽ പരാജയത്തിന്റെ ചെറിയൊരു പരിക്കുപറ്റിയത് മുസ്‌ലിമീങ്ങൾക്കും പിന്നീടുവരുന്ന കാലത്തിനും നിരവധി യുക്തിരഹസ്യങ്ങൾക്ക് നിദാനമാകുകയുണ്ടായി.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എഴുതുന്നു: സ്ഥായിയായ പരിണിതിയുടെ അടിസ്ഥാനത്തിൽ ഉഹുദ് യുദ്ധത്തിന് സവിശേഷമായ ഒരു പ്രാധാന്യവുമില്ല. ബദ്റിനെ അപേക്ഷിച്ച് ഈ യുദ്ധത്തിന് ഒരു പ്രസക്തിയുമില്ല. എങ്കിലും ഈ യുദ്ധം താൽക്കാലികമായിട്ടാണെങ്കിലും മുസ്‌ലിമീങ്ങൾക്ക് ചില നഷ്ടങ്ങൾ വരുത്തിവെക്കുകയുണ്ടായി. ഒന്ന്, ഇതിൽ ചില വലിയ സ്വഹാബാക്കളടക്കം 70 പേർ ശഹീദാക്കപ്പെട്ടു. നിരവധിപേർക്ക് പരിക്കേൽക്കുകയും ചെയ്തു. രണ്ട്, മദീനയിലെ യഹൂദികളും മുനാഫിഖീങ്ങളും ബദ്ർ യുദ്ധം കാരണം അൽപം ഭീതിയിലായിരുന്നു, അവർ ഇപ്പോൾ ധൈര്യമുള്ളവരായി മാറി, മാത്രമല്ല അബ്ദുല്ലാഹ് ബിൻ ഉബയ്യും സുഹൃത്തുക്കളും പരസ്യമായി പരിഹസിക്കാനും കുത്തുവാക്കുകൾ പറയാനും തുടങ്ങി. മൂന്ന്, മക്കാ ഖുറയ്ശികൾ വളരെ ധൈര്യമുള്ളവരായി മാറി. തങ്ങൾ ബദ്റിനു പകരംവീട്ടിയെന്നും ഇനിയും കൂട്ടമായി ചേർന്ന് ആക്രമിക്കുകയാണെങ്കിൽ മുസ്‌ലിമീങ്ങളെ പരാജയപ്പെടുത്താമെന്നും ധരിച്ചുതുടങ്ങി. നാല്, അറേബ്യയിലെ സാധാരണ ഗോത്രങ്ങളും ഉഹുദിനുശേഷം തന്റേടത്തോടെ തലയുയർത്താൻ തുടങ്ങി.

ഈ എല്ലാ ദോഷവശങ്ങളുമുണ്ടെങ്കിൽപോലും പൊതുവായ ഒരു യാഥാർഥ്യമെന്തെന്നാൽ ഖുറയ്ശികൾക്ക് ബദ്ർ യുദ്ധത്തിലുണ്ടായ നഷ്ടം നികത്താൻ ഉഹുദിലെ വിജയം പര്യാപ്തമായിരുന്നില്ല.

വാസ്തവത്തിൽ മക്കയിൽ ഖുറയ്ശികളുടെ സാമൂഹിക ജീവിതത്തിന്റെ ആത്മാവായിരുന്ന നേതാക്കന്മാർ ബദ്ർ യുദ്ധത്തിൽ കൊല്ലപ്പെടുകയുണ്ടായി. വിശുദ്ധ ഖുർആനിൽ പറഞ്ഞതുപോലെ അവരുടെ തായ്‌വേര് അറുക്കപ്പെട്ടു. പ്രത്യക്ഷത്തിൽ സാമഗ്രികളുടെ അടിസ്ഥാനത്തിൽ അവർക്ക് മുന്നിൽ തികച്ചും നിസ്സാരന്മാരായ ഒരു സമൂഹം മുഖേനയാണ് ഇതെല്ലാം സംഭവിച്ചത്. അതേസമയം മുസ്‌ലിമീങ്ങൾക്ക് ഉഹുദിന്റെ രണാങ്കണത്തിൽ നഷ്ടമുണ്ടായി എന്നത് ശരിതന്നെ. എന്നാൽ, അത് ബദ്റിൽ ഖുറയ്ശികൾക്കുണ്ടായ നഷ്ടത്തെ അപേക്ഷിച്ച് താൽക്കാലികവും നിസ്സാരവുമായിരുന്നു.

ഇസ്‌ലാമിക സമൂഹത്തിന്റെ കേന്ദ്രബിന്ദുവും ഖുറയ്ശികളുടെ ശത്രുതാപരമായ നീക്കങ്ങളുടെ യഥാർഥ കുറിമാനവുമായ നബി(സ)തിരുമേനി അല്ലാഹുവിന്റെ അനുഗ്രഹത്താൽ അപ്പോഴും ജീവനോടെ ഇരിക്കുന്നുണ്ടായിരുന്നു. കൂടാതെ ഉന്നത സ്വഹാബാക്കളിൽ ഒന്നുരണ്ടു പേരൊഴികെ എല്ലാവരും സുരക്ഷിതരുമായിരുന്നു.

മാത്രമല്ല മുസ്‌ലിമീങ്ങൾ പരാജയപ്പെട്ടത് സൈനിക ബലത്തിലും യുദ്ധ സാമഗ്രികളിലും തങ്ങളെക്കാൾ പലമടങ്ങ് ശക്തരായവർക്ക് മുന്നിലായിരുന്നു. ചുരുക്കത്തിൽ ബദ്റിലു ണ്ടായ അതിമഹത്തായ വിജയത്തിനുമുന്നിൽ ഉഹുദിലെ പരാജയം മുസ്‌ലിമീങ്ങൾക്കു തികച്ചും നിസ്സാരമായിരുന്നു.

ഈ നഷ്ടവും ഒരു കണക്കിന് മുസ്‌ലിമീങ്ങൾ

ക്ക് ഗുണപ്രദമായിരുന്നു. നബി(സ)തിരുമേനിയുടെ ഇച്ഛക്കും നിർദ്ദേശത്തിനും വിപരീതമായി ചുവടുവെക്കുന്നത് ഒരിക്കലും വിജയത്തിനും അഭിവൃദ്ധിക്കും കാരണമാകുന്നതല്ലെന്ന് പകൽ വെളിച്ചംപോലെ മുസ്‌ലിമീങ്ങൾക്ക് ബോധ്യപ്പെടുകയും ചെയ്തു.

നബി(സ)തിരുമേനി മദീനയിൽത്തന്നെ നിൽക്കാനാണ് അഭിപ്രായപ്പെട്ടത്. അതിന് ഉപോൽബലകമായി തന്റെ ഒരു സ്വപ്നവും കേൾപ്പിച്ചിരുന്നു. എന്നാൽ, ആളുകൾ പുറത്തിറങ്ങി യുദ്ധം ചെയ്യാൻ ശാഠ്യം പിടിക്കുകയായിരുന്നു. നബി(സ)തിരുമേനി അവരെ മലയിടുക്കിൽ നിറുത്തുകയും എന്തുതന്നെ സംഭവിച്ചാലും അവിടെനിന്ന് മാററുതെന്ന് താക്കീത് നൽകുകയും കൽപ്പിക്കുകയും ചെയ്തിരുന്നു. പക്ഷേ, അവർ യുദ്ധമുതലുകൾ സ്വരുക്കൂട്ടാനുള്ള ചിന്തയിൽ പ്രസ്തുത സ്ഥലം ഒഴിവാക്കി താഴേക്കിറങ്ങിവന്നു. പ്രത്യക്ഷത്തിൽ ഈ കർമപരമായ ദൗർബല്യം ഒരു ചെറിയ വിഭാഗത്തിന്റേതായിരുന്നുവെങ്കിലും മനുഷ്യന്റെ സംസ്കാരം എല്ലാവരേയും ഒരു ചരടിൽ കോർത്തുവെച്ചിരിക്കുന്നതിനാൽ ഈ യുദ്ധത്തിന്റെ നഷ്ടം എല്ലാവർക്കും സഹിക്കേണ്ടി വന്നു. അതായത് പ്രയോജനമാണെങ്കിൽ അതും എല്ലാവർക്കും ലഭിക്കുമായിരുന്നു. ഇതും ഒരു പൊതു തത്ത്വമാകുന്നു. ചില സമയത്ത് ചില ആളുകളുടെ ദൗർബല്യം മുഴുവൻ സമൂഹത്തിനും നഷ്ടം വരുത്തിവെക്കുന്നു. അതുപോലെ ലാഭം മുഖേന മുഴുവൻ സമൂഹത്തിലും അത് നല്ല പ്രഭാവവുമുണ്ടാക്കുന്നു. ലോകത്തഅഹ്മദിയ്യാ ജമാഅത്തിന് അനുകൂലമായി നിരവധിയാളുകൾ സംസാരിക്കാറുണ്ട്. പക്ഷേ, 100 ശതമാനം അഹ്മദികളും ഉന്നത നിലവാരത്തിലുള്ളവരല്ല. എന്നാൽ. ചിലയാളുകളുടെ നല്ല പ്രഭാവം കാരണം മറ്റുള്ളവരെയും ഉന്നത നിലവാരത്തിലാണെന്ന് മനസ്സിലാക്കുന്നു.

അതിനാൽ ഉഹുദിലെ പരാജയം ഒരുനിലയ്ക്ക് പ്രയാസകരമായിരുന്നുവെങ്കിലും മറുഭാഗത്ത് മുസ്‌ലിമീങ്ങളെ സംബന്ധിച്ചിടത്തോളം ഒരു വലിയ പാഠമായിത്തീരുകയും ചെയ്തു. പ്രയാസമാണെങ്കിൽ പോലും അത് മുസ്‌ലിമീങ്ങളുടെ വഴിയിലുള്ള ഒരു താൽക്കാലിക തടസ്സം മാത്രമായിരുന്നു. വലിയ പ്രളയം ഒരിടത്ത് നിൽക്കുകയും പിന്നെ തട്ടിമുട്ടി ശക്തമാകുകയും ചെയ്യുന്നതുപോലെ മുസ്‌ലിമീങ്ങൾ വളരെ ശീഘ്രഗതിയിൽ തങ്ങളുടെ ലക്ഷ്യത്തിലേക്ക് മുന്നേറിക്കൊണ്ടിരുന്നു.(സീറത്ത് ഖാത്തമുന്നബിയീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ(റ) പേജ് 506-507)

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) തന്റെ ഒരു പ്രഭാഷണത്തിൽ ഉഹുദുയുദ്ധത്തിലെ സംഭവങ്ങൾ വിശകലനം ചെയ്തുകൊണ്ട് അതിലെ ചില സംഗതികൾ വിവരിച്ചിട്ടുണ്ട്. അതിങ്ങനെയാണ്.

1. മുസ്‌ലിമീങ്ങളിലെ പരാജയബോധത്തെ പൂർണമായും ഇല്ലാതാക്കാൻ അവരെ കാലവിളംബം കൂടാതെ വീണ്ടും രണാങ്കണത്തിൽ ഇറക്കുകയല്ലാതെ മറ്റൊരു നിർവാഹവുമുണ്ടായിരുന്നില്ല.

2. യുവാക്കളേയും പുതിയ യോദ്ധാക്കളെയും കൂടെവരാൻ അനുമതി നൽകാതെ നബി(സ)തിരുമേനി താനൊരിക്കലും ഭൗതിക സന്നാഹങ്ങളിൽ പ്രതീക്ഷയർപ്പിക്കുന്നില്ലെന്ന് തെളിയിക്കുകയുണ്ടായി. പ്രത്യുത തന്നെ സഹായിക്കാൻ തന്റെ നാഥനിലുണ്ടായിരുന്ന പ്രതീക്ഷയും വാദവും സത്യസന്ധമായിരുന്നു.

3. ഉഹുദുമൈതാനത്ത് കാലിടറിയ സ്വഹാബാക്കളെ ഈ തീരുമാനം മുഖേന നബി(സ)തിരുമേനി സമാശ്വാസിപ്പിക്കുകയും അവരെ പൂർണവിശ്വാസത്തിലെടുക്കുകയും ചെയ്തു. അതായത് അവർ വാസ്തവത്തിൽ പിന്തിരിഞ്ഞവരായിരുന്നില്ല. മറിച്ച് പൊടുന്നനെയുണ്ടായ അനുഷ്ട സംഭവത്തിൽ നിർബന്ധിതരായവരായിരുന്നു.

യുദ്ധ ചരിത്രങ്ങളിൽ ഒന്നുംതന്നെ ഒരു സൈന്യാധിപനും തന്റെ സൈന്യത്തിൽ ഇത്രമാത്രം പൂർണമായ വിശ്വാസം പ്രകടിപ്പിച്ചതായി കാണുകയില്ല. അതേസമയം അവർ അൽപം മുമ്പേ തനിച്ചാക്കി യുദ്ധമൈതാനത്തുനിന്ന് ഓടിപ്പോയവരായിരുന്നു. ജീവത്യാഗ സന്നദ്ധരായ ഏതാനും പേർ മാത്രമെ കൂടെ ഉണ്ടായിരുന്നുള്ളൂ.

4. നബി(സ)തിരുമേനിക്ക് അവരിലുണ്ടായിരുന്ന ഈ നൂറുശതമാനം വിശ്വാസം ശരിയായിരുന്നു. അതൊരിക്കലും വൈകാരിക തീരുമാനമല്ലായിരുന്നു. കാരണം ഉഹുദിലുണ്ടായിരുന്ന എല്ലാവരും ഉറച്ച തീരുമാനവും ആവേശവും മുഖേന ഈ ഭയാനകമായ യുദ്ധത്തിൽ നബി(സ)തിരുമേനിയോടൊപ്പം പങ്കെടുക്കുകയുണ്ടായി. അവരിൽ നടക്കാൻ കഴിയാത്തവർ പോലുമുണ്ടായിരുന്നു. ഈ നീക്കം ആത്മഹത്യക്ക് തുല്യമാണെന്ന് പറഞ്ഞ് ഒരാൾപോലും പിന്തിരിഞ്ഞില്ല. മാത്രമല്ല ഒരിക്കൽ വളരെ പ്രയാസപ്പെട്ടു ജീവൻ കിട്ടിയിരിക്കെ വീണ്ടും ഇത്ര ശക്തരും നിഷ്ഠുരരുമായ ശത്രുക്കളുടെ വലയിൽ സ്വയം പോകുന്നത് എത്രമാത്രം ബുദ്ധിയാണെന്ന് പറഞ്ഞ് ഒരാൾപോലും ആക്ഷേപമുന്നയിക്കുകയുണ്ടായില്ല....... മുഹമ്മദു മുസ്തഫാ(സ)ഉഹുദിന്റെ അടുത്ത ദിവസംതന്നെ ശത്രുക്കളെ പിന്തുടരാൻ തീരുമാനിച്ചത് തന്റെ ആളുകൾക്കുമേലുള്ള ഒരു വലിയ ഔദാര്യമാകുന്നു. കാരണം ഒരിക്കലും ഒരു സൈന്യാധിപനും തന്റെ സൈന്യത്തിനുമേൽ ഇങ്ങനെ ചെയ്തിട്ടില്ല. അത് അവരുടെ മുറിവേറ്റ നിലപാടിന് വളരെ വേഗത്തിൽ പൂർണമായ ശമനം നൽകുകയുണ്ടായി. അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിൻ വ അലാ ആലി മുഹമ്മദിൻ വ ബാരിക് വസല്ലിം ഇന്നക്ക ഹമീദുൻമ്മജീദ്

5. നബി(സ)തിരുമേനിയുടെ ഈ നീക്കം കേവലം മനഃശാസ്ത്രപരവും ധാർമികപരവും ആയിരിന്നില്ലെന്നും പ്രത്യുത സൈനികപരമായും വളരെ ഗുണപ്രദമായെന്ന് തെളിയിക്കുകയും ചെയ്തു. അതുമുഖേന ശത്രുക്കൾ വീണ്ടുമൊരു ശക്തമായ ആക്രമണം നടത്തുന്നതിൽനിന്ന് പിന്തിരിയുകയുണ്ടായി. മാത്രമല്ല വിജയത്തിൽ മതിമറക്കുന്നതിനു പകരം വളരെ ഭയപ്പെട്ടുകൊണ്ടാണ് തിരിച്ചുപോയത്. ചുരുക്കത്തിൽ കൂടുതൽ നഷ്ടമുണ്ടാകാതെ നബി(സ)തിരുമേനി തന്റെ യുക്തിയും വിവേകവും മുഖേന മഹത്തായ വിജയങ്ങൾ സ്വായത്തമാക്കുകയുണ്ടായി.

അദ്ദേഹം തുടരുന്നു: ഏതുയുദ്ധത്തിൽ നോക്കിയാലും നബി(സ)തിരുമേനിയുടെ ഏറ്റവും ഉന്നതവും അതുല്യവുമായ കഴിവുകളും പ്രകടമാകുന്നുണ്ട്. അത് ഒരു സൈന്യാധിപൻ എന്ന നിലയ്ക്ക് നബി(സ)തിരുമേനിയിൽ ഏറ്റവും പ്രകടമായ നിലയിലുണ്ടായിരുന്നു. എന്നാൽ, നബി(സ)തിരുമേനിയുടെ ആദ്യത്തേയും അവസാനത്തേയും സ്ഥാനം ഒരു യുദ്ധ നിപുണൻ എന്നുള്ളതല്ലായിരുന്നു. മറിച്ച് ധാർമികവും ആത്മീയവുമായ ഒരു നേതാവിന്റേതായിരുന്നു. ആ കൈകളിൽ ഉന്നത സ്വഭാവങ്ങളുടെ പതാക ഉണ്ടായിരുന്നു.

ഇത് പ്രധാനപ്പെട്ടൊരു സംഗതിയാകുന്നു. ഉൽകൃഷ്ട സ്വഭാവത്തിന്റെ പതാക ഉയർത്തിയതിനും അത് അത്യുന്നതിയിൽ നിലനിറുത്തുന്നതിനുംവേണ്ടി ആ മഹാത്മാവ് ഏർപ്പെട്ടിരുന്ന മഹത്തായ ജിഹാദ് നൈര്യന്തര്യമുള്ള ഒരിക്കലും അവസാനിക്കാത്ത അത്യധ്വാനമായിരുന്നു. അത് സമാധാനഘട്ടത്തിലും യുദ്ധാവസ്ഥയിലേതുപോലെ തുടർന്നു വന്നിരുന്നു. രാവുംപകലും ആ മഹാത്മാവ് ഈ പതാക കാത്തുസൂക്ഷിച്ചു. ശത്രുക്കൾ നബി(സ)തിരുമേനിക്കും സ്വഹാബാക്കൾക്കും ശക്തമായ ശാരീരികോപദ്രവങ്ങൾ ഏൽപ്പിക്കുന്നതിലും വേദനാജനകമായ പ്രയാസങ്ങളുണ്ടാക്കുന്നതിലും വിജയിച്ചിട്ടുണ്ടാകാം. പക്ഷേ, ഒരിക്കലും ധാർമികതയുടെ ഈ പതാകയിൽ കോട്ടംതട്ടാൻ അവർ അനുവദിച്ചിട്ടില്ല. അതിലൊരു പ്രയാസമുണ്ടാകാൻ അനുവദിച്ചതുമില്ല. ഇതെല്ലാമായിട്ടും അദ്ദേഹത്തിന്റെ ഉൽകൃഷ്ട സ്വഭാവങ്ങൾ എപ്പോഴും പ്രകടമായിരുന്നു. നബി(സ)തിരുമേനിയുടെ ശരീരം ഉഹുദിന്റെ ചരൽമണ്ണിൽ ശക്തമായി പരിക്കേറ്റു വീണപ്പോഴും നബി(സ)തിരുമേനിയുടെ പരിശുദ്ധ കരങ്ങളിൽ ഈ പതാക ആകാശത്തെ എത്തിപ്പിടിക്കുകയായിരുന്നു. നാലുപാടും സ്വഹാബാക്കളുടെ ശരീരം തുണ്ടംതുണ്ടമായി വീഴുമ്പോഴും നബി(സ)തിരുമേനിയുടെ കൈകളിൽ ഈ പതാക അത്ഭുതാവഹമായൊരു പ്രതാപത്തോടെ പാറിപ്പറക്കുകയായിരുന്നു. ചുരുക്കത്തിൽ നബി(സ)തിരുമേനിയുടേയും സ്വഹാബത്തിന്റേയും ഉന്നത ധാർമിക സ്വഭാവത്തിന്റെ ജിഹാദ് ഉഹുദിലെ യുദ്ധത്തിലും തോളോടുതോൾ ചേർന്ന് വളരെ ശക്തമായി തുടർന്നു കൊണ്ടിരുന്നു. വിജയശ്രീലാളിതനായ ഹദ്റത്ത് മുഹമ്മദുമുസ്തഫാ(സ) എല്ലാ തവണയും ധാർമികയുദ്ധത്തിൽ ഉന്നത വിജയം കരസ്ഥമാക്കുകയുണ്ടായി. ധാർമികതയുടെ ഉരുക്കുകോട്ടകളെപ്പോലും നിലംപരിശാക്കാൻ പോന്ന ഈ ഭയാനകമായ ഭൂകമ്പങ്ങൾക്കിടയിലൂടെയും നബി(സ)തിരുമേനി സമാധാനപൂർവം പുറത്തു കടക്കുകയുണ്ടായി.(ഖുത്ബാത്തെ ത്വാഹിർ, ഖുത്ബാത്ത് ഖബൽ അസ് ഖിലാഫത്ത് പേജ് 531-535)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ഉഹുദുയുദ്ധത്തിൽ പ്രത്യക്ഷ വിജയത്തിനുശേഷം ഒരു പരാജയാവസ്ഥയുമുണ്ടായി. പക്ഷേ, ഈ യുദ്ധം നബി(സ)തിരുമേനിയുടെ സത്യസാക്ഷ്യത്തിനുള്ള ഒരു വലിയ ദൃഷ്ടാന്തമായിരുന്നു. ഈ യുദ്ധത്തിൽ നബി(സ)തിരുമേനിയുടെ പ്രവചനമനുസരിച്ച് മുസ്‌ലിമീങ്ങൾക്ക് ആദ്യം വിജയം ലഭിച്ചു. പിന്നീട് നബി(സ)തിരുമേനിയുടെ പ്രവചനം പോലെത്തന്നെ അവിടത്തെ പ്രിയപ്പെട്ട പിതൃവ്യൻ യുദ്ധത്തിൽ കൊല്ലപ്പെട്ടു. അതിനുശേഷം നബി(സ)തിരുമേനിയുടെ പ്രവചനപ്രകാരം യുദ്ധാരംഭത്തിൽത്തന്നെ കാഫിരീങ്ങളുടെ പതാക വാഹകൻ കൊല്ലപ്പെട്ടു. അതുകഴിഞ്ഞ് നബി(സ)

## • അമീറുൽ മുഅ്മിനീന്റെ ഉപദേശം •

**ഏതുകാര്യങ്ങൾക്കാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് പ്രതിജ്ഞ വാങ്ങിയത് അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുക (സന്ദേശം ജൽസാസാലാന ഡന്മാർക്ക് 2019)**

ത്വാലിബെ ദുആ:
C.K.MANSOOR & FAMILY
JAMA-ATH AHMADIYYA, PATHAPIRIYAM

## • കലാമുൽ ഇമാം •

**"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."(മൽഫൂദാത്ത് വാല്യം 1, പേജ് 64)**

ത്വാലിബെ ദുആ:
P.ABDUL AMEER
AHMADIYYA MUSLIM JAMAATH, MANJERI

തിരുമേനിയുടെ പ്രവചനം പോലെത്തന്നെ ആ മഹാത്മാവിന് പരിക്കുപറ്റുകയും നിരവധി സ്വഹാബാക്കൾ ശഹീദാകുകയും ചെയ്തു. കൂടാതെ ചരിത്രത്തിൽ മറ്റൊരിടത്തും കാണാൻ കഴിയാത്ത ആത്മാർഥതയും കൂറും മുസ്‌ലിമീങ്ങൾക്ക് പ്രകടിപ്പിക്കാനുള്ള അവസരവും ലഭിക്കുകയുണ്ടായി.(ദീബാച്ച തഫ്സീറുൽ ഖുർആൻ, അൻവാറുൽഉലൂം വാള്യം 20 പേജ് 253)

ഉഹുദുയുദ്ധം വൻ വിജയമായിരുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)യുദ്ധത്തിനുശേഷം എങ്ങനെയാണ് തഅ്‌ലീം തർബിയ്യത്ത് കാര്യങ്ങൾ വീണ്ടും ആരംഭിച്ചതെന്ന് വിവരിക്കുന്നു: ഈ യുദ്ധത്തിൽ നിരവധി മുസ്‌ലിമീങ്ങൾ കൊല്ലപ്പെടുകയും നിരവധിപേർക്ക് പരക്കേൽക്കുകയും ചെയ്തു. എങ്കിലും ഉഹുദുയുദ്ധം പരാജയമാണെന്ന് പറയാൻ കഴിയില്ല. ഇതൊരു വൻ വിജയമായിരുന്നു. എത്രത്തോളമെന്നാൽ, ഖിയാമത്തുനാൾവരെയും മുസ്‌ലിമീങ്ങൾക്ക് ഇതോർത്ത് തങ്ങളുടെ വിശ്വാസം വർധിപ്പിക്കാൻ കഴിയുന്നതാണ്. മദീനയിലെത്തിയ ശേഷം നബി(സ)തിരുമേനി തന്റെ യഥാർഥ ജോലി അതായത് തഅ്‌ലീം, തർബിയ്യത്ത്, ആത്മസംസ്കരണം എന്നിവ ആരംഭിച്ചു. പക്ഷേ, ഈ കാര്യങ്ങൾ എളുപ്പത്തിൽ ചെയ്യാൻ കഴിയുമായിരുന്നില്ല. ഉഹുദ് സംഭവത്തിനുശേഷം യഹൂദികളിൽ ധൈര്യം കൂടുകയും മുനാഫിഖീങ്ങൾ അഥവാ കപടവിശ്വാസികൾ കൂടുതൽ തലപൊക്കുകയും ഇസ്‌ലാമിനെ വിപാടനം ചെയ്യാൻ മനുഷ്യകരങ്ങൾകൊണ്ട് സാധ്യമാകുമെന്നു കരുതിത്തുടങ്ങുകയും ചെയ്തു. യഹൂദികൾ മ്ലേഛമായ കവിതകൾ രചിച്ചുകൊണ്ട് നബി(സ)തിരുമേനിയേയും കുടുംബത്തെയും അപകീർത്തിപ്പെടുത്താൻ ശ്രമിച്ചു. ഒരിക്കൽ നബി(സ)തിരുമേനിക്ക് ഒരു വഴക്കിൽ തീരുമാനം കൽപ്പിക്കാൻ യഹൂദികളുടെ കോട്ടയിൽ പോകേണ്ടതായി വന്നു. അവിടന്ന് ഇരുന്നതിനു മുകൾ ഭാഗത്ത് ഒരു തിട്ട ഉണ്ടായിരുന്നു. അവിടെനിന്ന് ഭാരമുള്ള കല്ല് ഉരുട്ടി ആ മഹാത്മാവിനുമേൽ ഇട്ടുകൊണ്ട് വകവരുത്താൻ അവർ പദ്ധതിയിട്ടു. പക്ഷേ, അല്ലാഹു നബി(സ)തിരുമേനിയെ അതേപ്പറ്റി യഥാസമയം അറിയിക്കുകയും അങ്ങനെ അവിടെനിന്ന് ഒന്നും പറയാതെ തിരിച്ചു വരികയും ചെയ്തു. പിന്നീട് യഹൂദികൾ തങ്ങളുടെ കുറ്റം സമ്മതിക്കുകയുണ്ടായി.(ദീബാച്ച തഫ്സീറുൽ ഖുർആൻ, അൻവാറുൽ ഉലൂം, വാള്യം 20, പേജ് 257)

ഉഹുദുയുദ്ധത്തിനു തൊട്ടുശേഷമുള്ള സംഭവങ്ങളും ഹംറാഉൽ അസദ് യുദ്ധനീക്കത്തിന്റെ വിവരണങ്ങളും ഇവിടെ അവസാനിക്കുകയാണ്. ലോകത്തിന്റേയും മുസ്‌ലിമീങ്ങളുടെയും അവസ്ഥകളിലേക്കും ഫലസ്തീനെ സംബന്ധിച്ചും ദുആകളിലേക്ക്, ശ്രദ്ധ ക്ഷണിക്കുകയാണ്. കുറച്ചു കാലത്തേക്ക് യുദ്ധ വിരാമം വേണമെന്ന് പ്രത്യക്ഷത്തിൽ ചില കേന്ദ്രങ്ങളിൽനിന്ന് ആവശ്യമുയരുന്നുണ്ട്. ഇതുണ്ടായാൽപോലും ഫലസ്തീനികൾക്കുമേൽ അക്രമം അവസാനിക്കില്ലെന്നാണ് തോന്നുന്നത്. അതുകൊണ്ട് ഒരുപാട് ദുആ ചെയ്യുക. അല്ലാഹുവിലേക്ക് കുനിയാൻ ഫലസ്തീനികൾക്കും അല്ലാഹു തൗഫീഖു നൽകുമാറാകട്ടെ. ഏതായാലും ഈ അവസ്ഥകൾ അഹങ്കാരികളുടെ ഗർവ് ഇല്ലാതാക്കാനുള്ള അവസരവും ഒരുക്കിയിരിക്കുന്നു. അവരുടെ അഹങ്കാരം ഇല്ലാതാക്കാൻ അല്ലാഹുതന്നെ ഒരു പദ്ധതി ഉണ്ടാക്കിയതായി തോന്നുന്നു. അതെപ്പോൾ പൂർത്തിയാകുമെന്ന് അല്ലാഹുവിനു മാത്രമേ നന്നായി അറിയൂ. ഏതായാലും അവരുടെ അഹങ്കാരം തകരാൻ തുടങ്ങിയിരിക്കുന്നു. അവരുടെ ഉള്ളിൽ നിന്നുതന്നെ എതിരാളികൾ തലപൊക്കാൻ തുടങ്ങിയിരിക്കുന്നു. അമേരിക്കയിലും പ്രതിഷേധം ഉണ്ടായിക്കൊണ്ടിരിക്കുന്നു. പ്രതിഷേധം അവസാനിപ്പിക്കാൻ ഇപ്പോൾ ശക്തി പ്രയോഗിക്കുകയാണ്. പക്ഷേ, ഈ തീപ്പൊരികൾ ഉയരുകതന്നെ ചെയ്യും. താൽക്കാലികമായി തടഞ്ഞാലും വീണ്ടും പൊങ്ങുകതന്നെ ചെയ്യുന്നതാണ്. അല്ലാഹു ലോകത്തിലെ വൻശക്തികൾക്ക് വിവേകം നൽകുമാറാകട്ടെ. അവർ നീതിപൂർവം പ്രവർത്തിക്കുന്നവരാകുമാറാകട്ടെ. ഇപ്പോൾ തങ്ങൾക്കുള്ള നിയമം ഒന്നും, മറ്റുള്ളവർക്ക് വേറൊന്നുമാണ്. ഇതു പിന്നീട് യു.എൻ.ഓ യെ പൊളിക്കാനും കാരണമാകുന്നതാണ്.

ഇനി ഞാൻ എനിക്കുവേണ്ടി ദുആക്ക് പറയാനാഗ്രഹിക്കുന്നു. കുറച്ചുകാലമായി എനിക്ക് ഹൃദയവാൾവ് സംബന്ധമായി പ്രയാസമുണ്ടായിരുന്നു. ഡോക്ടർ പ്രൊസീജറുകളും മറ്റും പറയാറുണ്ട്. പക്ഷേ, ഞാൻ അത് മാറ്റിവെച്ചുകൊണ്ടിരുന്നു. ഇനിയും കാത്തിരിക്കുന്നത് ഉചിതമല്ലെന്നും അത്തരം ഘട്ടത്തിലാണെന്നും ഡോക്ടർമാർ പറയുകയുണ്ടായി. അങ്ങനെ അവർ പറഞ്ഞതു പ്രകാരം വാൾവ് മാറ്റുന്ന പ്രൊസീജർ നടത്തി. അൽഹംദുലില്ലാഹ് അത് ശരിയാകുകയും ചെയ്തു. അതുകൊണ്ട് ഡോക്ടർമാരുടെ നിർദ്ദേശപ്രകാരം എനിക്ക് മസ്ജിദിൽ വരാൻ കഴിഞ്ഞില്ല. ഞാൻ പറഞ്ഞതുപോലെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ മെഡിക്കൽ പ്രൊസീജറുകൾ വിജയകരമായി പൂർത്തിയായെന്നാണ് ഡോക്ടർമാർ പറഞ്ഞത്. അല്ലാഹു എത്രതന്നെ ആയുസ്സ് തരികയാണെങ്കിലും ഊർജസ്വലമായി ജീവിതം നൽകാൻ ദുആ ചെയ്യുക.(വിവർത്തനം: എച്ച്.ശംസുദ്ദീൻ കാവശ്ശേരി)

# ചില ആക്ഷേപങ്ങൾക്കുള്ള മറുപടി

**മൻസ്വൂർ അഹ്മദ് മസൂർ ഖാദിയാൻ**

### ഹദ്റത്ത് ആയിശ(റ)യുടെ വിവാഹപ്രായം

ഇനി ഞങ്ങൾ ഇക്കാലത്ത് നബി(സ)തിരുമേനി ബ്രിട്ടീഷ് സർക്കാറിന്റെ കീഴിലാണെങ്കിൽ സർക്കാർ അദ്ദേഹത്തോടു എങ്ങനെ പെരുമാറുമെന്നും അതേപോലെ ഒമ്പതാമത്തെ വയസ്സിൽ വിവാഹം കഴിച്ചുവെന്നുള്ള ആക്ഷേപത്തിന് എന്തു മറുപടിയാണുള്ളതെന്നതിനും ഹദ്റത്ത് മസീഹ് മൗഊദ്(അ)നല്കിയ വിശദീകരണം താഴെ കൊടുക്കുകയാണ്:

ഹദ്റത്ത് ആഇശാ സിദ്ദീഖായെ(റ) കുറിച്ച് നബി(സ)തിരുമേനി ഒമ്പതാം വയസിലാണ് അവരെ വിവാഹം കഴിച്ചതെന്ന് പാതിരി എഴുതുകയും അത് വ്യഭിചാരമാണെന്ന് പറയുകയും ചെയ്തു. അതിനുള്ള മറുപടിയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ഇങ്ങനെ എഴുതി: ഒന്നാമതായി 9 വർഷമെന്ന് നബി(സ)തിരുമേനി പറഞ്ഞതായി സ്ഥാപിതമല്ല. അതിനെ സംബന്ധിച്ച് ഒരു വെളിപാടുമുണ്ടായിട്ടില്ല. 9 വർഷം തന്നെയാണെന്ന് മുത്തവാത്തിറായ(അനുസ്യൂതം)വിവരങ്ങൾകൊണ്ട് സ്ഥിരീകരിക്കപ്പെട്ടിട്ടുമില്ല. ഒരു റാവി പറഞ്ഞുവെന്നത് മാത്രമാണ് അതിന്നാധാരം. അറേബ്യൻ ജനത ജനന രജിസ്റ്റർ സൂക്ഷിക്കാറുണ്ടായിരുന്നില്ല. അവർ നിരക്ഷരരായിരുന്നു. അവരുടെ അവസ്ഥ നോക്കുമ്പോൾ രണ്ടുമൂന്ന് വർഷത്തെ ഏറ്റക്കുറച്ചിൽ സ്വാഭാവികമാണ്. നമ്മുടെ രാജ്യത്തിലേയും മിക്കനിരക്ഷരർക്കും രണ്ടുനാലു വർഷത്തെയും വ്യത്യാസം നല്ലവണ്ണം സൂക്ഷിച്ചുവെക്കാൻ സാധിക്കുകയില്ല. ഇനി താൽക്കാലികമായ സങ്കല്പിച്ചാൽത്തന്നെയും അതായത് ദിവസേനയുള്ള കണക്കുകൂട്ടി 9 വർഷമാണെങ്കിൽത്തന്നെയും ഒരു ബുദ്ധിമാനും ആക്ഷേപം ഉന്നയിക്കുകയില്ല. എന്നാൽ, മൂഢന് ചികിത്സയൊന്നുമില്ല. 9 വയസ്സിനുള്ളിൽ പെൺകുട്ടികൾ പ്രായപൂർത്തിയാകുമോ എന്ന് ഞാൻ ഡോക്ടർമാരുടെ ഗവേഷണത്തിന്റെ അടിസ്ഥാനത്തിൽ എന്റെ പുസ്തകത്തിൽ സ്ഥാപിച്ചു കാണിക്കുന്നതായിരിക്കും. എന്നല്ല, 7-ാം വയസ്സിലും കുട്ടികളുണ്ടാകാം. വലിയ വലിയ പരിശോധനകളിലൂടെ ഡോക്ടർമാർ സ്ഥാപിച്ചിട്ടുള്ളതാണിത്. നൂറുക്കണക്കിനാളുകൾ ഇതിന് ദൃക്സാക്ഷികളുമാണ്; ഇതേ രാജ്യത്ത് എട്ടെട്ട്, ഒമ്പതൊമ്പത് വയസ്സുള്ള പെൺകുട്ടികൾക്ക് മക്കളുണ്ട്.(നൂറുൽഖുർആൻ നമ്പർ 2, റൂഹാനീ ഖസാഇൻ വാള്യം 9, പേജ് 377)

**സർക്കാറിന്റെ നിയമത്തിൽ വിവാഹപ്രായം 18 ആണെന്ന ആക്ഷേപത്തിനുള്ള മറുപടി**

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:എന്നാൽ, താങ്കളെ ഓർത്തു വിഷമമൊന്നുമില്ല. വിഷമിക്കാനും പാടില്ല. കാരണം താങ്കൾ വെറും പക്ഷപാതി മാത്രമല്ല, മറിച്ച് ഒന്നാംതരം മൂഢനുമാണ്. സർക്കാറിന്റെ നിയമം പ്രജകളുടെ അപേക്ഷ പ്രകാരവും അവരുടെ ആചാരവും സമൂഹത്തിലെ പൊതുവിലുള്ള കാര്യങ്ങളുടെ അടിസ്ഥാനത്തിലുമാണ് തയ്യാറാക്കപ്പെടുന്നതെന്ന വിവരംപോലും താങ്കൾക്കില്ല. ഇവരിലാരും തത്ത്വജ്ഞാനികളെ പോലെ ഗവേഷണം നടത്താറില്ല. താങ്കൾ വീണ്ടും വീണ്ടും സർക്കാരിനെ കുറിച്ച് സ്മരിക്കുന്നുണ്ടല്ലോ. ഞങ്ങൾ സർക്കാറിനോടു നന്ദിയുള്ളവരാണെന്നത് തികച്ചും സത്യമാണ്. പക്ഷേ, ഞങ്ങൾ അവരെ തെറ്റിൽനിന്ന് മുക്തരാണെന്നും ഇവരുടെ നിയമങ്ങൾ തത്ത്വപൂർണമായ ഗവേഷണത്തിലധിഷ്ഠിതമാണെന്നും കരുതുന്നില്ല. മറിച്ച് നിയമങ്ങൾ ഉണ്ടാക്കാനുള്ള അടിസ്ഥാനം പ്രജകളുടെ ഭൂരിപക്ഷമാണ്. സർക്കാറിന്റെ നിയമങ്ങളിൽ തെറ്റില്ലാതിരിക്കാൻ അവരിൽ വെളിപാടൊന്നും ഇറങ്ങാറില്ല. ആ വിധത്തിൽ നിയമങ്ങൾ സംരക്ഷിക്കപ്പെടുന്നുവെങ്കിൽ പുതിയപുതിയ നിയമങ്ങൾ എന്തിന് ഉണ്ടാകണം? ഇംഗ്ലണ്ടിൽ പെൺകുട്ടികൾ പ്രായപൂർത്തിയാകുന്ന സമയം 18 വർഷമാണ് നിശ്ചയിച്ചിട്ടുള്ളത്. ചൂടുപ്രദേശങ്ങളിൽ പെൺകുട്ടികൾ വളരെ പെട്ടെന്നുതന്നെ പ്രായപൂർത്തിയാകുന്നു. സർക്കാറിന്റെ നിയമങ്ങൾക്ക് തെറ്റുകൾ സംഭവിക്കുകയില്ലെന്ന് താങ്കൾ കരുതുകയാണെങ്കിൽ ഇഞ്ചീലിനേയും നിയമത്തേയും കുറിച്ച് താരതമ്യപ്പെടുത്തി താങ്കളെ അൽപം സേവിക്കാം. ചുരുക്കത്തിൽ തങ്ങളുടെ നിയമം തൗറാത്തിനേയും ഇഞ്ചീലിനേയുംപോലെ തെറ്റിൽനിന്ന് മുക്തമാണെന്നുള്ള നോട്ടീസൊന്നും സർക്കാർ നല്കിയിട്ടില്ല. ഇനി തങ്കൾക്ക് അതിനെക്കുറിച്ച് എന്തെങ്കിലും നോട്ടീസ് ലഭിച്ചിട്ടുണ്ടെങ്കിൽ അത് അയച്ചു തരിക. പിന്നെ സർക്കാറിന്റെ നിയമം ദൈവികഗ്രന്ഥംപോലെ തെറ്റിൽനിന്ന് മുക്തമല്ലെങ്കിൽ അതിനെക്കുറിച്ച് സ്മരിക്കുക എന്നതുതന്നെ വിഡ്ഢിത്തം കാരണമായോ അല്ലെങ്കിൽ പക്ഷപാതിത്വം കാരണമായിട്ടോ ആണ്. പക്ഷേ, താങ്കൾ കഴിവില്ലാത്തയാളാണ്.(Ibid പേജ് 378)

9 വയസ്സെന്നല്ല 7 വയസ്സിലും പെൺകുട്ടി പ്രായപൂർത്തിയാകുന്നുവെന്ന് യൂറോപ്യൻ ഡോക്ടറുടെ ഗവേഷണം

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)പ

റയുന്നു: സർക്കാരിന് തങ്ങളുടെ നിയമങ്ങളിൽ വിശ്വാസമുണ്ടായിരുന്നെങ്കിൽ, എന്തുകൊണ്ട് വർത്തമാനകാലത്ത് യൂറോപ്പിൽ വലിയ ഗവേഷണങ്ങളിലൂടെ 9 വയസ്സ് എന്നല്ല ഏഴു വയസ്സിലും ചില സ്ത്രീകൾ പ്രായപൂർത്തിയാകുന്നുണ്ടെന്ന് പറഞ്ഞ ഡോക്ടർമാരെ ശിക്ഷിച്ചില്ല.

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇതിന്റെ അടിസ്ഥാനത്തിലും പാതിരിയുടെ വിവരങ്ങളെ ടുക്കുകയും, താങ്കൾ സർക്കാരിന്റെ നിയമം ഉദ്ധരിക്കുന്നതിനു പകരം തന്റെ മതഗ്രന്ഥത്തിന്റെ ഉദ്ധരണി നല്കുകയായിരുന്നു വേണ്ടിയിരുന്നതെന്ന് പറയുകയും ചെയ്തു. അവിടന്ന് പറയുന്നു:

9 വയസ്സിന്റെ പ്രായത്തെ സംബന്ധിച്ച് ആക്ഷേപം ഉന്നയിച്ച് തൗറാത്തിന്റേയും ഇഞ്ചീലിന്റേയും ഒരു ഉദ്ധരണിയും നല്കാൻ താങ്കൾക്ക് കഴിഞ്ഞില്ല. കേവലം സർക്കാരിന്റെ നിയമത്തെ കുറിച്ച് പറഞ്ഞു. ഇതിൽനിന്ന് താങ്കൾക്ക് തൗറാത്തിലും ഇഞ്ചീലിലും വിശ്വാസമില്ലെന്ന് മനസ്സിലായി. ഇല്ലെങ്കിൽ 9-ാം വയസ്സിൽ വിവാഹം കഴിക്കുന്നത് നിഷിദ്ധമാണെന്ന് തൗറാത്തിൽനിന്ന് സ്ഥാപിക്കണമായിരുന്നു. അല്ലെങ്കിൽ ഇഞ്ചീലിൽനിന്ന് സ്ഥാപിക്കേണ്ടതായിരുന്നു. പാതിരിസാഹിബേ! ഇതാണ് കളവ്. ദൈവഗ്രന്ഥങ്ങളുടെ പ്രശ്നങ്ങളിൽ താങ്കൾ സർക്കാർ നിയമമാണ് സമർപ്പിച്ചത്.(Ibid പേജ് 379)

**നബി(സ)തിരുമേനി ഇക്കാലത്ത് ജീവിച്ചിരുന്നുവെങ്കിൽബ്രിട്ടീഷ് സർക്കാർ അദ്ദേഹത്തോടു എങ്ങനെ പെരുമാറുമായിരുന്നു? എന്ന ധിക്കാരപൂർവമായി ചോദ്യത്തിനുള്ള മറുപടി**

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു:താങ്കളുടെ പക്കൽ സർക്കാരിന്റെ നിയമത്തിന്റെ എല്ലാ കാര്യങ്ങളും കുറ്റവിമുക്തമാണെങ്കിൽ, ദൈവഗ്രന്ഥങ്ങളെപോലെ എന്നല്ല അവയേക്കാൾ ശ്രേഷ്ഠമാണെങ്കിൽ ഞാൻ താങ്കളോടു ചോദിക്കുന്നു,

(1)ബ്രിട്ടീഷ് നിയമത്തിനു വിരുദ്ധമായി ഏതെല്ലാം നബിമാരാണോ ലക്ഷക്കണക്കിന് മുലകുടിക്കുന്ന കുഞ്ഞുങ്ങളെ കൊന്നൊടുക്കിയത് അവർ ഇക്കാലത്ത് ജീവിച്ചിരിപ്പുണ്ടെങ്കിൽ സർക്കാർ അവരോടു എങ്ങനെയായിരിക്കും പെരുമാറുക.

(2)മറ്റുള്ളവരുടെ വയലുകളിലെ ധാന്യക്കുലകൾ പൊട്ടിച്ചുതിന്നിരുന്നവർ സർക്കാരിനു മുമ്പിൽ കുറ്റക്കാരായി വന്നിരുന്നെങ്കിൽ സർക്കാർ അവർക്കും അവർക്ക് അനുവാദം നല്കിയവർക്കും എന്തെന്തു ശിക്ഷ കൊടുക്കുമായിരുന്നു?

(3)വീണ്ടും ഞാൻ ചോദിക്കുകയാണ് അത്തിപ്പഴം തിന്നാൻ ഓടിപ്പോയിരുന്നയാൾ-അത്തിമരം അയാളുടേതല്ല എന്നത് ഇഞ്ചീലിൽനിന്ന് സ്ഥാപിതമാണ്, മറിച്ച് അന്യരുടെ സ്വത്തായിരുന്നു- സർക്കാരിന്റെമുമ്പിൽ ഇങ്ങനെ ചെയ്താൽ സർക്കാർ അയാൾക്ക് എന്ത് ശിക്ഷ നല്കും?

(4)ഉടമയാരെന്ന് അറിയാത്ത ധാരാളം പന്നികളെ മസീഹ് നശിപ്പിച്ചുവെന്ന് ഇഞ്ചീലിൽനിന്ന് സ്ഥാപിതമാണ്. പാതിരി ക്ലാർക്ക് പറഞ്ഞത് അവയുടെ എണ്ണം രണ്ടായിരമാണെന്നാണ്. ഇനി താങ്കൾതന്നെ പറയുക. ശിക്ഷകളുടെ അടിസ്ഥാനത്തിൽ അതിനുള്ള ശിക്ഷയെന്താണ്? ഇപ്പോൾ ഇത്രമാത്രം എഴുതിയത് മതിയായതാണ്. മറുപടി തീർച്ചയായും എഴുതണം. എങ്കിലല്ലെ കൂടുതൽ ചോദിക്കാൻ പറ്റൂ.

**പാതിരി ഫതഹ് മസീഹിന് ഉപദേശം; ഇത്തരം ആക്ഷേപങ്ങളിൽനിന്ന് വിട്ടു നില്ക്കുക.**

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:പാതിരിസാഹിബേ! 9 വയസ്സു പ്രായമുള്ള പെൺകുട്ടിയുമായി ഇണചേരുന്നത് വ്യഭിചാരത്തിന്റെ കല്പനയാണെന്നുള്ള താങ്കളുടെ ധാരണ തെറ്റാണ്. താങ്കളുടെ സത്യസന്ധത ഇഞ്ചീലിലൂടെ തെളിയിക്കുകയാണ് വേണ്ടത്. ഇഞ്ചീൽ താങ്കളെ തള്ളിക്കളയുകയാണ്. അവിടെ ഒന്നും നടക്കാത്തത് കണ്ടപ്പോൾ സർക്കാറിന്റെ കാലിൽവന്നു വീണു. ഓർത്തുകൊള്ളുക! ഈ അസഭ്യം സാത്താനിക പക്ഷപാതിത്വത്തിൽനിന്നാണ്. പരിശുദ്ധ പ്രവാചകനെക്കുറിച്ച് ദുർനടപടിയുടെ ആരോപണം ഉന്നയിക്കുക എന്നത് ശയ്ത്വാന്റെ പണിയാണ്. ഈ രണ്ടു പരിശുദ്ധ പ്രവാചകന്മാരിൽ അതായത് നബി(സ)തിരുമേനിയിലും ഹദ്റത്ത് മസീഹിലും അവിശുദ്ധരായ ജനങ്ങൾ കഠിനമായ അപരാധം പറഞ്ഞു. ഈ വൃത്തികെട്ടവർ ലഅ്നത്തുല്ലാഹി അലയ്ഹിം ആദ്യത്തെ നബിയെ വ്യഭിചാരപുത്രൻ എന്നു പറഞ്ഞു. വൃത്തികെട്ടവരായ യഹൂദികളെപ്പോലെ താങ്കളും രണ്ടാമത്തെയാളെ വ്യഭിചാര സന്താനമെന്ന് പറയുന്നു. ഇത്തരം ആക്ഷേപങ്ങളിൽനിന്ന് വിട്ടു നില്ക്കേണ്ടതാണ്.(Ibid പേജ് 680)

**മുഹമ്മദിനെപോലുള്ള വ്യക്തി ഇന്ന് ബ്രിട്ടീഷ് സർക്കാരിന്റെ കാലത്തുണ്ടായിരുന്നെങ്കിൽ സർക്കാർ എങ്ങനെയായിരിക്കും പെരുമാറുക? എന്നഅപമര്യാദനിറഞ്ഞ ചോദ്യത്തിന് യഥാർഥവും വിറകൊള്ളിക്കുന്നതുമായ മറുപടി**

താങ്കൾ വ്യക്തമായും മനസ്സിലാക്കുക, ആ ഇരു ലോകത്തിന്റേയും നേതാവ് ഈ സർക്കാരിന്റെ കാലത്തുണ്ടായിരുന്നെങ്കിൽ ഈ ഭാഗ്യമുള്ള സർക്കാർ ഈ സേവകനെ തങ്ങളുടെ അന്തസ്സായി മനസ്സിലാക്കുമായിരുന്നു; റോമാചക്രവർത്തി വെറും ചിത്രം കണ്ടുകൊണ്ട് എഴുന്നേറ്റു നിന്നതുപോലെ. ഈ സർക്കാരിനെ സംബന്ധിച്ച് അവർ ദൈവത്തിന്റെ പരിശുദ്ധന്മാരുടെ ശത്രുവാണെന്ന നിലയിൽ താങ്കൾ ഇത്തരം തെറ്റായ ധാരണകൾ വെച്ചുപുലർത്തുന്നത് താങ്കളുടെ അയോഗ്യതയും ദൗർഭാഗ്യവുമാണ്. ഈ സർക്കാർ ഇക്കാലത്ത് മുസ്‌ലിമീങ്ങളിലെ ചെറിയ ചെറിയ അമീർമാരെ പോലും ആദരിക്കുന്നവരാണ്. നോക്കുക! നസ്വ്റുല്ലാഹ് ഖാൻ അദ്ദേഹം ഈയുള്ളവന്റെ ദാസരിൽ അത്ര ഉയർന്ന സ്ഥാനമുള്ള ആളല്ലെങ്കിലും നമ്മുടെ ഇന്ത്യയിലെ രാജ്ഞി എങ്ങനെയാണ് അദ്ദേഹത്തെ ആദരിച്ചത്. അപ്പോൾ ഈ ലോകത്തും സ്ഥാനമുൾക്കൊള്ളുന്ന ആ ഉന്നതനായ പരിശുദ്ധ വ്യക്തി(സ)യുടെ മുമ്പിൽ രാജാവു പോലും അദ്ദേഹത്തിന്റെ കാലിൽ വീണിരുന്നു. അദ്ദേഹം ഇക്കാലത്തുണ്ടായിരുന്നെങ്കിൽ സംശയമൊന്നുമില്ല ഈ സർക്കാർ അദ്ദേഹത്തോടു ആദരണീയമായ രീതിയിൽ പെരുമാറുമായിരുന്നു. ദൈവിക സർക്കാരിനു മുമ്പിൽ മാനുഷികമായ സർക്കാരുകൾക്ക് വിനയത്തോടെ പെരുമാറുകയല്ലാതെ ഒന്നും നടക്കുകയില്ല. താങ്കൾക്കറിയില്ലേ? നബി(സ)തിരുമേനിയുടെ കാലത്തുണ്ടായിരുന്ന ക്രൈസ്തവരാജാവായ റോമാചക്രവർത്തി ഈ സർക്കാരിന്റെ സ്ഥാനത്തേക്കാൾ കുറച്ചു കുറവായിരുന്നുവോ? അദ്ദേഹം പറയുന്നു, ആ മഹാനായ നബിയുടെ സഹവാസത്തിൽ കഴിയാൻ എനിക്കു ഭാഗ്യമുണ്ടായിരുന്നെങ്കിൽ, ഞാൻ അദ്ദേഹത്തിന്റെ കാല് കഴുകുമായിരുന്നു. അതിനാൽ റോമാചക്രവർത്തി പറഞ്ഞതുതന്നെ തീർച്ചയായും ഈ ഭാഗ്യശാലിയായ സർക്കാരും പറയുമായിരുന്നു. എന്നല്ല,അതിനെക്കാൾ കൂടുതൽ പറയുമായിരുന്നു.

**ആയിരം രൂപയുടെ ഇനാം**

ഹദ്റത്ത് മസീഹിനെ കുറിച്ച് അക്കാലത്തെ ഒരു ചെറിയ ജന്മിപോലും റോമാചക്രവർത്തി നബി(സ)തിരുമേനിയെ കുറിച്ച് പറഞ്ഞതുപോലെ- അത് ഇന്നേവരെ അങ്ങേയറ്റം ശരിയായ ചരിത്രത്തിലും ഹദീഥുകളിലും രേഖപ്പെടുത്തിയിട്ടുള്ളതാണ്- പറഞ്ഞതായി താങ്കൾ സ്ഥാപിച്ചുകാണിച്ചാൽ ഞാൻ താങ്കൾക്ക് ഇപ്പോൾതന്നെ ആയിരം രൂപ രൊക്കം സമ്മാനമായി നല്കുന്നതായിരിക്കും. ഇനി താങ്കൾക്ക് ഇതിന് തെളിവ് നല്കാൻ കഴിഞ്ഞില്ലെങ്കിൽ ഈ നിന്ദ്യമായ ജീവിതത്തേക്കാൾ മരിക്കുന്നതായിരിക്കും താങ്കൾക്ക് നല്ലത്. കാരണം റോമാചക്രവർത്തി ഈ ഉന്നതമായ സർക്കാരിന്റെ തുല്യതയുള്ള ആളായിരുന്നു. എന്നല്ല ചരിത്രത്തിൽനിന്ന് മനസ്സിലാകുന്നത് അക്കാലത്ത് അവരുടെ ശക്തിക്ക് സമാനമായ ഒരു ശക്തിയും ലോകത്തുണ്ടായിരുന്നില്ല എന്നാണ്. നമ്മുടെ സർക്കാർ ആ നിലവരെ എത്തിയിട്ടില്ല. എന്നിട്ടും റോമാചക്രവർത്തി ആ രാജത്വത്തിന്റെ മറനീക്കി പറയുന്നു; എനിക്ക് ആ ഉന്നതവ്യക്തിയുടെ തിരുസന്നിധിയിലെത്താൻ കഴിഞ്ഞിരുന്നെങ്കിൽ ആ പരിശുദ്ധന്റെ കാലു കഴുകുമായിരുന്നുവെന്ന്! അപ്പോൾ ഈ സർക്കാർ അതിനേക്കാൾ കുറഞ്ഞ ഭാഗ്യമുള്ളവരാണോ? തീർച്ചയായും ഈ സർക്കാരും അത്തരം രാജാവിന്റെ കാലിൽ വീഴുന്നത് അന്തസ്സായി മനസ്സിലാക്കുമായിരുന്നുവെന്ന് ഞാൻ വാദത്തോടെ പറയുന്നു. കാരണം ഈ സർക്കാർ ആ ആകാശരാജാവിനെ നിഷേധിക്കുന്നവരല്ല. അവന്റെ ശക്തിയുടെ മുമ്പിൽ മനുഷ്യൻ ഒരു ചത്ത കീടത്തിനുപോലും തുല്യനല്ല........ അതേ ഏതെങ്കിലും വ്യക്തി ഈ സർക്കാരിന്റെ നാട്ടിൽ താൻ ദൈവമാണെന്നും ദൈവത്തിന്റെ പുത്രനാണെന്നും പറഞ്ഞ് ബഹളംവെക്കുമ്പോൾ സർക്കാർ അതിനെ എന്തുകൊണ്ട് അകറ്റുന്നില്ലാ എന്ന് ചോദിക്കുകയാണെങ്കിൽ, അതിനുള്ള മറുപടി ഈ വാത്സല്യനിധിയായ സർക്കാർ അവനെ ചികിത്സിച്ച് ഭേദപ്പെടുത്താൻ ഏതെങ്കിലും ഡോക്ടറെ ഏല്പിക്കുന്നുവെന്നാണ്. അല്ലെങ്കിൽ വലിയ വീട്ടിൽ സുരക്ഷിതമായി അവനെ താമസിപ്പിക്കുന്നു. ലാഹോറിൽ ഇത്തരത്തിലുള്ള ഒരുപാടാളുകൾ ഒരുമിച്ചുകഴിയുന്നുണ്ട്.(Ibid പേജ് 382)

**നബിതിരുമേനിയുടേയും ഈസാമസീഹിന്റേയുമിടയിൽ വ്യക്തമായ വ്യത്യാസം**

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: നമ്മൾ ഹദ്റത്ത് മസീഹിനേയും നബി(സ)തിരുമേനിയേയും നിലവിലുണ്ടായിരുന്ന സർക്കാറുകൾ അവരോടു എങ്ങനെയാണ് പെരുമാറിയിരുന്നതെന്നും എങ്ങനെയാണ് അവരുടെ ദൈവികമായ പ്രതാപം അല്ലെങ്കിൽ ദൈവസഹായം സ്വാധീനം കാണിച്ചതെന്നും താരതമ്യം ചെയ്തുനോക്കുമ്പോൾ ഹദ്റത്ത് മസീഹിൽ ഖാത്തമുന്നബിയ്യീൻ നബി(സ)തിരുമേനിയെ അപേക്ഷിച്ച് ദൈവത്വം അവിടെ നില്ക്കട്ടെ, നുബുവ്വത്തിന്റെ മഹിമാവിലാസം പോലും കാണുന്നില്ല. പരിശുദ്ധ പ്രവാചകന്റെ ഭാഗത്തുനിന്ന് രാജാക്കാന്മാരുടെ പേരിൽ കത്തുകളയച്ചപ്പോൾ റോമാചക്രവർത്തി താൻ ക്രൈസ്തവരുടെ കൈയിൽ അകപ്പെട്ടുപോയെന്ന് നെടുവീർപ്പിട്ടുകൊണ്ട് പറഞ്ഞു. എനിക്ക് ഈ സ്ഥലത്തുനിന്ന് പുറപ്പെടാൻ സൗകര്യമുണ്ടായിരുന്നെങ്കിൽ അദ്ദേഹത്തിന്റെ സന്നിധിയിൽ ഹാജരാകുന്നതും അടിമകളെപ്പോലെ പരിശുദ്ധ പ്രവാചകന്റെ കാലുകൾ കഴുകുന്നതും ഞാനെന്റെ അഭിമാനമായി മനസ്സിലാക്കുമായിരുന്നു. എന്നാൽ, ഒരു ദുർഭഗനും വൃത്തികെട്ട മനസ്സിന്റെ ഉടമയുമായ ഇറാനിലെ കിസ്റാ രാജാവ് കത്തുകിട്ടിയപ്പോൾ കോപാകുലനായി നബി(സ)തിരുമേനിയെ അറസ്റ്റു ചെയ്യുന്നതിനുവേണ്ടി പട്ടാളക്കാരെ അയച്ചു. അവർ വൈകുന്നേരത്തോടെ എത്തി. താങ്കളെ അറസ്റ്റുചെയ്യാൻ കല്പനയുമായാണ് വന്നതെന്ന് അവർ പറഞ്ഞു. അവിടന്ന് ആ പാഴ്‌വാക്കുകൾ നിരസിച്ചുകൊണ്ട് നിങ്ങൾ ഇസ്‌ലാം സ്വീകരിക്കുക എന്നു പറഞ്ഞു. ആ നേരത്ത് നബി(സ)തിരുമേനി രണ്ടുമൂന്നു സഖാക്കളുമൊത്ത് മസ്ജിദിൽ ഇരിക്കുകയായിരുന്നു. എന്നാൽ, ദൈവികമായ പ്രതാപം കണ്ട് അവർ രണ്ടുപേരും അടികൊണ്ടതുപോലെ വിറയ്ക്കുകയായിരുന്നു. അവസാനം അവർ ചോദിച്ചു, ഞങ്ങളുടെ ദൈവത്തിന്റെ കല്പ

നയ്ക്കുള്ള മറുപടി എന്താണ്? മറുപടിയെങ്കിലും ഞങ്ങൾ കൊണ്ടുപോകട്ടെ! നബി(സ)തിരുമേനി പറഞ്ഞു:ഇതിന് നാളെ നിങ്ങൾക്ക് മറുപടി ലഭിക്കുന്നതാണ്. അവർ രാവിലെ ഹാജരായപ്പോൾ നബി(സ)തിരുമേനി പറഞ്ഞു:നീ ആരെ കുറിച്ചാണോ ദൈവം എന്നു പറഞ്ഞത് അവൻ ദൈവമല്ല. മരണവും നാശവും സംഭവിക്കാത്തവനാണ് ദൈവം. എന്നാൽ, നിന്റെ ദൈവം വധിക്കപ്പെട്ടു. എന്റെ യഥാർഥ ദൈവം അയാളുടെ മകൻ ശേർവിയ്ക്ക് അവനെതിരിൽ അധികാരം നല്കി. ഇന്ന് അയാൾ സ്വന്തം മകനാൽ വധിക്കപ്പെട്ടു. ഇതാണ് മറുപടി. ഇത് വലിയൊരു മഹാത്ഭുതമായിരുന്നു. ഇതു കണ്ട് ആ നാട്ടിലെ ആയിരക്കണക്കിനാളുകൾ വിശ്വാസം കൈക്കൊണ്ടു. കാരണം അന്ന് രാത്രി കിസ്റാ വധിക്കപ്പെട്ടു. ഓർത്തുകൊള്ളുക ഇക്കാര്യം ഇഞ്ചീലിലെപ്പോലെ അടിസ്ഥാനരഹിതമായ കാര്യമല്ല. പ്രത്യുത ഹദീഥുകളിൽനിന്നും ചരിത്രരേഖകളിൽനിന്നും ശത്രുക്കളുടെ ഏറ്റുപറച്ചിലിലൂടേയും സ്ഥിരീകരിക്കപ്പെട്ട കാര്യമാണ്. ഡിയൂൺ പോർട്ട് സാഹിബും ഈ സംഭവം തന്റെ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ, അക്കാലത്തുള്ള രാജാവിന്റെ മുമ്പിൽ ഹദ്റത്ത് മസീഹിനുള്ള ആദരവ് താങ്കളിൽനിന്ന് ഗോപ്യമല്ല. ഒരു പക്ഷേ, ആ വരികൾ ഇന്നും ഇഞ്ചീലിൽ ഉണ്ടാകും. അതിലെഴുതിയിരിക്കുന്നു. ഹിറോദേസ് ഹദ്റത്ത് മസീഹിനെ കുറ്റവാളിയെപ്പോലെ പിലാത്തോസിന്റെ ഭഗത്തുനിന്ന് കേസ് ഫൈൽ ചെയ്തു. അദ്ദേഹത്തിന് ഒരു കാലംവരെ കൊട്ടാര ജയിലിൽ കഴിയേണ്ടിവന്നു. ഒരു ദൈവത്വവും ഫലം ചെയ്തില്ല. താൻ അദ്ദേഹത്തിന്റെ സേവനം ചെയ്യുന്നതും അദ്ദേഹത്തിന്റെ കാലു കഴുകിക്കൊടുക്കുന്നതും തനിക്ക് അഭിമാനമായിരിക്കുമെന്ന് ഒരു രാജാവും പറഞ്ഞില്ല. പ്രത്യുത പിലാത്തോസ് യഹൂദികൾക്ക് ഏല്പിച്ചു കൊടുത്തു. ഇതായിരുന്നോ ദൈവത്വം. അത്ഭുതകരമായ താരതമ്യമാണ്. രണ്ടു വ്യക്തികൾക്ക് ഒരേ തരത്തിലുള്ള സംഭവങ്ങളുണ്ടാകുന്നു. ഫലത്തിൽ ഇരുവരും പരസ്പരം വ്യതിരിക്തമായി സ്ഥാപിതമാകുന്നു. ഒരാളെ അറസ്റ്റു ചെയ്യാൻ ഒരു അഹങ്കാരിയായ രാജാവ് തന്റെ ദുർമന്ത്രണത്തിൽ പ്രേരിതനാകുകയും അവസാനം ദൈവശാപത്തിൽപ്പെട്ട് തന്റെ മകന്റെ കൈയാൽ വളരെ ദാരുണമായി വധിക്കപ്പെടുകയും ചെയ്യുന്നു. എന്നാൽ, ഇതരനെ അയാളുടെ യഥാർഥ വാദങ്ങൾ ഒന്നും വകവെക്കാതെ അത്യുക്തി കലർത്തി ആകാശത്ത് കയറ്റിവെച്ചിരിക്കുന്നു. വാസ്തവത്തിൽ അറസ്റ്റു ചെയ്യുകയും അദ്ദേഹത്തിന്നെതിരെ കേസ് ഫൈൽ ചെയ്യുകയും വിസ്മയകരമായ രീതിയോടെ അക്രമികളായ പോലീസിന്റെ കസ്റ്റഡിയിൽ ഒരു പട്ടണത്തിൽനിന്ന് മറ്റൊരു പട്ടണത്തിലേക്ക് മാറ്റപ്പെടുകയും ചെയ്തുവെന്നത് ഖേദകരമാണ്. ബുദ്ധിപരമായി പുരോഗതി പ്രാപിച്ച ഇക്കാലത്ത് ഇത്തരം അസഭ്യമായ വിശ്വാസങ്ങളോ? നാണക്കേട്! നാണക്കേട്!നാണക്കേട്!(Ibid പേജ് 384)

**ഖയ്സർ ചക്രവർത്തി കാലു കഴുകാൻ ആഗ്രഹം പ്രകടിപ്പിച്ച കാര്യം പറഞ്ഞിട്ടുള്ള ഹദീഥ്**

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: തനിക്ക് പരിശുദ്ധനായ പ്രവാചകൻ (സ) യുടെ സന്നിധിയിലെത്താൻ സാധിക്കുമെങ്കിൽ ഒരു നിസ്സാര സേവകനായി അദ്ദേഹത്തിന്റെ കാലു കഴുകുന്നതാണെന്ന് പറഞ്ഞ ഹദീഥ് ഏതു ഗ്രന്ഥത്തിലാണ് എഴുതിയിട്ടുള്ളതെന്ന് ചോദിക്കുകയാണെങ്കിൽ അതിനുള്ള മറുപടി അല്ലാഹുവിന്റെ ഗ്രന്ഥത്തിനുശേഷം ഏറ്റവും സ്വീകാര്യയോഗ്യമായി വിശ്വസിക്കപ്പെടുന്ന ബുഖാരിയാണെന്നാണ്. ആ ഹദീഥിന്റെ ഇബാറത്ത് ഇവിടെ എഴുതുകയാണ്. അല്പം കണ്ണു തുറന്ന് വായിക്കുക. അതിതാണ്: വഖദ് കുൻതു അഅ്ലമു അന്നഹൂ ഖാരിജുൻ വലം അക്കു അളുന്നു അന്നഹൂ മിൻകും ഫലൗ അന്നീ അഅ്ലമു അന്നീ അഖ്ലുസ്വു ഇലയ്ഹി ലതജശ്ശംതു ലിഖാഅഹൂ വലൗ കുൻതു യിൻദഹൂ ലഗസൽത്തു അൻ ഖദമയ്ഹി അതായത് എനിക്കറിയാമായിരുന്നു അവസാന കാലത്തെ നബി ആഗതനാകാൻ പോകുന്നുവെന്ന്. എന്നാൽ, അദ്ദേഹം (അറേബ്യക്കാരേ)നിങ്ങളിലാണ് ജനക്കുന്നതെന്ന് എനിക്കറിയില്ലായിരുന്നു. എനിക്ക് അദ്ദേഹത്തിന്റെ സന്നിധിയിലെത്താൻ കഴിയുമെങ്കിൽ അദ്ദേഹത്തിന്റെ ദർശനത്തിന് എനിക്കു ഭാഗ്യമുണ്ടാകാൻ ഞാൻ ഒരുപാട് ശ്രമിക്കുമായിരുന്നു. ഞാൻ അദ്ദേഹത്തിന്റെ തിരുസന്നിധിയിൽ ഉണ്ടായിരുന്നെങ്കിൽ ഞാൻ അദ്ദേഹത്തിന്റെ കാലുകൾ കഴുകുമായിരുന്നു. ഇനി എന്തെങ്കിലും അൽപം അഭിമാനവും ലജ്ജയുമുണ്ടെങ്കിൽ മസീഹിന്റെ മഹത്ത്വത്തിനുവേണ്ടി അക്കാലത്തുണ്ടായിരുന്ന ഏതെങ്കിലും രാജാവ് ഇങ്ങനെ പറഞ്ഞത് കൊണ്ടുവരികയും ഇനാം 1000 രൂപ എന്നിൽനിന്ന് വാങ്ങുകയും ചെയ്യുക. ഇഞ്ചീലിലുള്ള തെളിവുതന്നെ വേണമെന്ന് നിർബന്ധമില്ല. ഏതെങ്കിലും ദുർബലമായ വരികളെങ്കിലും സമർപിക്കുക. ഇനി രാജാവിന്റേയും അമീറിന്റേയുമില്ലെങ്കിൽ നിസാരനായ ഒരു അനുയായിയുടെ എങ്കിലും കൊണ്ടുവരിക. എന്നാൽ. ഓർത്തുകൊള്ളുക താങ്കൾക്കൊരിക്കലും അതു കൊണ്ടുവരാൻ സാധിക്കുകയില്ല. താങ്കൾത്തന്നെയാണ് ഇക്കാര്യം എടുത്തിട്ടത്. പിന്നെ താങ്കൾത്തന്നെ കുറ്റവാളിയായി എന്നത് നരകശിക്ഷയിൽനിന്ന് കുറഞ്ഞ ശിക്ഷയല്ല. സബാശ്! സബാശ്!(Ibid പേജ് 386)

## തൗളീഹെ മറാം

**ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)**

**വിവ: മുഹമ്മദു ഇസ്മായീൽ ആലപ്പുഴ**

**മസീഹിന്റെ രണ്ടാം വരവ്:**

മർയമിന്റെ മകൻ ഹദ്റത്ത് മസീഹ് സ്ഥൂലശരീരത്തോടുകൂടി ആകാശത്തേക്ക് എടുക്കപ്പെട്ടുവെന്നും ഒരു കാലത്ത് ആകാശത്തുനിന്ന് ഇറങ്ങിവരുമെന്നും ഒരളവോളം ഭിന്നാഭിപ്രായത്തോടെയാണെങ്കിലും മുസ്‌ലിമീങ്ങളും ക്രിസ്ത്യാനികളും വിശ്വസിച്ചു വരുന്നു. ഈ വിശ്വാസം തെറ്റാണെന്ന് എന്റെ ഈ ചെറുഗ്രന്ഥത്തിൽ ഞാനെഴുതിക്കഴിഞ്ഞിരിക്കുന്നു. ഇറങ്ങുമെന്നതിന്റെ ഉദ്ദേശ്യം യഥാർഥത്തിൽ മർയമിന്റെ മകൻ മസീഹിന്റെ ഇറക്കമല്ല, പ്രത്യുത ആലങ്കാരികമായ നിലയിൽ ഒരു മസീഹിന്റെ സദൃശൻ വരുമെന്ന സന്ദേശമാണ് നല്കപ്പെട്ടിരിക്കുന്നത്. അതിന്റെ പ്രതീകം അല്ലാഹുവിന്റെ വെളിപാടും അടയാളവുമനുസരിച്ച് ഈ വിനീതനാണ്. വ്യക്തമായ ഇൽഹാം മുഖേന സ്ഥാപിതമായിരിക്കുന്ന എന്റെ ഈ സന്ദേശം പ്രസിദ്ധീകരിക്കുന്നതോടെ ഒരുപാട് പേനകൾ എനിക്കെതിരിൽ ഉയരുകയും ആശ്ചര്യജനകവും അഗ്നിമയമായ ഒരു ബഹളം പൊതുജനങ്ങളിൽ ഉണ്ടാകുകയും ചെയ്യുമെന്ന് എനിക്കറിയാം. വിഷയം വിസ്തരിച്ചു പറയുന്നതിൽനിന്ന് ഇപ്പോൾ മാറിനില്ക്കാനും ആരോപണങ്ങൾ ഉന്നയിക്കപ്പെടുന്ന നേരത്ത് അതകറ്റാൻ വേണ്ടി, ആരോപകരുടെ നിലവിലെ ചിന്താഗതിക്കനുസരിച്ച് വിശദമായ കാരണങ്ങളും തെളിവുകളും സമർപ്പിക്കാനുമാണ് ഞാനുദ്ദേശിച്ചിരുന്നത്. പക്ഷേ, ആ ഉദ്ദേശ്യത്തിൽ ഇങ്ങനെ ഒരുദോഷം ഇപ്പോൾ കാണുന്നു. ഞാനുടനെ അത് എഴുതുന്നില്ലെങ്കിൽ പൊതുജനങ്ങൾ മാത്രമല്ല പ്രത്യുത മുസ്‌ലിമീങ്ങളിലെ പ്രധാനവ്യക്തികളും-അവരിലെ ചില മൗലവിമാരാണത്-തങ്ങളുടെ ചിന്താകുറവുകൊണ്ട് ഞാൻ പറയുന്ന കാര്യങ്ങൾ തെറ്റാണെന്ന് തെളിയിക്കാൻവേണ്ടി അന്യായമായിട്ട് എഴുന്നേല്ക്കുകയും എന്തായാലും തങ്ങളുടെ വാദത്തിന്റെ പക്ഷംപിടിച്ച് അത് സത്യമാണെന്ന് സ്ഥാപിക്കാനാഗ്രഹിക്കുകയും ചെയ്യും. അതിനാൽ അന്യായക്കാരായി എതിരിൽ എഴുന്നേറ്റു നില്ക്കുക എന്നത് അവർക്ക് ശക്തമായ മറയായിരിക്കും. ഇതിൽനിന്ന് പുറത്തുവരികയും തങ്ങൾ പ്രഖ്യാപിച്ച ഉദ്ദേശ്യത്തിൽനിന്ന് മടങ്ങുകയും ചെയ്യുക അവർക്ക് പ്രയാസകരമെന്നല്ല, അസംഭാവ്യവുമായിരിക്കും. എന്തുകൊണ്ടെന്നാൽ, ഏതെങ്കിലും മൗലവി സാക്ഷ്യം വഹിച്ചുകൊണ്ട് ഒരു നിർദ്ദേശം പ്രകടിപ്പിക്കുകയും തന്റെ തീരുമാനമായി നിശ്ചയിക്കുകയും ചെയ്തു കഴിഞ്ഞാൽ അതിൽനിന്ന് പിന്മാറുക എന്നത് മരണത്തെക്കാൾ മോശമായി കാണിക്കപ്പെടുന്നതായിട്ടാണ് എപ്പോഴും കണ്ടുവരുന്നത്.

അതുകൊണ്ട് അവർ എതിരിൽവന്ന് മർക്കടമുഷ്ടിയുടേയും പിടിവാശിയുടേയും വിപത്തുകളിൽ അകപ്പെടുന്നതിനുമുമ്പേ ബുദ്ധിമാനും നീതിമാനും സത്യാന്വേഷകനുമായ ഒരാൾക്ക് തൃപ്തിയാകുംവിധം വ്യക്തവും പ്രമാണപരവുമായ നിലയിൽ കാര്യങ്ങൾ മനസ്സിലാക്കിക്കൊടുക്കാമെന്ന് അല്ലാഹുവിന്റെ കൃപാകടാക്ഷത്താൽ ഞാൻ വിചാരിച്ചു. പിന്നീട് എഴുതേണ്ട ആവശ്യം വന്നാൽത്തന്നെ, അത് ദൈവിക ഗ്രന്ഥങ്ങളിലെ ആലങ്കാരിക പ്രയോഗങ്ങളുടെ ഉദ്ദേശ്യങ്ങളേയും സാങ്കേതിക പദപ്രയോഗങ്ങളുടേയും അതീവ ഗഹനമായ തത്ത്വരഹസ്യങ്ങളുടേയും വ്യാഖ്യാനങ്ങളെ സംബന്ധിച്ച് ഒന്നും അറിയാത്തവരും എന്നല്ല അത് സ്പർശിച്ചിട്ടുപോലുമില്ലാത്തവരുമായ അങ്ങേയറ്റം ശുദ്ധന്മാരും മഠയന്മാരുമായിട്ടുള്ളവർക്കും വിശുദ്ധഖുർആന്റെ ജ്ഞാനം തൊട്ടുതീണ്ടിയിട്ടില്ലാത്തവർക്കും വേണ്ടിയായിരിക്കും എഴുതേണ്ടിവരിക.

ആദ്യം ബൈബിളിന്റേയും നമ്മുടെ ഹദീഥുകളുടേയും ദിവ്യഗ്രന്ഥങ്ങളുടേയും അടിസ്ഥാനത്തിൽ സ്ഥൂലശരീരത്തോടുകൂടി ഏതെല്ലാം നബിമാരാണ് ആകാശത്തിൽ പോയിട്ടുള്ളതായി സങ്കല്പിക്കപ്പെട്ടിരിക്കുന്നതെന്ന് സ്പഷ്ടമായി എഴുതാനാഗ്രഹിക്കുന്നു. അവർ രണ്ടു നബിമാരാണ്. ഒന്ന് യോഹന്നാൻ. അദ്ദേഹത്തിന്റെ പേര് ഏലിയാവ് എന്നും ഇദ്‌രീസ് എന്നുമുണ്ട്. രണ്ടാമത്തേത് മർയമിന്റെ മകൻ ഈസാ. ഇദ്ദേഹത്തെ ഈസാ എന്നും യേശു എന്നും പറയുന്നുണ്ട്. ഈ രണ്ടു നബിമാരെക്കുറിച്ച് പഴയനിയമത്തിലേയും പുതിയനിയമത്തിലേയും ചില ഏടുകളിൽ, അവർ രണ്ടുപേരും ആകാശത്തേക്ക് ഉയർത്തപ്പെട്ടുവെന്നും ഒരു കാലത്ത് ഭൂമിയിൽ ഇറങ്ങിവരുമെന്നും അവർ ആകാശത്തുനിന്നിറങ്ങുന്നത് നിങ്ങൾ കാണുമെന്നും വിവരിക്കപ്പെട്ടിരിക്കുന്നു. ഈ ഗ്രന്ഥങ്ങളിൽ പറഞ്ഞിട്ടുള്ളതിന് ഒരളവോളം കൂടിക്കലർന്ന വാക്കുകൾ ഹദീഥുകളിലും കാണാം. പക്ഷേ, ബൈബിളിൽ യോഹന്നാൻ അല്ലെങ്കിൽ ഏലിയാവ് എന്ന പേരിൽ വിളിക്കപ്പെട്ടിരിക്കുന്ന ഹദ്റത്ത് ഇദ്‌രീസിനെ സംബന്ധിച്ച്

ഇഞ്ചീലിൽ നല്കിയിട്ടുള്ള വിധി, സക്‌രിയാവിന്റെ മകൻ യഹ്‌യാ ജനിച്ചതോടുകൂടി അദ്ദേഹത്തിന്റെ ആകാശത്തുനിന്നുള്ള വരവ് സംഭവിച്ചിരിക്കുന്നുവെന്നാണ്. ഹദ്‌റത്ത് മസീഹ് വ്യക്തമായ വാക്കുകളിൽ പറയുന്നു, ""നിങ്ങൾക്ക് പരിഗ്രഹിപ്പാൻ മനസ്സുണ്ടെങ്കിൽ വരുവാനുള്ള ഏലിയാവ് അവൻതന്നെ.""

അതുകൊണ്ട് നബിയുടെ ഡിപ്പാർട്ടുമെന്റിൽനിന്ന് ആകാശത്തിൽ പോയതും പിന്നൊരു കാലത്ത് വരുവാനുള്ളതുമായ ഒരാൾ അതായത് ഏലിയാവിന്റെ തീരുമാനം വിധിക്കപ്പെട്ടു കഴിഞ്ഞു. വീണ്ടും ഇറങ്ങുമെന്നതിന്റെ യാഥാർഥ്യവും അവസ്ഥയും മനസ്സിലാകുകയും ചെയ്തു. ഇഞ്ചീലിന്റെ വെളിച്ചത്തിൽ എല്ലാ ക്രിസ്ത്യാനികളുടേയും ഐകകണ്ഠ്യേനയുള്ള വിശ്വാസം ആകാശത്തുനിന്ന് ഇറങ്ങുമെന്ന് പ്രതീക്ഷിച്ചിരുന്ന ഏലിയാവ്, ഹദ്‌റത്ത് മിശിഹായുടെ കാലത്ത് ആകാശത്തുനിന്ന് ഇറങ്ങിവന്നുവെന്നാണ്. എങ്ങനെയെന്നാൽ സക്‌രിയായുടെ വീട്ടിൽ അതേ പ്രകൃതത്തോടും പ്രത്യേകതയോടുംകൂടി ഒരു മകനുണ്ടായി. അവന്റെ പേര് യഹ്‌യാ എന്നായിരുന്നു.

എന്നാൽ, യഹൂദികൾ ഇന്നും അദ്ദേഹത്തിന്റെ ഇറക്കം പ്രതീക്ഷിച്ചിരിക്കുകയാണ്. ഏലിയാവ് തന്നെ ആകാശത്തുനിന്ന് ഇറങ്ങുമെന്നാണ് അവർ പറയുന്നത്. ആദ്യം ബയ്ത്തുൽ മഖ്ദസിന്റെ മിനാരങ്ങളിൽ അദ്ദേഹം ഇറങ്ങും. പിന്നീട് യഹൂദികൾ സംഘടിച്ച് ഏണിയിലൂടെ അദ്ദേഹത്തെ താഴെ ഇറക്കിക്കൊണ്ടു വരും. ഹദ്‌റത്ത് മസീഹ്(അ) ഏലിയാവിന്റെ ഇറക്കത്തെ സംബന്ധിച്ച് പറഞ്ഞ വ്യാഖ്യാനം യഹൂദികളോടു പറയുമ്പോൾ പെട്ടന്ന് കോപാകുലരായി ഹദ്ത്ത് മസീഹിനേയും അപ്രകാരംതന്നെ ഹദ്‌റത്ത് യഹ്‌യായേയും അവർ ചീത്ത പറയാൻ തുടങ്ങുന്നു. ആ നബി പറഞ്ഞതിനെ ഒരു മതത്യാഗിയുടെ ചിന്താഗതിയായി കരുതുന്നു. എന്തായാലും ആകാശത്തുനിന്ന് ഇറങ്ങുമെന്നുള്ള പദം വ്യാഖ്യാനം ഉൾക്കൊള്ളുന്നുണ്ട്. മസീഹീന്റെ വ്യാഖ്യാനത്തോടെ അതിന്റെ യാഥാർഥ്യം പ്രകടമായിക്കഴിഞ്ഞു. അദ്ദേഹത്തിന്റെ തന്നെ വിവരണത്താൽ ഏലിയാവ് ആകാശത്തുനിന്ന് ഇറങ്ങുമെന്നതിന്റെ പേരിലുള്ള കലഹങ്ങളും പരിഹരിക്കപ്പെട്ടു. ഇറങ്ങുമെന്ന് പറഞ്ഞത്, എങ്ങനെയാണ് ഇറങ്ങുക എന്ന കാര്യവും വ്യക്തമാക്കപ്പെട്ടു.എന്നാൽ, മസീഹിന്റെ ഇറക്കത്തെ സംബന്ധിച്ച്, ഇപ്പോഴും വളരെ ആവേശത്തോടെയാണ് വിവരിക്കപ്പെടുന്നത്; അദ്ദേഹം മേത്തരവും രാജകീയവും വിലപിടിച്ചതുമായ വസ്ത്രം ധരിച്ച് *

(*ഈ വസ്ത്രങ്ങൾ ആട്ടുരോമത്താൽ ഉണ്ടാക്കപ്പെട്ടതോ പട്ടുനൂൽകൊണ്ട് നിർമിച്ചതോ ആയിരിക്കുമല്ലോ? ഇടുങ്ങിയതും പറ്റിക്കിടക്കുന്നതുമായ പൈജാമ, വരയുള്ള മേത്തരം പട്ടുവസ്ത്രം, മിനുസപ്പട്ട് വസ്ത്രം, കസവുനൂലിന്റെ ചേരുവയോടെ നെയ്തെടുത്ത പട്ടുവസ്ത്രം, കസവുനൂലും പട്ടുനൂലും കൂട്ടിക്കലർത്തി നെയ്ത വസ്ത്രം, സ്വർണ്ണ നൂലുകൊണ്ട് നെയ്തെടുത്ത വസ്ത്രം, അല്ലെങ്കിൽ സാധാരണ കോട്ടൻ വസ്ത്രം, ഓയിൽ വസ്ത്രം, തൻസേബ്, ഏൻഗ് ചക്കൻ, ഗുൽശൻ, മല്ല്‌വസ്ത്രം, വലപോലെ ദ്വാരമുള്ള വസ്ത്രം, ഘനംകുറഞ്ഞ മസ്‌ലിൻവസ്ത്രം, വരകളുള്ള തുണികൊണ്ടുണ്ടാക്കിയ വസ്ത്രം, ചതുരക്കളങ്ങളുള്ള വസ്ത്രം തുടങ്ങിയവപോലെ രോമംകൊണ്ടോ പട്ടുനൂലുകൊണ്ടോ നിർമിച്ചിട്ടുള്ള വസ്ത്രങ്ങൾ ധരിച്ചുകൊണ്ടായിരിക്കും അദ്ദേഹം ഇറങ്ങിവരിക!! ഇത് ആകാശത്ത് ആരാണ് നെയ്തത്? ആരാണ് തുന്നിയത്? എന്നതിനെ സംബന്ധിച്ച് മുസ്‌ലിമീങ്ങളിൽനിന്നോ ക്രിസ്ത്യാനികളിൽനിന്നോ ഇതുവരെ ആരും പറഞ്ഞുതന്നിട്ടില്ല.)

മലക്കുകളോടൊപ്പം ആകാശത്തുനിന്ന് ഇറങ്ങുമത്രെ! എന്നാൽ, എവിടെയാണ് അദ്ദേഹം ഇറങ്ങുക എന്നതിനെ സംബന്ധിച്ച് ഈ രണ്ടു ജനതകൾക്കും ഏകോപിച്ച അഭിപ്രായമില്ല. ആദരണീയമായ മക്കയിലോ, അതല്ല ലണ്ടനിലെ ഏതെങ്കിലും ക്രിസ്ത്യൻ ദേവാലയത്തിലോ അതല്ല മോസ്കോയിലെ ശാഹി കലീസായിലോ? ക്രിസ്ത്യാനികൾ തങ്ങളുടെ പഴയ വിശ്വാസങ്ങളെ അന്ധമായി അനുകരിക്കുകയില്ലെങ്കിൽ, അവർ മുസ്‌ലിമീങ്ങളെ അപേക്ഷിച്ച് മസീഹിന്റെ ഇറക്കം, ഹദ്‌റത്ത് മസീഹിന്റെ വ്യക്തമായ വാക്കുകളിലുള്ള വിവരണംകൊണ്ട് മനസ്സിലായിക്കഴിഞ്ഞതുപോലെ, അതേ വ്യാഖ്യാനമനുസരിച്ചുതന്നെ ഉണ്ടാകണമെന്ന് അവർക്ക് പെട്ടന്ന് മനസ്സിലാകുന്നതാണ്. എന്തുകൊണ്ടെന്നാൽ ഒരേയൊരു അവസ്ഥയിലുള്ള രണ്ട് കാര്യങ്ങൾക്ക് രണ്ട് വ്യത്യസ്ത അർഥങ്ങൾ ബാധകമാവുക എന്നത് സംഭാവ്യമല്ല.

ഏലിയാവ് ആകാശത്തു നിന്നിറങ്ങുമെന്നതിനെ സംബന്ധിച്ചുള്ള ഹദ്‌റത്ത് മസീഹിന്റെ വ്യാഖ്യാനം യഥാർഥത്തിൽ ശരിയാണെങ്കിൽ, ഹദ്‌റത്ത് മസീഹീന്റെ ഇറക്കത്തെ സംബന്ധിച്ച കേസ്സിലും-അതാണെങ്കിൽ ആ ആദ്യ കേസ്സിന്റെ തനിപ്പകർപ്പുമാണ്- ആ വ്യാഖ്യാനത്തെ കൈക്കൊള്ളേണ്ടതല്ലേ? എന്ന കാര്യം അഭിപ്രായം പ്രകടിപ്പിക്കുന്നവർക്ക് ചിന്താർഹമായിട്ടുള്ളതാണ്. ഏതൊരു അവസ്ഥയിൽ ഒരു നബി ഈ രഹസ്യത്തിന്റെ യാഥാർഥ്യം പരസ്യമാക്കുകയും പ്രകൃതിനിയമവും അതുതന്നെ ആഗ്രഹിക്കുകയും അംഗീകരിക്കുകയും ചെയ്യുമ്പോൾ ആ വ്യക്തവും നേരുമായ വഴിയെ ഉപേക്ഷിച്ച് കുഴപ്പമുള്ളതും ആക്ഷേപാർഹവുമായ ഒരുവഴി സ്വന്തമായി വെട്ടിത്തെളിച്ച് ഉണ്ടാക്കിയെടുക്കുക എന്നത് എങ്ങനെയാണ് സ്വീകാര്യമാകുന്നത്? മസീഹിന്റെ വിവരണത്തിന് പൂർണമായ പിന്തുണ ലഭിക്കപ്പെട്ട ജ്ഞാനികളും വിശ്വാസികളുമായവരുടെ ബുദ്ധി മറ്റെവിടേക്കെങ്കിലും തിരിയുമോ? മൂന്നു വർഷങ്ങൾക്കുള്ളിൽ മസീഹ് ആകാശത്തുനിന്നിറങ്ങുമെന്ന പ്രവചനം ഇന്നേക്ക് പത്തുവർഷം മുമ്പേ (ഈ ഗ്രന്ഥം പ്രസിദ്ധീകരിച്ചത് 1891-ലാണെന്ന കാര്യം ഓർക്കുക) ക്രിസ്ത്യാനികൾ ഇംഗ്ലീഷ് പത്രങ്ങൾ മുഖേന പ്രസിദ്ധീകരിച്ചു കഴിഞ്ഞിട്ടുള്ളതാണ്. ഇപ്പോൾ അല്ലാഹു ആ ഇറങ്ങുന്നയാളിന്റെ അടയാളം നല്കിയപ്പോൾ, ഏറ്റവുമാദ്യം അദ്ദേഹത്തെ വിശ്വസിക്കേണ്ടത്, തങ്ങൾച്ചെയ്ത പ്രവചനത്തെ സ്വയം നിഷേധിക്കുന്നവരാകാതിരിക്കാൻവേണ്ടി ക്രിസ്ത്യാനികൾക്ക് നിർബന്ധമാണ്.

ഹദ്‌റത്ത് മസീഹ് ഉയർത്തപ്പെട്ടതിനുശേഷം സ്വർഗത്തിൽ പ്രവേശിച്ചുവെന്ന് ക്രിസ്ത്യാനികൾ വിശ്വസിക്കുന്നു. ലൂക്കോസിന്റ സുവിശേഷത്തിൽ ഹദ്‌റത്ത് മസീഹുതന്നെ ഒരു കള്ളനെ സമാധാനപ്പെടുത്തി പറഞ്ഞു, "ഇന്നു നീ എന്നോടുകൂടെ സ്വർഗത്തിൽ പ്രവേശിക്കും." (ലൂക്കോസ് 23:43). ചെറിയ പദവിയിലുള്ള ആളാണെങ്കിലും ഒരാൾ സ്വർഗത്തിൽ പ്രവേശിച്ചാൽ പിന്നീട് അതിൽനിന്ന് പുറത്താക്കപ്പെടുകയില്ലെന്നത് ക്രിസ്ത്യാനികളുടെ ഏകോപിച്ച വിശ്വാസമാണ്. ഇതേ വിശ്വാസം തന്നെയാണ് മുസ്‌ലിമീങ്ങളുടേതും. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു: വമാഹും മിൻഹാ ബിമുഖ്റജീൻ(15:49) അതായത് സ്വർഗത്തിൽ പ്രവേശിക്കപ്പെടുന്നവർ പിന്നീട് അതിൽനിന്ന് പുറത്താക്കപ്പെടുകയില്ല. വിശുദ്ധ ഖുർആനിൽ ഹദ്‌റത്ത് മസീഹ് സ്വർഗത്തിൽ കടന്നുവെന്ന് വ്യക്തമായിട്ട് പറഞ്ഞിട്ടില്ലെങ്കിലും, അദ്ദേഹം മരിച്ചുപോയിരിക്കുന്നുവെന്ന് മൂന്ന് സ്ഥലത്ത് പറയുന്നുണ്ട്.* (* ഖാലല്ലാഹു തആലാ ഫലമ്മാ തവഫ്ഫയ്ത്തനീ കുൻത അൻതർറഖീബ അലയ്ഹിം (5;118) വ ഇൻമ്മിൻ അഹ്‌ലൽകിതാബി ഇല്ലാ ലയുഅ്മിനന്നബിഹീ ഖബ്‌ല മൗതിഹീ (4:160) ഇദ് ഖാലല്ലാഹു യാ ഈസാ ഇന്നീ മുതവഫ്ഫീക്ക വ റാഫിഉക്ക അലയ്യ (3:56)) പരിശുദ്ധാത്മാക്കൾ മരിക്കുക എന്നതും സ്വർഗത്തിൽ പ്രവേശിക്കുക എന്നതും ഒരേയൊരു വിധിക്ക് വിധേയമായിട്ടുള്ളതാണ്. എന്തുകൊണ്ടെന്നാൽ (36:27), (89:31) എന്നീ ഖുർആൻ വചനങ്ങളനുസരിച്ച് അവർ ഒട്ടുംതാമസിയാതെ സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടുന്നു. അതായത് ദൈവസാമീപ്യം പ്രാപിച്ച മസീഹിനെപ്പോലുള്ള ഒരു വ്യക്തി സ്വർഗത്തിൽ പ്രവേശിച്ചതിനുശേഷം അതിൽനിന്ന് പുറത്താക്കപ്പെടുന്നത് സംഭാവ്യമാണോ? എന്ന കാര്യം ഇപ്പോൾ ശ്രദ്ധാപൂർവം പരിശോധിച്ചറിയേണ്ടത് മുസ്‌ലിമീങ്ങളും ക്രിസ്ത്യാനികളുമായ രണ്ടു കൂട്ടരുടേയും നിർബന്ധ കടമയാണ്. അല്ലാഹുവിന്റെ സകല ഗ്രന്ഥങ്ങളിലും ആവർത്തിച്ചാവർത്തിച്ചും സുവ്യക്തമായും വാഗ്ദാനം ചെയ്തിട്ടുള്ള കാര്യമാണ് സ്വർഗത്തിൽ പ്രവേശിക്കുന്നവൻ പിന്നീട് അതിൽനിന്ന് പുറത്താക്കപ്പെടുകയില്ല എന്നത്. അപ്പോൾ മസീഹ് വീണ്ടും വരിക എന്നത് അല്ലാഹുവിന്റെ വാഗ്ദാനത്തിന്റെ ലംഘനമായിരിക്കുകയില്ലേ? മഹത്തരവും ഖണ്ഡിതവുമായ അത്തരം വാഗ്ദാനം ലംഘിക്കുക എന്നത് അല്ലാഹുവിന്റെ സകല വാഗ്ദാനങ്ങളുടേയുംമേൽ ഒരു ശക്തമായ കോളിളക്കം സൃഷ്ടിക്കുകയില്ലേ? അത്തരം വിശ്വാസം വെച്ചുപുലർത്തുന്നത് മസീഹിന്റെമേൽ അന്യായമായിട്ട് മുസ്വീബത്ത് വലിച്ചുവെക്കുമെന്ന് മാത്രമല്ല ഈ നിരർഥകമായ കാര്യങ്ങളാൽ അല്ലാഹുവിന്റെ മഹിമാവിലാസത്തിന് ഇടിവുതട്ടുകയും അവനോടു കാണിക്കുന്ന അങ്ങേയറ്റത്തെ അപമര്യാദയുമായിരിക്കുമത്. ഒരു നിസ്സാരമായ വിശ്വാസംകൊണ്ട്-മോക്ഷം പ്രാപിക്കാനുള്ള ഉപമാലങ്കാരത്തിന്റെ വഴി അതിലുണ്ടുതാനും- വലിയ വലിയ മതപരമായ സത്യങ്ങൾ നിങ്ങളുടെ കൈയാൽ മരിച്ചുപോകുന്നതായ ഇക്കാര്യത്തെ അതീവശ്രദ്ധയോടും അതിസൂക്ഷമതയോടുംകൂടി നോക്കിക്കാണേണ്ടതാണ്. വാസ്തവത്തിൽ

## • അല്ലാഹുവിന്റെ കലാം: •

**നീ ആദ്യമായി നിന്റെ അടുത്ത ബന്ധുക്കൾക്ക് മുന്നറിയിപ്പു നല്കുക. നിന്നെ പിന്തുടർന്ന സത്യവിശ്വാസികൾക്ക് നിന്റെ സ്നേഹത്തിന്റെ ചിറകു താഴ്ത്തിക്കൊടുക്കുക. (വിശുദ്ധ ഖുർആൻ 26:215 – 216)**


tectona
feels more confidence
All Types Of Quality Furniture

ത്വാലിബെ ദുആ: Prop.M. SHAFIQ(8075212141),M.MUSTAFA (9188768150),M.MUNEER(9946871947) KARULAI, MALAPPURAM

## • കലാമുൽ ഇമാം •

**'അല്ലയോ എന്റെ ബൈഅത്തിൽ പ്രവേശിച്ചിട്ടുള്ള എന്റെ പ്രിയപ്പെട്ട സ്നേഹിതരേ അല്ലാഹു നമ്മെ അവൻ തൃപ്തിപ്പെടുമാറുള്ള കാര്യങ്ങൾ ചെയ്യാൻ സഹായിക്കട്ടെ(ഇസാലെ ഔഹാം പേ. 825)**

ത്വാലിബെ ദുആ: ANWAR SADAT & FAMILY
JAMA-ATH AHMADIYYA,PATHAPIRIYAM

ദുഷിച്ച ഈ ഒരു വിശ്വാസത്തിൽ കുഴപ്പങ്ങളോടുകൂടി കൂട്ടംകൂട്ടമായി ആയിരക്കണക്കിന് ദോഷങ്ങൾ പറ്റിച്ചേർന്നിരിക്കുകയും എതിരാളികൾക്ക് പരിഹസിക്കാനും അപഹസിക്കാനുമുള്ള അവസരം കൈവരികയും ചെയ്യുന്നു. ഞാൻ മുമ്പേയും പറഞ്ഞു കഴിഞ്ഞിട്ടുള്ളതാണ്, ഇത്തരം ദിവ്യാത്ഭുതങ്ങൾതന്നെയായിരുന്നു മക്കയിലെ നിഷേധികൾ നമ്മുടെ നേതാവും യജമാനരുമായ ഹദ്റത്ത് ഖാത്തമുൽഅമ്പിയാ(സ)യോടു ചോദിച്ചിരുന്നത്. അതായത് തങ്ങൾ കാൺകെ ആകാശത്തു കയറിപ്പോകാനും തങ്ങൾ കാൺകെ ഇറങ്ങിവരാനുംതന്നെ! അവർക്ക് മറുപടി കിട്ടിയത് (17:94) അതായത് അത്തരം തുറന്ന നിലയിലുള്ള ദിവ്യദൃഷ്ടാന്തം ഈ പരീക്ഷണാലയത്തിൽ കാണിക്കുകയും അദൃശ്യപരമായ വിശ്വാസത്തിന്റെ യുക്തിയെ ഇല്ലാതാക്കുകയും ചെയ്യുക എന്നതിൽനിന്ന് അല്ലാഹുവിന്റെ യുക്തിഭദ്രമായ മഹിമാവിലാസം പരിശുദ്ധമാണ്.

ഇനി ഞാൻ ചോദിക്കട്ടെ, നബിമാരിൽ ശ്രേഷ്ഠനായ നബി(സ)തിരുമേനിക്ക് കാണിക്കാൻ പറ്റാത്തതും അല്ലാഹുവിന്റെ നടപടികൾക്ക് പുറത്താണെന്ന് മനസ്സിലാക്കപ്പെടുന്നതുമായ കാര്യം ഹദ്റത്ത് മസീഹിന് കാണിക്കാൻ കഴിയുന്നതെങ്ങനെ? നബി(സ)തിരുമേനിയ്ക്ക് ചെയ്യാൻ പറ്റില്ല എന്നു നമ്മൾ കരുതുന്ന ഒരു കാര്യം ഹദ്റത്ത് മസീഹിന് ചെയ്യാൻ കഴിയുമെന്ന് പറയുന്നത് തികഞ്ഞ അപമര്യാദയാണ്. സത്യസന്ധനായ ഒരു മുസൽമാനിൽനിന്ന് അത്തരം അപമര്യാദ ഉണ്ടാകുമോ? ഒരിക്കലുമില്ല. മുകളിൽപറയപ്പെട്ട ഈ ചിന്താഗതി കുറച്ചുകാലമായി മുസ്‌ലിമീങ്ങളിൽ വ്യാപിച്ചിരിക്കുന്നു എന്ന കാര്യവും വ്യക്തമായും പ്രകടമാണ്. നമ്മുടെ ഗ്രന്ഥങ്ങളിലാണെങ്കിൽ ശരിയായ നിലയിൽ അതിന്റെ അടയാളംപോലുമില്ല. എന്നല്ല ഹദീഥുകളെ തെറ്റായ രീതിയിൽ മനസ്സിലാക്കിയതിന്റെ ഒരു തെറ്റായ ഫലമാണിത്. അതിനോടൊപ്പം ഒരുപാട് അടിക്കുറിപ്പുകളും എഴുതിപിടിപ്പിക്കപ്പെട്ടു. കെട്ടിച്ചമച്ചുണ്ടാക്കിയ അടിസ്ഥാനരഹിതമായ കാര്യങ്ങൾകൊണ്ട് അവ അലങ്കരിക്കപ്പെട്ടു. യഥാർഥ ഉദ്ദേശ്യത്തിലേക്ക് വഴികാട്ടിയാകാവുന്ന എല്ലാ കാര്യങ്ങളും അവഗണിക്കപ്പെടുകയും ചെയ്തു. ഇതിനെ സംബന്ധിച്ച് അങ്ങേയറ്റം സ്പഷ്ടവും വ്യക്തവുമായ ഹദീഥ്, ഇമാം മുഹമ്മദു ഇസ്മായീൽ ബുഖാരി റഹ്മത്തുല്ലാഹി അലയ്ഹി തന്റെ സ്വഹീഹിൽ അബൂഹുറയ്റ(റ)ന്റെ രിവായത്തായി എഴുതിയിട്ടുള്ളതാണ്. അതിതാണ്, കയ്ഫ അൻതും ഇദാ നസലബ്നു മർയമ ഫീക്കും വ ഇമാമുക്കും മിൻകും അതായത് ഇബ്നു മർയം നിങ്ങളിൽ ഇറങ്ങുന്ന ദിവസം നിങ്ങളുടെ അവസ്ഥ എന്തായിരിക്കും. അതാരാണ്? അദ്ദേഹം നിങ്ങളുടെ തന്നെ ഒരു ഇമാമായിരിക്കും. അദ്ദേഹം നിങ്ങളിൽനിന്ന് ജനിക്കുന്നതാണ്.

കയ്ഫ അൻതും ഇദാ നസലബ്നു മർയമ ഫീക്കും വ ഇമാമുക്കും മിൻക്കും. ഈ ഹദീഥിൽ നബി(സ)തിരുമേനി വ്യക്തമായും പറഞ്ഞത്, ഇബ്നുമർയം എന്നതുകൊണ്ട് ഇസ്റായീൽകാർക്കു വന്ന മർയമിന്റെ മകൻ ഇറങ്ങുമെന്ന് ധരിക്കരുത്. പ്രത്യുത ഈ നാമം ആലങ്കാരികമായിട്ടാണ് വിവരിക്കപ്പെട്ടിട്ടുള്ളതെന്നാണ്. ഇബ്നുമർയമിന്റെ പുണ്യചരിതത്തിൽ ജനിക്കുന്ന നിങ്ങളിൽനിന്ന്, നിങ്ങളുടെ ജനതയിൽനിന്ന് നിങ്ങളുടെ ഇമാമായിരിക്കും യഥാർഥത്തിൽ അദ്ദേഹം. ഇവിടെ പഴഞ്ചൻ ചിന്താഗതിക്കാർ ഈ ഹദീഥിന്റെ അർഥം പറയുന്നത് ഹദ്റത്ത് മസീഹ് ആകാശത്തുനിന്നിറങ്ങുമ്പോൾ തന്റെ പ്രവാചകത്വ പദവി രാജിവച്ചിട്ടായിരിക്കും വരിക എന്നാണ്. ഇഞ്ചീലുമായി അദ്ദേഹത്തിനു ഒരു ബന്ധവും ഉണ്ടാകുകയില്ലത്രെ! മുഹമ്മദിയ്യാ സമുദായത്തിൽ പ്രവേശിച്ച് വിശുദ്ധഖുർആൻ അനുസരിച്ച് പ്രവർത്തിക്കുമത്രെ!! അഞ്ചുനേരം നമസ്കരിക്കുകയും മുസൽമാൻ എന്ന് പറയപ്പെടുകയും ചെയ്യുമത്രെ!!! എന്നാൽ, എന്തുകൊണ്ട്, എന്തു കാരണത്താലാണ് അദ്ദേഹത്തിന് ഈ അധഃപതനാവസ്ഥ ഉണ്ടാകുന്നതെന്ന് വിവരിക്കപ്പെട്ടിട്ടില്ല. എന്തായാലും മർയമിന്റെ മകൻ, താൻ മുഹമ്മദിയ്യാ ഉമ്മത്തിലാണെന്ന് വെളിപ്പെടുത്തുകയും ആദ്യമേ അദ്ദേഹത്തിന് നല്കപ്പെട്ടിരുന്ന തന്റെ പ്രവാചകത്വത്തിന്റെ പേരുപോലും പറയാതിരിക്കുകയും ചെയ്യുന്ന ഒരു സാധാരണ മുസൽമാൻ ആയിരിക്കുമെന്നാണ് നമ്മുടെ മുസ്‌ലിം സഹോദരങ്ങൾ വിശ്വസിച്ചുവച്ചിട്ടുള്ളത്. വാസ്തവത്തിൽ ഉപമാലങ്കാരമായിപ്പറഞ്ഞിട്ടുള്ളതിനെ യഥാർഥമായി വിശ്വസിക്കുന്നതുകൊണ്ട് നമ്മുടെ സഹോദരന്മാർക്കുണ്ടായ ഒരു ഭാരിച്ച ബുദ്ധിമുട്ടാണിത്. ഇക്കാരണത്താൽഅവർക്ക് ഒരു നബി, തന്റെ പ്രവാചകത്വസ്ഥാനത്തുനിന്ന് ഒഴിവാക്കപ്പെട്ടുവെന്ന് സമ്മതിക്കേണ്ടി വന്നു. നബി(സ)തിരുമേനിയുടെ പവിത്രമായ വാക്കുകളിൽ കാണുന്ന സുവ്യക്തവും നേരുനിറഞ്ഞതുമായ അർഥങ്ങളെ-ഏലിയാ നബിയെക്കുറിച്ചു ഹദ്റത്ത് ഈസാ(അ)വിവരിച്ചിട്ടുള്ള കാര്യങ്ങളെ-അവർ അംഗീകരിച്ചിരുന്നുവെങ്കിൽ ബുദ്ധിമുട്ടു നിറഞ്ഞ ഈ എല്ലാ വിഷമങ്ങളിൽനിന്നും മോചനം പ്രാപിക്കുമായിരുന്നു. ഹദ്റത്ത് മസീഹിന്റെ ആത്മാവിനെ സ്വർഗത്തിൽനിന്ന് പുറത്താക്കേണ്ട ആവശ്യം വരികയില്ല, ആ പരിശുദ്ധ നബിയുടെ പ്രവാചകത്വം ഇല്ലാതാക്കേണ്ട ഗതികേടും ഉണ്ടാകുകയില്ല. നബി(സ)തിരുമേനിയുടെ പ്രതാപത്തിന് കോട്ടം തട്ടുംവിധം പ്രവർത്തിക്കേണ്ടി വരികയില്ല. വിശുദ്ധ ഖുർആനിലെ കല്പനകൾ കാലഹരണപ്പെട്ടുവെന്ന് സമ്മതിക്കേണ്ടിയും വരികയില്ല.

അവസാനമായിട്ട് നമ്മുടെ സഹോദരങ്ങൾക്കു ചോദിക്കാനുള്ള ത്, സ്വഹീഹായ ഹദീഥുകളിൽ ഹദ്റത്ത് മസീഹിന്റെ അടയാളങ്ങളെക്കുറിച്ച് വിവരിക്കപ്പെട്ടിട്ടുള്ള ചില വാക്കുകൾ എന്തിനു സാദൃശ്യപ്പെടുത്തിപ്പറയണം എന്നായിരിക്കും. ഉദാഹരണത്തിന് മസീഹു വന്നാൽ കുരിശിനെ മുറിക്കുകയും ജിസിയഃ (കപ്പം) നിറുത്തലാക്കുകയും പന്നികളെ കൊല്ലുകയും ചെയ്യുമെന്നും മുസ്‌ലിമീങ്ങളിൽ യഹൂദികളുടേയും ക്രിസ്ത്യാനികളുടേയും ദുഃസ്സ്വഭാവങ്ങൾ വ്യാപിക്കുമ്പോഴായിരിക്കും അദ്ദേഹം വരികയെന്നുമെഴുതിയിരിക്കുന്നു. കുരിശ് ഉടയ്ക്കുക എന്നതിന്റെ ഉദ്ദേശ്യം ബാഹ്യമായ യുദ്ധമല്ലെന്നാണ് ഞാൻ പറയുന്നത്. പ്രത്യുത ആത്മീയമായ നിലയിൽ കുരിശുമതത്തെ തകർക്കുകയും അതിന്റെ അസത്യം സ്ഥാപിച്ചു കാണിക്കുകയും ചെയ്യുക. ജിസിയഃ നിറുത്തലാക്കുക എന്നതിന്റെ ഉദ്ദേശ്യം വ്യക്തമാണ്. അതായത് അക്കാലത്ത് ഹൃദയങ്ങൾ തന്നത്താൻ സത്യത്തിലേക്കു വലിച്ചടുപ്പിക്കപ്പെടും. ഒരു യുദ്ധത്തിന്റേയും ആവശ്യമുണ്ടാകുകയില്ല. ജനങ്ങൾ കൂട്ടംകൂട്ടമായി ഇസ്‌ലാമിൽ പ്രവേശിക്കുന്ന തരത്തിൽ സ്വയം കാറ്റു വീശുന്നതായിരിക്കും. ഇസ്‌ലാംമതത്തിൽ പ്രവേശിക്കാനുള്ള കവാടം തുറക്കപ്പെടുമ്പോൾ ഒരു ലോകംതന്നെ ഈ മതം സ്വീകരിക്കുന്നതാണ്. അപ്പോൾ ആരിൽനിന്നാണ് ജിസിയഃ വാങ്ങേണ്ടി വരിക? എന്നാൽ, ഇതൊന്നും ഒറ്റയടിക്കു സംഭവിക്കുകയില്ല. അതേ, ഇപ്പോൾ അതിനു അടിസ്ഥാന ശിലപാകുകയാണ്. പന്നികൾ എന്നതുകൊണ്ടുള്ള ഉദ്ദേശ്യം അവയുടെ സ്വഭാവം കാണിക്കുന്നവരാണ്. അവർ അക്കാലത്ത് പ്രമാണംകൊണ്ടും തെളിവുകൊണ്ടും പരാജയപ്പെടും. വ്യക്തമായ പ്രമാണങ്ങളുടെ വാൾ അവരെ വധിച്ചു കളയും. അല്ലാതെ, ഒരു പരിശുദ്ധ പ്രവാചകൻ കാടുകൾതോറും കയറിയിറങ്ങി പന്നികളെ കൊന്നു നടക്കുക എന്നതല്ല.(തുടരും)

## ബദ്ർ വായനക്കാരുടെ ശ്രദ്ധക്ക്

നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചു തരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തനസൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും.

അയക്കേണ്ട വിലാസം:

**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,**
**അടുത്തില, പഴയങ്ങാടി, കണ്ണൂർ 670 303.**
**ismayeel.ha@gmail.com**

### ദുആ ഔഷധമാകുന്നു

*താൻ ഇത്രയധികം പാപം ചെയ്തല്ലോ എന്നു ചിന്തിച്ച് പാപിയായ മനുഷ്യൻ ദുആയിൽനിന്ന് ഒരിക്കലും പിന്തിരിയരുത്. ദുആ ഔഷധമാണ്. പാപത്തോട് വിമുഖത തോന്നിത്തുടങ്ങിയത് എങ്ങനെയെന്ന് ഒടുവിൽ അയാൾ കാണുന്നതാണ്.*

(മൽഫൂദാത്ത് വാള്യം. 1 പേ. 4 )

THE WEEKLY AL HAKAM www.alhakam.org

### • ഹദീഥുന്നബ്‌വി(സ) •

'അല്പമുള്ളതിന് നന്ദി കാണിക്കാത്തവൻ കൂടുതലുള്ളതിനും നന്ദി കാണിക്കുകയില്ല. മനുഷ്യരോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദികാണിക്കുന്നില്ല.'(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ)

ത്വാലിബെ ദുആ:
RAHMAN SHAKEER& FAMILY
AHMADIYYA JAMA'ATH KARULAI, KERALA

### • കലാമുൽ ഇമാം: •

"ഭൗതികമായ സമ്പത്തും ഭരണവും അസൂയാർഹമായ സ്ഥാനമല്ല. അസൂയാർഹമായ സ്ഥാനം ദുആ ആകുന്നു."(മൽഫൂദാത്ത് വാള്യം 1, പേജ് 220)

ത്വാലിബെ ദുആ:
C.K.MUHAMMED SHAREEF &FAMILY
AHMADIYYA MUSLIM JAMA'ATH VANIYAMBALAM, KERALA

# ജർമൻപര്യടനം

**സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസ്**

**വിവർത്തനം: മൗലവി അമീൻ മുഹമ്മദു മാത്ര**

*(ബദ്ർ വാല്യം 9, ലക്കം 22 പേജ് 12, കോളം 3-ൽനിന്ന് തുടർച്ച......)*

പട്ടണത്തിനുള്ളിൽ വിവിധ സ്ഥലങ്ങളിൽ ട്രാഫിക്ക് തടഞ്ഞുകൊണ്ട് ഹുദൂറിന്റെ യാത്രാ വാഹനത്തിന് പോകാൻ സൗകര്യം ഒരുക്കിക്കൊടുത്തു. ഹുദൂറിന്റെ വാഹനം കടന്നുപോകുന്ന വഴിയിൽ എവിടേയും ഒരു തടസ്സവുമുണ്ടായില്ല. ഉന്നത വ്യക്തികൾക്കു മാത്രമേ ഇത്തരത്തിലുള്ള പ്രോട്ടോക്കോൾ ബേയേൺ സംസ്ഥാനത്തിൽ നല്കപ്പെടാറുള്ളു.

01.35-ന് ഹുദൂർ മസ്ജിദുൽമഹ്ദി അങ്കണത്തിൽ പ്രവേശിച്ചു. പ്രാദേശിക ജമാഅത്തിലെ എല്ലാ സ്ത്രീ പുരുഷന്മാരും കുട്ടികളും രാവിലെ മുതൽത്തന്നെ തങ്ങളുടെ പ്രിയപ്പെട്ട ഹുദൂറിനെ സ്വീകരിക്കാനുള്ള തയ്യാറെടുപ്പിലായിരുന്നു. ഇന്നത്തെ ദിനം വളരെയധികം ആമോദത്തിന്റേയും സന്തോഷത്തിന്റേയും ദിനമായിരുന്നു അവർക്ക്. ഈ ഭൂഭാഗത്ത് പ്രിയപ്പെട്ട ഹുദൂറിന്റെ അനുഗൃഹീത പാദസ്പർശം ആദ്യമായാണ് പതിയുന്നത്. ഓരോ വ്യക്തിയും നിസ്സീമമായ ആമോദത്തിലായിരുന്നു. പ്രിയപ്പെട്ട നേതാവിന്റെ വരവിനെ പ്രതീക്ഷിക്കുകയായിരുന്നു അവർ. ഹുദൂറിന്റെ വാഹനം മസ്ജിദിന്റെ അങ്കണത്തിൽ പ്രവേശിച്ചതും ജമാഅത്തംഗങ്ങൾ ഹുദൂറിനെവരവേറ്റു. ആൺകുട്ടികളും പെൺകുട്ടികളും കുഞ്ഞുങ്ങളും ഗ്രൂപ്പുകളായി പ്രാർഥനാ ഗീതങ്ങളും സ്വാഗത ഗാനങ്ങളും ആലപിച്ചു. ചെറുതും വലുതുമായ ഓരോരുത്തരും കൈയുയർത്തി തങ്ങളുടെ പ്രിയപ്പെട്ട നേതാവിനെ സ്വാഗതം ചെയ്തു. സ്ത്രീകൾ തങ്ങളുടെ ഇമാമിനെ കണ്ട് സായൂജ്യരായി.

റീജ്യണൽ അമീർ ആദരണീയരായ സഫർ അഹ്മദ് നാഗി സാഹിബ്, റീജ്യണൽ മുബല്ലിഗ് മുനവ്വർ ഹുസയ്ൻ ത്വൂർ സാഹിബ്, ഫീസിംഗ് ജമാഅത്ത് സ്വദ്ർ മുസഫ്ഫർ അഹ്മദ് ഗോന്ദൽ സാഹിബ്, സ്വദ്ർ ജമാഅത്ത് മ്യൂണിച്ച് ആദരണീയരായ മിർസാ വസീം അഹ്മദ് സാഹിബ് തുടങ്ങിയവർ ചേർന്ന് തങ്ങളുടെ പ്രിയപ്പെട്ട ഹുദൂറിനെ സ്വാഗതം ചെയ്തു. ഹുദൂർ എല്ലാവരേയും ഹസ്തദാനം ചെയ്തു. ഈയവസരത്തിൽ നീഫാൻ പട്ടണത്തിന്റെ മേയർ മിസ്റ്റർ ഫ്രാൻസ് ഹീൽമിയറും ഹുദൂറിന്റെ ഹസ്തദാനം സ്വീകരിച്ചു. ഹുദൂർ അൻവറിനെ സ്വീകരിക്കാനെത്തിയ അദ്ദേഹവുമായി ഹുദൂർ കുറച്ചു സമയം സംസാരിച്ചു. തുടർന്ന് മിഷൻ ഹൗസിന്റെ റെസിഡെൻഷ്യൽ ഭാഗം സന്ദർശിച്ചു.

05.25-ന് ഹുദൂർ താമസ സ്ഥലത്തുനിന്ന് പുറത്തുവന്നു. മസ്ജിദിന്റെ പുറം ഭിത്തിയിൽ സ്ഥാപിച്ചിരുന്ന ഫലകം അനാച്ഛാദനം ചെയ്ത് ദുആക്ക് നേതൃത്വം നല്കി. മസ്ജിദിന്റെ അങ്കണത്തിൽ ബാദാം വൃക്ഷത്തൈ നട്ടു. ഹുദൂറിനോടൊപ്പം തദ്ദേശ മേയർ സാഹിബും ഒരു വൃക്ഷത്തൈ നട്ടു.

തുടർന്ന് ഹുദൂറിന്റെ നേതൃത്വത്തിൽ ളുഹർ-അസ്ർ നമസ്കാരം ജംഅ് ജമാഅത്തായി നടന്നു. ഇതോടെ മസ്ജിദുൽമഹ്ദിയുടെ ഔദ്യോഗിക ഉദ്ഘാടനം കഴിഞ്ഞു.

ശേഷം ഹുദൂർ മസ്ജിദിനോടു ചേർന്ന് നിർമിച്ചിട്ടുള്ള ഓഫീസുകൾ, കിച്ചൺ, കെട്ടിടത്തിന്റെ മറ്റു ഭാഗങ്ങളും നോക്കിക്കണ്ടു. ശേഷം ലജ്നാഹാൾ സന്ദർശിച്ച ഹുദൂർ കുറച്ചു സമയം പെൺകുട്ടികൾ അവതരിപ്പിച്ച പ്രാർഥനാ ഗീതങ്ങളും സ്വാഗത ഗാനങ്ങളും ശ്രവിച്ചു. കുട്ടികൾക്കെല്ലാവർക്കും ചോക്ലേറ്റ് നല്കി. സ്ത്രീകൾ ഹുദൂറിനെ അടുത്തുനിന്നുകണ്ട് സംതൃപ്തരായി. ഹാളിൽനിന്ന് പുറത്തു വന്ന ഹുദൂർ ഒരു സ്ഥലത്ത് ഒരുമിച്ചുനിന്നിരുന്ന ആൺകുട്ടികൾക്കും ചോക്ലേറ്റ് നല്കി.

മസ്ജിദ് മഹ്ദിയുടെ ഉദ്ഘാടനത്തോടു അനുരഞ്ജനം പ്രഖ്യാപിച്ചുകൊണ്ട് സമീപത്തു സ്ഥിതി ചെയ്യുന്ന ഓസ്കാർ മരിയാ ഗ്രാഫ് ജിംനേഷ്യം ഹാളിൽ ഒരു സവിശേഷ പരിപാടി സംഘടിപ്പിച്ചിരുന്നു. ഇതിൽ ജർമൻ അതിഥികൾ ധാരാളമായി പങ്കെടുത്തു. 05.50ന് ഹുദൂറും ഈ പരിപാടിക്ക് പുറപ്പെട്ടു. 06.00 മണിക്ക് ഹാളിലെത്തി. എല്ലാ അതിഥികളും മുമ്പേതന്നെ ഉപവിഷ്ടരായി കഴിഞ്ഞിരുന്നു. ഹുദൂർ ഹാളിൽ പ്രവേശിച്ചതും അതിഥികൾ എഴുന്നേറ്റുനിന്ന് സ്വീകരിച്ചു. 264 അതിഥികളാണ് ഇവിടെ ഹാജരായിരുന്നത്. ജർമൻ നാഷണൽ അസംബ്ലിയിലെ രണ്ടു പാർലമെന്റംഗങ്ങളും ഇവരിലുൾപ്പെടുന്നു. ആദരണീയരായ മിസിസ്സ് റിതാ ഹേഗലും മിസ്റ്റർ എൻറിച്ച് ഇറിസ്റ്റോഫ് കെഹ്ലും ബേയേൺ സംസ്ഥാന അസംബ്ലിയിലെ 5 പാർലമെന്റംഗങ്ങളും യു എൻ ഓയിലെ സമാധാനത്തിനുവേണ്ടിയുള്ള അംബാസഡർ പ്രൊഫസർ ഡോക്ടർ ഹീനർ ബീലെഫെഡ്, തദ്ദേശകമ്മീഷണർ മിസ്റ്റർ ഹീൻസ് ഗ്രൺവാൾഡ്, വിവിധ പ്രദേശങ്ങളിലെ 10 മേയർമാർ, വിവിധ രാഷ്ട്രീയ രംഗങ്ങളുമായി ബന്ധമുള്ള 47 പേർ, 12 സാംസ്കാരിക സംഘടനകളുടെ പ്രതിനിധികൾ, അധ്യാപകർ, വക്കീലുമാർ തുടങ്ങി ജീവിതത്തിന്റെ വിവിധ തുറകളുമായി ബന്ധമുള്ളവരും പങ്കെടുത്തു.

ഇലക്ട്രോണിക്-പ്രിന്റ് മീഡിയകളുടെ 7 പ്രതിനിധികളും ജേർണലിസ്റ്റുകളും ഈ പരിപാടിയിൽ പങ്കെടുത്തു. ജർമനി ബേയേൺ സംസ്ഥാനത്തിലെ ഏറ്റവും വലിയ ടെലിവിഷൻ ബീ.ആർ ടീവിയുടെ പൂർണ ടീമും ഇവിടെ ഹാജരായിരുന്നു. ബീ.ആർ.ടീവിയുടെ ഈ ടീം ഇതിനുമുമ്പേ മസ്ജിദുൽ മഹ്ദിയിലും വന്നിരുന്നു. അവിടെ അവർ കവറേജും ചെയ്തു.

പരിപാടിയുടെ തുടക്കം ബഹുമാനപ്പെട്ട റാണാ ഖാലിദ് അഹ്മദ് സാഹിബിന്റെ വിശുദ്ധ ഖുർആൻ പാരായണത്തോടുകൂടി ആരംഭിച്ചു. ജർമൻ തർജമ അസീസം ഉമർ മുസഫർ ഗോന്ദൽ സാഹിബ് സമർപ്പിച്ചു.

ബഹുമാനപ്പെട്ട ജർമൻ അമീർ സാഹിബ് ആമുഖ ഭാഷണത്തിൽ പരിപാടികളും ന്യൂഫാൻ പട്ടണത്തേയും പരിചയപ്പെടുത്തി. ഈ പട്ടണം മ്യൂണിച്ചിൽനിന്ന് വടക്കുകിഴക്ക് ഭാഗത്ത് 20 കിലോമീറ്റർ ദൂരത്ത് സ്ഥിതി ചെയ്യുന്നു. ക്രിസ്ത്വാബ്ദം 800 മുതൽ ഇതിന്റെപേര് ചരിത്ര താളുകളിൽ കാണാൻ കഴിയുന്നുണ്ട്. വിവിധ പ്രദേശങ്ങളിൽനിന്നു വന്ന് താമസിക്കുന്നവരുടെ പ്രദേശം എന്നതാണ് ന്യൂഫാൻ എന്ന വാക്കിന്റെ അർഥം.

1990-ൽ ഈ പട്ടണത്തിൽ അഹ്മദിയ്യാ ജമാഅത്ത് സ്ഥാപിതമായി. മ്യൂണിച്ച് പട്ടണത്തിനും പ്രദേശത്തിനും ഒരു സവിശേഷതയുണ്ട്.

മ്യൂണിച്ച് പട്ടണത്തിലെ ഒരു പ്രദേശമായ പാസ്സിംഗിൽ താമസിക്കുന്ന ഒരു ജർമൻ സ്ത്രീ കരോളാമാൻ സാഹിബ ഹദ്റത്ത് വാഗ്ദത്ത മസീഹിന് കത്തെഴുതിയിരുന്നു. ഈ സ്ത്രീരത്നത്തിന്റെ കത്ത് ബദ്ർ പത്രം 1907 മാർച്ച് 14-ലെ ലക്കത്തിൽ പ്രസിദ്ധീകരിച്ചിരുന്നു. (ജർമനിയിൽനിന്ന് ഒരു ആത്മാർഥത നിറഞ്ഞ കത്ത്)എന്ന തലക്കെട്ടിലാണ് ഇത് പ്രസിദ്ധീകരിച്ചത്

ഹദ്റത്ത് വാഗ്ദത്ത മസീഹിന് അവരയച്ച കത്തിന്റെ ഒരു ഭാഗം ഇപ്രകാരമാണ്:

അങ്ങയ്ക്ക് കത്തെഴുതുന്നതിനു പല മാസങ്ങളായി ഞാൻ അങ്ങയുടെ മേൽവിലാസം അന്വേഷിക്കുകയായിരുന്നു. ഒടുവിൽ എനിക്ക് ഒരാളെ കിട്ടി. അദ്ദേഹം എനിക്ക് അങ്ങയുടെ മേൽവിലാസം തന്നു. ഞാൻ അങ്ങയ്ക്ക് കത്തെഴുതുന്നതിൽ മാപ്പു ചോദിക്കാനാഗ്രഹിക്കുന്നു. എന്നാൽ, അങ്ങ് ദൈവത്തിന്റെ പവിത്ര നബിയാണെന്നും വാഗ്ദത്ത മസീഹിന്റെ ശക്തിയോടുകൂടി വന്നതാണെന്നും വിവരിക്കപ്പെടുന്നു. ഞാനാകട്ടെ ഹൃദയാത്മനാ മസീഹിനെ സ്നേഹിക്കുന്നു. അങ്ങ് ഉറപ്പിച്ചു കൊള്ളുക! പ്രിയപ്പെട്ട മിർസാ, ഞാൻ അങ്ങയുടെ ആത്മാർഥ സ്നേഹിതയാണ്.ഇപ്പോൾ അല്ലാഹുവിന്റെ കരുണാ കടാക്ഷത്താൽ അഹ്മദിയ്യാ ജമാഅത്തിന്റെ മസ്ജിദുൽമഹ്ദി ഇവിടെ നിർമിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു.

മസ്ജിദിന്റെ ഈ പ്ലോട്ടിന്റെ വിസ്താരം 1000 ചതുരശ്രമീറ്ററാണ്. ഇവിടെ മുമ്പേതന്നെ ഒരു കെട്ടിടം നിലവിലുണ്ടായിരുന്നു. 1986 ജൂൺ 11-ന് 2 ലക്ഷത്തി 70-നായിരം യൂറോ വില നല്കി ജമാഅത്ത് അതു വാങ്ങി. ഈ സ്ഥലം ജമാഅത്ത് സെന്റർ എന്ന നിലയിൽ ഉപയോഗിച്ചു വന്നു. ഇവിടുത്തെ ആദ്യ മുബല്ലിഗബഹുമാനപ്പെട്ട അബ്ദുൽ ബാസിത് ത്വാരിഖ് സാഹിബായിരുന്നു.

2013-ൽ മിഷൻഹൗസിന്റെ ഈ കെട്ടിടം മസ്ജിദിന്റെ രൂപത്തിൽ മാറ്റുന്ന ജോലി തുടങ്ങി. അതു കൂടുതൽ വിപുലീകരിച്ചു. ലജ്നയ്ക്ക് ഒരു പ്രത്യേക ഹാളും നിർമിച്ചു. ഒരു വലിയ കേന്ദ്രകിച്ചണുമുണ്ടാക്കി. മിനാരത്തിന്റെ ഉയരം 8.50 മീറ്ററാണ്. പുരുഷന്മാർക്കും സ്ത്രീകൾക്കും മസ്ജിദിന്റെ ഇരുഹാളിലുമായി 200-ൽ അധികം ആളുകൾക്ക് നമസ്കരിക്കാൻ സാധിക്കും. കൂടാതെ, താമസിക്കാൻ സൗകര്യമുള്ള ഒരു ബ്ലോക്കുമുണ്ട്, ജമാഅത്ത് ഓഫീസുകളുമുണ്ട്.

തുടർന്ന് ന്യൂഫാഹൻ മേയർ മിസ്റ്റർ ഫ്രാൻസ് ഹീല്മിയർ സദസ്സിനെ അഭിമുഖീകരിച്ചു. സർവാദരണീയരായ ഖലീഫത്തുൽ മസീഹ്, ഞാൻ അങ്ങയെ ന്യൂഫാഹൻ നഗരത്തിലേക്ക് സ്വാഗതം ചെയ്യുന്നു. അഹ്മദിയ്യാ ജമാഅത്തിന് ഇന്നത്തെ ദിവസം സവിശേഷവും സുപ്രധാനവുമാണ്. അങ്ങയുടെ മസ്ജിദിന്റെ ഉദ്ഘാടനം നടക്കാൻ പോകുകയാണ്.

കഴിഞ്ഞ 30 വർഷമായി അങ്ങയുടെ സെന്റർ ഇവിടെ സ്ഥാപിതമാണ്. അങ്ങ് ഇവിടെ വലിയ സ്വീകാര്യത നേടിയിട്ടുണ്ട്. ഇവിടെ ഇത്ര സമാധാന അന്തരീക്ഷം എങ്ങനെ നിലനില്ക്കുന്നു എന്ന് ആളുകളെന്നോട് ചോദിക്കാറുണ്ട്. ജമാഅത്ത് വളരെയധികം സ്വാഗതം ചെയ്യപ്പെടുകയാണ്. ഞാൻ എന്നും ഇതിനു നല്കുന്ന മറുപടി വളരെ കാലമായി എനിക്ക് ഈ ജമാഅത്തിനെ അറിയാമെന്നാണ്. ഈ ജമാഅത്ത് തികച്ചും സമാധാന സംഘടനയാണ്. ഇവർ വഫാറെ അമൽ ചെയ്യുന്നു. നമ്മുടെ പ്രദേശങ്ങളെ വൃത്തിയാക്കുന്നു. നമ്മോടൊപ്പം ഇടപഴകി ജീവിക്കുന്നു. ആദരവിന്റെ അന്തരീക്ഷത്തിൽ ജീവിക്കുന്നു. അയൽവാസികളും സന്തോഷവാന്മാരാണ്. ഇന്നുണ്ടാകുന്ന ചെറിയ രൂപത്തിലുള്ള എതിർപ്പുകൊണ്ട് ആർക്കും ഒരു ഛേദവുമില്ല. നാമെല്ലാവരും സന്തോഷത്തിലാണ്. എല്ലാവരും അങ്ങയോടു സഹകരിക്കുന്നു. ഇവിടെ പാർലമെന്റിൽ നിങ്ങൾ എക്സിബിഷനും സംഘടിപ്പിച്ചു. ഞങ്ങൾ നിങ്ങളെ സ്വാഗതം ചെയ്യുന്നു. നിങ്ങളുടെ ജമാഅത്ത് പരസ്പരം സഹായിക്കുന്ന സുശക്തമായ സംഘടനയാണ്. മിനാരത്തിന്റെ നിർമാണത്തോടെ ഇപ്പോൾ ഈ സെന്റർ ഒരു മസ്ജിദായി രൂപാന്തരപ്പെട്ടു കഴിഞ്ഞു. ശാന്തി

സമാധാനത്തോടെ നിങ്ങളിവിടെ കഴിയണമെന്ന് ഞങ്ങളാഗ്രഹിക്കുന്നു. ഒരു ക്രിസ്ത്യൻ എന്ന നിലയിലും അബ്ഹാമിന്റെ മതാനുയായി എന്ന നിലയിലും നിങ്ങൾക്കുവേണ്ടി പ്രാർഥിക്കുന്നു. നിങ്ങളിവിടെ ശാന്തിയോടും സന്തോഷത്തോടുംകൂടി ജീവിക്കുക.

ഫ്രീസിംഗ് ജില്ലയുടെ തലവൻ മിസ്റ്റർ ജോസഫ് ഹോണർ തുടർന്ന് സദസ്സിനെ അഭിമുഖീകരിച്ച് സംസാരിച്ചു:

സർവ്വാദരണീയരായ ഖലീഫത്തുൽ മസീഹ്, ഇന്ന് ഈ വേദിയിൽ ഖലീഫത്തുൽമസീഹിന്റെ സാന്നിധ്യമുണ്ടെന്നതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. ഇവിടെ വന്നതിൽ ഞാൻ അങ്ങയ്ക്ക് നന്ദി പറയുന്നു.

ജമാഅത്തിന്റെ മുദ്രാവാക്യം 'എല്ലാവരോടും സ്നേഹം, ആരോടുമില്ല വെറുപ്പ്' വളരെ നാളായി മസ്ജിദിൽ പ്രദർശിപ്പിച്ചിരിക്കുന്നു. സെപ്റ്റംബർ 11 സംഭവം ഉണ്ടായപ്പോൾ നിങ്ങൾ കൈകൊണ്ട് രേഖപ്പെടുത്തിയ മുദ്രാവാക്യം പ്രദർശിപ്പിച്ചിരുന്നു. നിങ്ങളിവിടെ ശാന്തിയോടും സമാധാനത്തോടും കൂടി ജീവിക്കൻ ശ്രമിക്കുന്നു. നിങ്ങളുടെ ഈ ശ്രമത്തെ ഞാൻ ശ്ലാഘിക്കുന്നു. 200-ൽ അധികം രാജ്യങ്ങളിൽ നിങ്ങളുടെ ജമാഅത്തുണ്ട്. സമാധാന സംസ്ഥാപനത്തിനുവേണ്ടി എല്ലായിടത്തും നിങ്ങൾ ശ്രമിച്ചു വരുന്നു.

എല്ലായിടത്തും നിങ്ങൾ എക്സിബിഷനുകൾ സംഘടിപ്പിക്കുന്നു. ഈ സംസ്ഥാനത്തും ക്രിയാത്മക മാതൃക നിങ്ങൾ കാഴ്ചവെക്കുന്നു. ഇന്നത്തെ ദിനം വളരെ മഹത്തായതാണ്. നമ്മളെല്ലാവരും ചേർന്ന് നിങ്ങളുടെ മസ്ജിദ് ഉദ്ഘാടനം ചെയ്യുന്നു. ഞാൻ വളരെ സന്തോഷവാനാണ്. നിങ്ങൾക്ക് മംഗളാശംസകൾ നേരുന്നു. വളരെ മനോഹരമായ മസ്ജിദ് നിർമിക്കപ്പെട്ടിരിക്കുന്നു. വളരെ നല്ല വിശാലത കൈവന്നിരിക്കുന്നു. ഇവിടുത്തെ നിങ്ങളുടെ ജമാഅത്തിലെ എല്ലാവരും ഒരുമിച്ചു പ്രവർത്തിച്ചു. നിങ്ങൾ ചെയ്യുന്ന ഈ സേവനത്തെ ഞാൻ അഭിനന്ദിക്കുന്നു. സമാധാന സ്ഥാപനത്തിനുതകുന്ന രൂപത്തിലുള്ള പ്രാർഥനകൾ ഇനി നിങ്ങളിവിടെ ചെയ്യുമാറാകുന്നതിന് ഞാൻ പ്രാർഥിക്കുന്നു. നമ്മളെല്ലാവരും നമ്മുടെ ജീവിതം ശാന്തിയോടെ നയിക്കുന്നവരാകട്ടെ.

ന്യൂഫാഹൻ പട്ടണത്തിന്റെ മുൻമേയർ മിസ്റ്റർ റൈനെർ ശ്നീഡർ തുടർന്ന് സദസ്സിനെ അഭിമുഖീകരിച്ച് സംസാരിച്ചു:

സമാദരണീയരായ ഖലീഫത്തുൽ മസീഹ്, ഇവിടേക്കുള്ള വരവിന് ഞാൻ ഖലീഫത്തുൽ മസീഹിന് ആദ്യമായി നന്ദി പറയുന്നു. ഇന്നത്തെ ഈ ദിനം കേവലം ജമാഅത്തിന് മാത്രമല്ല പ്രത്യുത, ന്യൂഫാഹൻ പട്ടണത്തിനും വലുതാണ്. ഇത്രയധികമാളുകൾ ഇന്നത്തെ പരിപാടിയിൽ വന്നു ചേർന്നതിൽ എനിക്ക് സന്തോഷമുണ്ട്. എല്ലാവരും സന്തോഷത്തിലാണ്. നമ്മളെല്ലാവരും സഹകരണത്തോടെ ജീവിക്കുന്നു എന്ന് പ്രകടമാകേണ്ടതാണ്. നമ്മളെല്ലാവരും ചേർന്ന് ന്യൂഫാഹൻ പട്ടണത്തിൽ ജീവിച്ചു വരുന്നു.

1990-ലാണ് ആദ്യമായി നിങ്ങളുമായി എനിക്ക് ബന്ധമുണ്ടായത്. എനിക്ക് നിങ്ങളെ സംബന്ധിച്ച് ഒന്നും അറിയില്ലായിരുന്നു. നിങ്ങൾ സമാധാനത്തോടെ ജീവിതം നയിക്കുന്നവരാണെന്ന് വളരെ കുറഞ്ഞ കാലത്തിന് മുമ്പേയാണ് എനിക്കറിയാൻ കഴിഞ്ഞത്. നിങ്ങൾ മറ്റുള്ളവരെ സഹായിക്കുന്നു. സഹായ ഹസ്തം നീട്ടുന്നു. സേവനം ചെയ്യുന്നു.

നിങ്ങളുടെ മാതൃക കാരണത്താൽ മസ്ജിദ് നിർമിക്കലും മിനാരം നിർമിക്കലും വളരെ എളുപ്പമായി. ഞങ്ങൾ അയൽവാസികളുമായി കൂടിക്കാഴ്ച നടത്തി സംസാരിച്ചിരുന്നു. അതിന്റെ ഫലമായി നിങ്ങളുടെ മസ്ജിദ് ഇവിടെ നിർമാണം പൂർത്തിയാക്കിയത് ഞങ്ങൾ കാണുന്നു.

നിങ്ങളുടെ മിനാരം സമാധാനത്തിന്റെ ഒരു ചിഹ്നമെന്ന നിലയിലാണുള്ളത്. ഈ മസ്ജിദ് കേവലം നിങ്ങൾക്കുവേണ്ടിയല്ല ഉള്ളത്. പ്രത്യുത, ന്യൂഫാഹൻ പട്ടണവാസികൾക്കു വേണ്ടിയും തുറന്നു കിടക്കുന്നു. നമ്മുടെ സമൂഹത്തിൽ സമാധാനം വ്യാപിപ്പിക്കുന്നവരാണ് നിങ്ങളെന്ന കാര്യത്തിൽ ഞാൻ സാക്ഷിയാണ്. നമ്മൾ ഐക്യത്തിലാണ്.

മസ്ജിദുൽമഹ്ദിയുടെ ഇന്ന് നടക്കുന്ന ഉദ്ഘാടനാവസരത്തിൽ എനിക്ക് പറയാനുള്ളതിതാണ്: നമ്മൾ തമ്മിൽത്തമ്മിൽ ഉൾക്കൊണ്ടുകൊണ്ട് ജീവിക്കണം. സ്വീകരിക്കണം. പരസ്പരം സഹകരിച്ച് ജീവിതം നയിക്കണം.

നീഡർ ബേയേൺ ജില്ലാ ഭരണകൂടത്തിന്റെ തലവൻ മിസ്റ്റർ ഹീൻസ് ഗ്രൺവാൾഡ് തുടർന്ന് സദസ്യരെ അഭിമുഖീകരിച്ച് സംസാരിച്ചു:

സമാദരണീയരായ ഖലീഫത്തുൽ മസീഹ്, കഴിഞ്ഞ 20 വർഷത്തിലേറെയായി അഹ്മദിയ്യാ മുസ്ലിം ജമാഅത്തിനെ കുറിച്ച് എനിക്കറിയാം. ബേയേൺ സംസ്ഥാന ഭരണകൂടത്തിൽ വൈദേശിക വ്യക്തികൾക്കുവേണ്ടി പ്രവർത്തിക്കുന്ന ആളാണ് ഞാൻ. അഹ്മദീ മുസ്ലിമീങ്ങളുടെ മാതൃക എനിക്കറിയാം. ഇതര സംഘടനകളിൽനിന്ന് തികച്ചും വ്യത്യസ്തരാണ് അവർ. വളരെ മൂല്യവത്തായ ദൃഷ്ടിയോടെ എന്നും ഞാൻ ജമാഅത്തിനെ നോക്കിക്കാണുന്നു. ഉദ്ഗ്രഥനവുമായി ബന്ധപ്പെട്ട് നമുക്ക് ഇപ്പോഴും കൂടുതൽ പ്രവർത്തിക്കാൻ സാധിക്കും. ഇത് എത്രമാത്രം ദുഷ്കരമായ ദൗത്യമാണെന്ന് എനിക്കറിയാം. നിങ്ങൾ തികച്ചും ഞങ്ങളെപോലെ ആകണമെന്ന് ഞങ്ങൾ പറയില്ല. നിങ്ങളുടെ ജമാഅത്ത് സമൂലമായും തുറന്ന മനഃസ്ഥിതിയുള്ള സംഘടനയാണ്. എല്ലാവരോടുമൊപ്പം ചേർന്ന് നിങ്ങൾ ജീവിക്കുന്നു. നിങ്ങളോടൊപ്പം വർത്തമാനവും വളരെ സരളമാണ്. 35000-ൽ അധികം അംഗങ്ങൾ നിങ്ങൾക്ക് ജർമനിയിലുണ്ട്. ഞാൻ നിങ്ങളുടെ ഭാവിക്കുവേണ്ടിയും പ്രാർഥിക്കുന്നു. നിങ്ങൾ വ്യാപിക്കുമാറാകട്ടെ, പുഷ്പിക്കുമാറാകട്ടെ, ഫലദായകരാകുമാറാകട്ടെ.

ഫ്രീസിംഗ് പട്ടണത്തിന്റെ ലോർഡ് മേയർ മിസ്റ്റർ ടോബിയസ് എഷൻബാച്ചർ സദസ്യരെ അഭിമുഖീകരിച്ചു സംസാരിച്ചു:സമാദരണീയരായ ഖലീഫത്തുൽ മസീഹ്, അങ്ങയുടെ അടുക്കൽ സാന്നിധ്യം അറിയിക്കാൻ കഴിഞ്ഞതിൽ ഞാൻ വളരെ സന്തോഷിക്കുന്നു. ഫ്രീസിംഗ് പട്ടണത്തിന്റെ ഭാഗത്തുനിന്നുള്ള മംഗളാശംസകൾ ഞാൻ നേരുന്നു. ഈ മസ്ജിദ് കേവലം ന്യൂഫാഹൻ പ്രദേശത്തിന്റെ മാത്രമല്ല, പ്രത്യുത ഞങ്ങളുടെ പ്രദേശത്തിന്റേതുമാണ്. നമ്മുടെ പ്രദേശത്തുനിന്ന് ആളുകൾ ഇവിടെ വരും.

പരസ്പരം അറിയാത്ത മനുഷ്യർ പരസ്പരം ഭയപ്പെടുന്നു. പ്രത്യക്ഷ സംഭാഷണത്തിലൂടെ ഈ പ്രശ്നം പരിഹരിക്കരിക്കപ്പെടുന്നു. അങ്ങ് അങ്ങയുടെ മതത്തെ വെളിപ്പെടുത്തുന്നു. അങ്ങയുടെ സമാധാന സന്ദേശമെത്തിക്കുന്നു. നഗരത്തിൽ വൃക്ഷത്തൈകൾ നടന്നു. ശ്രമദാനം നടത്തുന്നു. സേവനം ചെയ്യാനും സഹകരിച്ച് പ്രവർത്തിക്കാനും ആഗ്രഹിക്കുന്നുവെന്ന് വെളിപ്പെടുത്തുന്ന കാര്യങ്ങളാണിതെല്ലാം.

പുതിയ മസ്ജിദുമായി ബന്ധപ്പെട്ട് മംഗളാശംസകൾ നേരുന്നു. ദൈവികാനുഗ്രഹം നിങ്ങൾക്കൊപ്പം ഉണ്ടായിരിക്കുമാറാകട്ടെ. ദൈവത്തിന്റെ സമാധാനം നിങ്ങൾക്കുമേൽ ഉണ്ടാകുമാറാകട്ടെ.

ജർമൻ നാഷണൽ പാർലമെന്റിലെ അസംബ്ലി അംഗം മിസ്റ്റർ എൻറിച്ച് ഇറിസ്റ്റാഫർ സദസ്യരെ അഭിമുഖീകരിച്ചു:

സമാദരണീയരായ ഖലീഫത്തുൽ മസീഹ്, ഇന്ന് ഈ പരിപാടിയുടെ ഭാഗമായിക്കൊണ്ട് ഞാൻ നിങ്ങൾക്കെല്ലാവർക്കും നന്ദി പറയുന്നു. വളരെ ഊഷ്മളമായ സ്വീകരണമാണ് നിങ്ങൾ നല്കിയത്. നിങ്ങളുടെ ജമാഅത്ത് കഴിഞ്ഞ 90 വർഷമായി ഇവിടെ ജർമനിയിൽ പ്രവർത്തിക്കുന്നു. ഇപ്പോഴിവിടെ ജർമനിയിൽ നിങ്ങൾക്ക് 225 ശാഖാ ജമാഅത്തുകളുണ്ട്. കഴിഞ്ഞ 30 വർഷമായി ബേയേൺ സംസ്ഥാനത്ത് ഞാനുണ്ട്. ബേയേൺ സംസ്ഥാനത്തിന്റെ ഹൃത്തടത്തിൽ നിങ്ങൾ പ്രവേശിച്ചിരിക്കുന്നു. ഈ സംസ്ഥാനത്തിന്റെ സവിശേഷ ടൈപോലും നിങ്ങൾ ധരിച്ചിരിക്കുന്നു. എനിക്കതിൽ സന്തോഷമുണ്ട്. വാക്കുകൾകൊണ്ടുമാത്രം നമ്മൾ ജീവിക്കുരുത്, പ്രത്യുത പരസ്പരമുള്ള സുഹൃത് ജീവിതത്തെ ജീവസ്സുറ്റതാക്കണം. നമ്മുടെ സംസ്ഥാനത്ത് സ്ഥിതിചെയ്യുന്ന നിങ്ങളുടെ ഈ മസ്ജിദിൽ നമുക്ക് അഭിമാനമുണ്ട്. ഇവിടെ നിങ്ങൾ സമാധാനത്തോടെ താമസിക്കുക. ശാന്തിയോടെ ജീവിതം നയിക്കുക. ഞാൻ നിങ്ങൾക്കുവേണ്ടി ദൈവത്തിന്റെ ഐശ്വര്യവും ശാന്തിയും ലഭിക്കാൻ പ്രാർഥിക്കുന്നു.

യൂ.എന്നിലെ സമാധാനത്തിനുവേണ്ടിയുള്ള അംബാസഡർ പ്രൊഫസർ ഡോക്ടർ ഹീനർ ബീലെഫെഡ് തുടർന്ന് സദസ്സിനെ സംബോധന ചെയ്തു: ഈ പരിപാടിയിൽ പങ്കെടുത്തുകൊണ്ട് ഞാൻ വളരെയധികം സൗഭാഗ്യവാനായി. യൂ.എന്നിലെ മതസ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സംഘടനാംഗം എന്ന നിലയിൽ നിർലോഭം ഞാൻ തുറന്നു പറയാനാഗ്രഹിക്കുന്നു, ഇന്ന് ലോകത്ത് ഏറ്റവുമധികം ബുദ്ധിമുട്ടിക്കപ്പെടുന്നത് അഹ്മദിയ്യാ മുസ്ലിം സമൂഹമാണ്. നമ്മുടെ ഒരു പരിപാടിയും അഹ്മദിയ്യാ മുസ്ലിം സമൂഹത്തിന്റെ സ്മരണ കൂടാതെ പൂർണമാകുകയില്ല. പാക്കിസ്താനെ കൂടാതെ മറ്റു രാജ്യങ്ങളിലും അഹ്മദിയ്യാ ജമാഅത്തിന്റെമേൽ അതിക്രമം നടക്കുന്നു. ബംഗ്ലാദേശിലും ഇന്തൊനേഷ്യയിലും മറ്റു രാജ്യങ്ങളിലും ഖസാഖിസ്താനിലും അഹ്മദിയ്യാ ജമാഅത്തിന് വളരെയധികം പ്രയാസങ്ങളും ബുദ്ധിമുട്ടും നേരിടേണ്ടി വരുന്നുണ്ട്.

അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് വളരെ വലിയ വിജയങ്ങൾ കരസ്ഥമാക്കുന്നു. മതപരമായ സ്വാതന്ത്ര്യത്തിനുവേണ്ടി ജമാഅത്ത് വളരെയധികം ശ്രമങ്ങൾ നടത്തുന്നു. യൂറോപ്യൻ പാർലമെന്റിൽ നിങ്ങൾക്ക് ലഭിച്ച വിജയം വളരെ പ്രയോജനപ്രദമായി. അസൈലം വിഷയത്തിലും നിങ്ങൾ നല്ല ശ്രമം നടത്തുന്നു. അഭയം തേടിയെത്തുന്നവർക്ക് ഇത് ഫലദായകമാകും. തന്റെ മതത്തെ രഹസ്യമാക്കി വെക്കുന്ന ഏതൊരു വ്യക്തിക്കും അഭയം നല്കപ്പെടേണ്ടതാണ്. ഈ പ്രവർത്തികൾ ചെയ്തു കാണിച്ച സംഘടനയാണ് അഹ്മദിയ്യാ ജമാഅത്ത്.

യു. എൻ. ഒ യുടെ മനുഷ്യാവകാശ നിയമങ്ങളിൽ സ്വന്തംമതം മാറുന്നതിനുള്ള അനുവാദം നല്കുന്ന ഭാഗവുമുണ്ട്.

സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ സാഹിബ് പാക്കിസ്താന്റെ വിദേശകാര്യമന്ത്രി ആയിരുന്നപ്പോൾ പാക്കിസ്താനിൽ മതസ്വാതന്ത്ര്യത്തിന്റെ കാലഘട്ടമായിരുന്നു. ഇന്നാളുകളിൽ പാക്കിസ്താന്റെ അനന്തരാവകാശ സ്വത്ത് ഏകാധിപത്യവും തീവ്രവാദവമാണെന്ന് തോന്നുന്നു.

സിയറാലിയോണിൽ ഞാൻ നിങ്ങളുടെ സ്കൂൾ കണ്ടിട്ടുണ്ട്. അവിടുത്തെ ജനങ്ങൾക്ക് ജമാഅത്ത് വളരെ സേവനം ചെയ്തു വരുന്നു. ഖേദകരമായ കാര്യമാണ് പാക്കിസ്താനിൽ നിങ്ങൾ എതിർക്കപ്പെടുന്നു എന്നത്. എന്നാൽ, സന്തോഷാവസരങ്ങളും നിങ്ങൾക്ക് ലഭിക്കുന്നു. ഇന്ന് ഈ മസ്ജിദിന്റെ ഉദ്ഘാടനം നടക്കുന്നു. ഇതു കൂടാതെയും അവസരങ്ങൾ വരാറുണ്ട്.

തുടർന്ന് 6.45-ന് ഹുദൂർ അനുഗ്രഹഭാഷണം

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail badarmalayalam@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-9 Thursday 06 June 2024 Issue-23

MANAGER
Sheik Mujahid

Mobile: 91 9915379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 600/- (Per Issue : Rs. 12.00/-) (**WEIGHT** - 20-50 gms/issue)

നടത്തി.

**മസ്ജിദുൽമഹ്ദി ന്യൂഫാഹൻ ഉദ്ഘാടനം**

*ഹുദൂറിന്റെ ഉദ്ഘാടന പ്രഭാഷണം*

തശഹ്ഹുദ് തഅവ്വുദ് തസ്മിയ എന്നിവക്കു ശേഷം ഹുദൂർ പറഞ്ഞു:പ്രാഥമികമായി ഞാൻ നിങ്ങൾക്കെല്ലാവർക്കും നന്ദി പറയുകയാണ്. ഞങ്ങളുടെ മസ്ജിദുദ്ഘാടന പരിപാടിയിൽ നിങ്ങളുടെയെല്ലാം സാന്നിധ്യമുണ്ടായി. മുമ്പേ ഇവിടെ ഒരു സെന്ററുണ്ടായിരുന്നെങ്കിലും മസ്ജിദിന്റെ രൂപത്തിൽ ഔദ്യോഗിമായി അതു മാറി. ഇത് പൊതുവെ മുസ്‌ലിമീങ്ങളുടെ മസ്ജിദ് എന്ന് പറയപ്പെടുന്നു. അല്ലാഹുവിനെ ആരാധിക്കാൻ ഒരു സ്ഥലത്ത് ഒരുമിച്ചുകൂടുക എന്നതാണ് മസ്ജിദുകളുടെ ഉദ്ദേശ്യം. അല്ലാഹുവിനെ യഥാർഥമായ നിലയിൽ ആരാധിക്കുന്നവർ കേവലം അതുമാത്രം ചെയ്യുന്നവരല്ല. പ്രത്യുത, അവന്റെ കൽപ്പനകൾക്കനുസരിച്ച് പ്രവർത്തിക്കുന്നവരുമാണ്. അല്ലാഹുവിന്റെ കൽപ്പനകളിലേറ്റവും ശ്രേഷ്ഠമായത് തന്റെ സ്നേഹിതർക്കും സഹോദരങ്ങൾക്കും മറ്റു മനുഷ്യർക്കും സേവനം ചെയ്യുകയോ അവരുടെ വികാരങ്ങളെക്കുറിച്ചുള്ള വിചാരം പുലർത്തുകയോ മാത്രമല്ല, പ്രത്യുത, നമ്മുടെ ചുറ്റുപാടിലും നഗരത്തിലും രാജ്യത്തിലും ലോകത്താകമാനവും പരസ്പര സ്നേഹവും സാഹോദര്യവും സമാധാനവും സ്ഥാപിതമാക്കുക എന്നതുമാണ്.

അഹ്മദിയ്യജമാഅത്ത് സൃഷ്ടി സേവനം നടത്തുന്നതായി ഇവിടെ സ്മരിക്കുകയുണ്ടായി. ഈ സൃഷ്ടിസേവന പ്രവർത്തന രീതി ഇങ്ങനെയാണ്: ഖുദ്ദാമുൽഅഹ്മദിയ്യ എന്ന് വിളിക്കപ്പെടുന്ന നമ്മുടെ യുവാക്കൾ വർഷാരംഭത്തിൽ നഗരങ്ങൾ ശുചീകരിക്കുന്നു. പുതുവർഷം ആരംഭിക്കുമ്പോൾ ഓരോ വ്യക്തിയും ഈ രാജ്യത്ത് താമസിക്കുന്ന ഓരോ പൗരനും അല്ലെങ്കിൽ ലോകത്തുള്ള ഏതു രാജ്യത്താണെങ്കിലും നഗരത്തിൽ താമസിക്കുന്നവർ സ്വന്തം നാടിനെ വൃത്തിയോടെ കാണട്ടെ എന്ന ലക്ഷ്യത്തോടെയാണ് ഇതുചെയ്യുന്നത്. അഹ്മദിയ്യജമാഅത്തിൽ സവിശേഷമായി കാണപ്പെടുന്ന ഐക്യത്തിന്റെ അടയാളമാണിത്. ലോകത്ത് ഓരോ സ്ഥലത്തും പ്രവർത്തിക്കുമ്പോൾ ഒരു സ്ഥലത്ത് ഒരു രീതിയിൽ, വേറൊരിടത്ത് വേറൊരുരീതിയിൽ ഇങ്ങനെയല്ല നമ്മൾ പ്രവർത്തിക്കുന്നത്. എല്ലായിടത്തും ഒരേ രീതിയിലാണ് പ്രവർത്തിക്കുന്നത്. ലോകത്തിന്റെ ഓരോ മൂലയിലും സൃഷ്ടിസേവന പ്രവർത്തനങ്ങൾ നടന്നുവരുന്നു. മാനുഷിക സേവന കാര്യമാണെങ്കിലും അതെല്ലാ സ്ഥലത്തും നടന്നു വരുന്നു. മനുഷ്യരെ പരസ്പരം അടുപ്പിക്കുന്നതിനുള്ള മഹനീയമായ പ്രവൃത്തിയും നമ്മൾ ചെയ്തു വരുന്നു. ലോകത്ത് ധാരാളം ഗോത്രങ്ങളുണ്ട്. വളരെയധികം ജനതതികളുണ്ട്., മതങ്ങളുണ്ട്. ദൈവത്തെ അംഗീകരിക്കാത്തവരും ഇപ്പോൾ ധാരാളമുണ്ട്. എന്നാൽ, ഇവരെയെല്ലാം ഒരു സ്ഥലത്ത് ഒരുമിച്ചുകൂട്ടുക എന്നത്, ഒരു സ്ഥലത്ത് നിരത്തുകയെന്നത്, പരസ്പരം അടുപ്പിച്ചുകൊണ്ടു വരികയെന്നത് നമ്മുടെ നിർബന്ധ കടമയാണ്. അതുകൊണ്ട് നമ്മൾ സർവമത സമ്മേളനങ്ങളും നടത്തുന്നു. എല്ലാവർക്കും വരാനും സ്വന്തം മതത്തെ കുറിച്ച് നല്ല കാര്യം വിവരിക്കാനും അവസരം കൈവരുന്നു.

ബ്രിട്ടൻ അഹ്മദിയ്യ ജമാഅത്തിന്റെ നൂറാം വാർഷികത്തിന്റെ ഭാഗമായി ഈയടുത്ത് പുരാതനവും പ്രസിദ്ധവുമായ ഗിൽഡ് ഹാളിൽ ഒരു പരിപാടി സംഘടിപ്പിച്ചിരുന്നു. വിവിധ മതാനുയായികളെ ഈ പരിപാടിയിൽ ക്ഷണിച്ചിരുന്നു. ഇസ്രയേലിൽനിന്നുള്ള റബ്ബാനിയും വന്നിരുന്നു. ചർച്ചിന്റെ പ്രതിനിധികളുമുണ്ടായിരുന്നു. മിഡിൽ ഈസ്റ്റിലുള്ള ചില പുരാതന മതാനുയായികളും ഹാജരായിരുന്നു. വിവിധ രാഷ്ട്രീയക്കാരുടേയും സാന്നിധ്യമുണ്ടായിരുന്നു. അവിടെ ഇസ്‌ലാമിന്റെ അധ്യാപനങ്ങളെ കുറിച്ച് വിവരിക്കാൻ എനിക്കും അവസരം ലഭിച്ചിരുന്നു. ഓരോ മതാനുയായിയും താന്താങ്ങളുടെ നല്ല അധ്യാപനങ്ങൾ സമർപ്പിച്ചു. വളരെ സുന്ദരമായ അന്തരീക്ഷത്തിൽ സമാധാന പൂരിതമായ ചുറ്റുപാടിൽ സമംഗളം എല്ലാ പരിപാടിയും നടന്നു. ഏകദേശം ആയിരത്തോളം വരുന്ന അമുസ്‌ലിമീങ്ങൾ ഈ പരിപാടിയുടെ ഭാഗമായി. അവർ ശാന്തനിർഭരമായും സന്തോഷത്തോടുകൂടിയും എല്ലാ പരിപാടിയും ശ്രവിച്ചു. അഹ്മദിയ്യജമാഅത്തിന്റെ ഈ മാതൃക ലോകത്ത് എല്ലായിടത്തുമുണ്ട്. പരസ്പരം മനസ്സിലാക്കാനുള്ള ചുറ്റുപാടുണ്ടാകാനാണിത്. മതം ഓരോരുത്തരുടേയും ഹൃദയവുമായി ബന്ധപ്പെട്ടു കിടക്കുന്ന കാര്യമാണ്. മതത്തിൽ ഒരുവിധ നിർബന്ധവുമില്ലെന്ന് വിശുദ്ധ ഖുർആൻ പറയുന്നു. നിർബന്ധമില്ലെങ്കിൽപ്പിന്നെ ആർക്കെതിരേയും നമുക്ക് വെറുപ്പിനുള്ള അവകാശമില്ല. ഏതു കാര്യത്തെ നല്ലതെന്ന് മനസ്സിലാക്കുന്നുവോ അത് സ്വീകരിക്കാനുള്ള അവകാശം എനിക്കുണ്ട്. ഏതൊരു മതം നല്ലതെന്ന് കരുതുന്നുവോ അത് സ്വീകരിക്കാനുള്ള അവകാശം നിങ്ങൾക്കുമുണ്ട്. അത് പ്രകടിപ്പിക്കാനുള്ള അവകാശവുമുണ്ട്. ഈ ചിന്ത ഉണ്ടാകുമ്പോൾ മനുഷ്യർ മനുഷ്യത്വത്തിന്റെ മൂല്യങ്ങളിൽ ശ്രദ്ധിക്കുന്നു. പരസ്പരം നഷ്ടം വരുത്താൻ ഒരുമ്പിടുന്നില്ല. മാനുഷിക മൂല്യങ്ങൾ ഇതുതന്നെയാണ്. നമ്മൾ പരസ്പരം മനുഷ്യർ എന്ന നിലയിൽ സഹോദരന്മാരാണ്. പരസ്പരം നല്ല ബന്ധങ്ങളുണ്ടാകേണ്ടതാണ്. അയൽ വാസി ഏറ്റവുമടുത്ത ബന്ധമുള്ളവനാണ്. ഈയടിസ്ഥാനത്തിൽ ഞാൻ അയൽവാസികൾക്കും നന്ദി പറയുകയാണ്. ഇവിടെ മുമ്പേയുണ്ടായിരുന്ന സെന്ററും ഇപ്പോൾ നിർമിതമായ മസ്ജിദും അയൽവാസികളുടെ സഹകരണം ഇല്ലായിരുന്നെങ്കിൽ മസ്ജിദിന്റെ രൂപത്തിൽ ആകുമായിരുന്നില്ല. ഇസ്‌ലാംമത സ്ഥാപകർ പറയുന്നു:അല്ലാഹു എന്നോടു അയൽവാസികളോടുള്ള കടമകളെ കുറിച്ച് എത്രമാത്രം ശക്തി ചെലുത്തി പറയുന്നുവെന്നാൽ അവരേയും അനന്തരാവകാശ സ്വത്തിലും അവകാശികളാക്കുമോ എന്ന വിചാരം പോലും എന്നിലുണ്ടായി. നമ്മുടെ ദൃഷ്ടിയിൽ അയൽവാസിയുടെ സ്ഥാനം സ്വന്തം പ്രിയപ്പെട്ടവരുടേയും അടുത്ത ബന്ധുക്കളുടേയും സ്ഥാനമാണ്. പ്രസ്തുത അവകാശങ്ങളുള്ളപ്പോൾ, അവയെക്കുറിച്ചുള്ള അവബോധമുള്ളപ്പോൾ നമ്മളേതെങ്കിലും അയൽവാസിയെ ബുദ്ധിമുട്ടിക്കുകയെന്നത് സംഭാവ്യമേയല്ല. നമ്മൾ അയൽവാസികളുടെ ബുദ്ധിമുട്ടുകളെ അകറ്റുന്നവരായിരിക്കണം. നമ്മെ സംബന്ധിച്ച് തെറ്റുധാരണയുള്ളവർ നമുക്കെതിരിൽ ചെറുതാണെങ്കിലും പ്രക്ഷോഭം നടത്തുന്നതായി ഇവിടെ ഒരു പ്രഭാഷകൻ സൂചിപ്പിച്ചതായി എനിക്കു വിവരം കിട്ടി. നമ്മോടൊപ്പമുണ്ടെന്ന സന്ദേശവുമായി ചില അനുകമ്പ പുലർത്തുന്നവർ ഇന്നലെയോ മിനയാന്നോ എന്റെയടുക്കലും വന്നിരുന്നു. അതായത് തദ്ദേശീരായ ചില അമുസ്‌ലിമീങ്ങൾ നമ്മോടൊപ്പമുണ്ടെന്ന് പറഞ്ഞിരുന്നു.(തുടരും)

(അവലംബം ബദ്ർ ഉർദു 17–24 ജൂലായ് 2014)

---

**(പേജ് 1 ൽനിന്ന്)**

ലി(റ) എന്നിവർ ജനിച്ചു. എന്നല്ല ആയിരക്കണക്കിനാളുകൾ ജനിച്ചു. അവരിൽ ത്വൽഹായെ(റ) പോലുള്ളവർ ജനിച്ചു. അവരിൽ സുബയ്ർ(റ) നെപോലുള്ളവർ ജനിച്ചു. അവരിൽ അബ്ദുർറഹ്മാൻ ബിൻ ഔഫിനെ(റ)പോലുള്ളവർ ജനിച്ചു. അവരിൽ അബൂഉബയ്ദയെ പോലുള്ളവർ ജനിച്ചു. അവരിൽ സഅ്ദിനെപ്പോലുള്ളവരും(റ) സയീദിനെപ്പോലുള്ളവരും(റ)ജനിച്ചു. അവരിൽ ഉഥ്മാൻ ബിൻ മള്ഊനെ പോലുള്ളവർ ജനിച്ചു. അല്ലാഹുവിന്റെ നാമം പ്രകാശിപ്പിക്കുന്നതിന് തങ്ങളുടെ വികാരങ്ങളെ ത്യാഗം ചെയ്തവരായിരുന്നു ഇവർ. അങ്ങനെ അവരിലോരോരുത്തരും ജീവിക്കുന്ന ഇബ്റാഹീമുമാരായിത്തീർന്നു. നബി(സ)തിരുമേനി ഇബ്റാഹീമിന്റെ(അ)സന്താനപരമ്പരയിൽപ്പെട്ട ആളായിരുന്നുവെന്നതിൽ സംശയമൊന്നുമില്ല. എന്നാൽ, നബി(സ)തിരുമേനി അബൂഇബ്റാഹീമുമായിരുന്നുവെന്നതിലും സംശയമൊന്നുമില്ല. നബി(സ)തിരുമേനിയുടെ പരിശുദ്ധ ശക്തികൊണ്ട് അവിടത്തെ ആത്മീയ സന്താനങ്ങളിൽ ആയിരക്കണക്കിന് ഇബ്റാഹീമുമാരാണ് ജനിച്ചത്. അവർ ലോകത്തിനു മുമ്പിൽ ഹദ്റത്ത് ഇബ്റാഹീം(അ)അവതരിപ്പിച്ച അതേ ദൃശ്യം അവതരിപ്പിച്ചു. ചുരുക്കത്തിൽ അല്ലാഹു ഹദ്റത്ത് ഇസ്മായീൽ(അ)നെ മക്കയിൽ അയച്ചപ്പോൾ യഥാർഥത്തിൽ അത് നബി(സ)തിരുമേനിയുടെ ആഗമനത്തിന്റെ തയ്യാറെടുപ്പായിരുന്നു. അല്ലാഹു അദ്ദേഹത്തോടു പറഞ്ഞു:നീ എന്റെ ഭവനം തയ്യാറാക്കുക. കാരണം നമ്മുടെ പ്രിയപ്പെട്ടവനും നമ്മുടെ അവസാനത്തെ ശരീഅത്തുവാഹിയായ റസൂലും ലോകത്തിറങ്ങാൻ പോകുകയാണ്. നീ ഇന്നുമുതൽത്തന്നെ നമ്മുടെ പ്രിയപ്പെട്ടവന്റെ ആഗമനത്തിനുള്ള തയ്യാറെടുപ്പിൽ മുഴുകുക. ഇന്നുമുതൽത്തന്നെ എന്റെ പ്രിയപ്പെട്ടവന് അബൂബക്റിനെ നല്കാനുള്ള സന്താനങ്ങളെ ജനിപ്പിക്കുക. എന്റെ പ്രിയപ്പെട്ടവന് ഉമറിനെ നല്കുന്ന, എന്റെ പ്രിയപ്പെട്ടവന് ഉഥ്മാനെ നല്കുന്ന, എന്റെ പ്രിയപ്പെട്ടവന് അലിയെ നല്കുന്ന, എന്റെ പ്രിയപ്പെട്ടവന് ത്വൽഹ, സുബയ്ർ, ഹംസ. അബ്ബാസ് എന്നിവരെ നല്കുന്ന സന്താനങ്ങളെ ജനിപ്പിക്കുക. ഇപ്രകാരം മറ്റുള്ള നൂറുക്കണക്കിന് സ്വഹാബത്തിനെ അദ്ദേഹത്തിന്റെ സന്നിധിയിൽ കാണിക്ക എന്ന നിലയിൽ സമർപിക്കുക. ഈ ഉള്ളടക്കമാണ് ത്വഹ്ഹിർ ബയ്ത്തിയ ലിത്ത്വാഇഫീന വൽഖാഇമീന വർറക്കയിസ്സുജൂദിന്റേത്. ഇല്ലെങ്കിൽ ബാഹ്യമായ അർഥത്തിൽ മക്കക്കാർ ഹദ്റത്ത് ഇസ്മായീലിനുശേഷം ദീനിന്റെ ഒരു നല്ല മാതൃകയും കാണിച്ചിട്ടില്ല. കാരണം ഈ പ്രവചനത്തിന്റെ വെളിപ്പെടൽ നബി(സ)തിരുമേനിയുടെ കാലം മുതലാണ് ആരംഭിക്കേണ്ടിയിരുന്നത്. അതുകൊണ്ട് നബി(സ)തിരുമേനിയുടെ ദീനിന് സേവനം ചെയ്യുന്ന സന്താനങ്ങളെ തയ്യാറാക്കുന്നതിനും അവർ തങ്ങളെ അല്ലാഹുവിന്റെ പ്രതാപത്തെ പ്രകടിപ്പിക്കുന്നതിനുവേണ്ടി ആത്മസമർപണം ചെയ്യുന്നതിനും അല്ലാഹു ഹദ്റത്ത് ഇസ്മായീൽ(അ)നെ മക്കയിൽകൊണ്ടുവന്ന് വെച്ചു.(തഫ്സീറെ കബീർ, വാള്യം 6, പേജ് 2,2010 പതിപ്പ് ഖാദിയാൻ)

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin